# സാന്ത്വനപ്രകാശം

പാലാ രൂപത ബുള്ളറ്റിൻ



Vol. LXXII December 2022 No. 12



2022 നവംബർ 21 ന് പാലാ കത്തീഡ്രലിൽ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ
36–ാം ചരമവാർഷികദിനത്തിൽ അഭിവന്ദ്യപിതാക്കന്മാർ
ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുന്നു.



എസ്.എം.വൈ.എം. യുവജനദിന സമ്മേളനോദ്ഘാടനം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് അരുവിത്തുറയിൽ നിർവ്വഹിക്കുന്നു.

# EPARCHY OF PALAI
## 2022-23



# Priestly Ordination & Holy Qurbana



Dear.............

With profound joy and immense gratitude to God, while acknowledging your share in leading us to the Holy Altar of the Lord, we together with our Bishop, Bishop Emeritus, cordially invite you to our Priestly Ordinations and Holy Qurbana in our respective parishes. Bless us by your prayer and presence on these gracious occasions.

With love and prayers,
Ordinandi



St. Joseph's Church Anthinad
Dn. Kuzhivelithadathil Joseph (Joyal) 6282360658
Dec. 26 Mon. 9:15 am



St. John the Baptist Church, Thuruthipally
Dn. Alappattu Kottayil Sebastian 9061534051
Dec. 26 Mon. 2:15 pm



St. Mary's Church Yendayar
Dn. Njaralakkattu Antony (Tony) 8590359182
Dec. 27 Tue. 9:15 am



St. Mary's Church Poovakulam
Dn. Thannimalayil Thomas (Prince) 8547144922
Dec. 28 Wed. 9:15 am



St. John's Church Amparanirappel
Dn. Kaniyampady Mathew (Clinto) 9188372640
Dec. 28 Wed. 2:15 pm



St. Mary's Church Edadu
Dn. Kolliyil Antony (Antu) 8547804820
Dec. 29 Thu. 9:15 am



St. Joseph's Church Choondachery
Dn. Attuchalil Joseph (Jino) 6282769660
Dec. 30 Fri. 9:15 am



XII Apostles' Church Chemmalamattom
Dn. Tharappel George 9544417522
Dec. 31 Sat. 9:15 am



St. Mary's Forane Church, Poonjar
Dn. Mookkenthottathil Joseph (Josephin) 9446811314
Dec. 31 Sat. 2:15 pm



St. Mary's Catholic Church, Mulakulam
Dn. Periyappurathu Abraham (Justin) 6238020301
Jan. 1 Sun. 2:15 pm



St. Mary's Catholic Church, Mulakulam
Dn. Peringamalayil Issac (Freddy) 6282936613
Jan. 1 Sun. 2:15 pm



St. Alphonsa Church Alphonsagiri
Dn. Attangattil Joseph (Joji) 9847712743
Jan. 2 Mon. 9:15 am



Sacred Heart Church, Ullanad
Dn. Vazheparambil Zacharia (Anoop) 9495708542
Jan. 2 Mon. 2:15 pm



St. Joseph's Church Koodalloor
Dn. Kattipparampil Thomas (Tom) 9645660606
Jan. 3 Tue. 2:15 pm



St. John Nepumcian's Church, Kozhuvanal
Dn. Choorackal Joseph (Nithin) 9946375253
Jan. 4 Wed. 9:15 am



St. John the Baptist Church, Ezhacherry
Dn. Naduvilekoot Michael (Rony) 7559910284
Jan. 5 Thu. 9:15 am



അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന പാലാ രൂപത പതിമൂന്നാമത് പാസ്റ്ററൽ കൗൺസിൽ സമ്മേളനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.



അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രവർത്തനമാരംഭിച്ച നവീകരിച്ച ബിഷപ് വയലിൽ ലൈബ്രറിയുടെ വെഞ്ചരിപ്പുകർമത്തിൽനിന്ന്





"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപത ബുള്ളറ്റിൻ

**DECEMBER 2022**
**Vol. LXXII No. 12**

# CONTENTS


ഇടയലേഖനം - 70 ........................................................ 909

ഇടയലേഖനം - 71 ........................................................ 914

കെ.സി.ബി.സി. സർക്കുലർ ............................................... 921

സർക്കുലർ - 308 ........................................................ 927

സർക്കുലർ - 309 ........................................................ 930

അറിയിപ്പ് ................................................................. 931

Transfer & Appointments .................................. 931

Collection List ................................................ 938

അറിയിപ്പുകൾ ............................................................ 944

വാർത്തകൾ ............................................................... 948

ആദരാഞ്ജലികൾ ........................................................ 986

അഭിവന്ദ്യ പിതാവിന്റെ ഡയറി ........................................ 990

**ഇടയലേഖനം - 70**

# ചെറുപുഷ്പ മിഷൻലീഗ് (CML) 75 പ്രവർത്തനവർഷങ്ങൾ പൂർത്തിയാക്കുന്നു

**മാർ ജോസഫ് കല്ലറങ്ങാട്ട്**

**രൂപതയിലെ വൈദികർക്കും സന്ന്യാസിനീ സന്ന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്.**

**നമ്മുടെ കർത്താവീശോമിശിഹായിൽനിന്ന് കൃപയും സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ.**

മിശിഹായിൽ സ്നേഹം നിറഞ്ഞ സഹോദരീസഹോദരന്മാരേ,

സഭ സ്വഭാവത്താലേ പ്രേഷിതയായതിനാൽ ദൈവജനം മുഴുവനും പ്രേഷിതരാണ്. എല്ലാവരും സുവിശേഷം അറിയണമെന്നും രക്ഷ സ്വന്തമാക്കണമെന്നുമുള്ളത് ദൈവത്തിന്റെ ഇഷ്ടമാണ്. സഭ നിരന്തരം പ്രാർത്ഥിക്കുന്നതും ഇതുതന്നെയാണ്: "കർത്താവേ, അങ്ങുമാത്രമാണ് സത്യത്തിന്റെ പിതാവായ ദൈവമെന്ന് എല്ലാ മനുഷ്യരും അറിയണമെന്നും യഥാർത്ഥജ്ഞാനത്തിലേക്കു തിരിഞ്ഞ് എല്ലാവരും രക്ഷിക്കപ്പെടണമെന്നും അങ്ങ് ആഗ്രഹിക്കുന്നുവല്ലോ" (മാർ തെയദോറിന്റെ കൂദാശക്രമം, നാലാം ഗ്ഹാന്ത). പ്രാരംഭകൂദാശകൾ സ്വീകരിച്ചു രക്ഷയുടെ വാതിൽ കടന്ന് സഭയിൽ അംഗമാകുന്ന ഏതൊരുവനും സഭയുടെ പ്രേഷിതദൗത്യത്തിന്റെ ഭാഗമാകാനുള്ള വിളി കൂടി ഏറ്റെടുക്കുന്നുണ്ട്. അത് ഈശോയിൽനിന്നു ലഭിക്കുന്ന വിളിയാണ്. "ജറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കും" (ശ്ലീഹ. പ്രവ. 1: 8) എന്ന് ഈശോ ശ്ലീഹ

ന്മാരോടു പറഞ്ഞത് അവരോടു മാത്രമായിട്ടല്ല. ഇത്ര വലിയ ദൗത്യം പൂർത്തിയാക്കാൻ അവരെക്കൊണ്ടുമാത്രം സാധിക്കുകയില്ല. ഈശോമിശിഹായുടെ മൗതികശരീരമായ സഭയിലേക്കു ചേർക്കപ്പെടുന്ന ഏതൊരുവനും ശ്ലീഹന്മാർ നിർവ്വഹിച്ച ഈ ദൗത്യത്തിന്റെ തുടർച്ചക്കാരാവുകയാണ്. ഒരു റിലേമത്സരത്തിൽ ബാറ്റൺ കൈമാറുന്നതുപോലെയാണിത്. ഓരോരുത്തരും അവരവരുടെ ഭാഗം വിജയകരമായി ഓടിത്തീർക്കണം. മറ്റൊരാളിലേക്ക് എത്താതെ നമ്മുടെ വിശ്വാസജീവിതം പൂർണ്ണമാവുകയില്ല. അതുപോലെ, “യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും” (മത്തായി 28: 20) എന്ന് ഈശോ പറഞ്ഞത് ശ്ലീഹന്മാരോടു വ്യക്തിപരമായി അരുൾ ചെയ്തതുപോലെയാണെങ്കിലും, അതു സഭ മുഴുവനുമായി ലോകാവസാനംവരെ നൽകപ്പെട്ട വാഗ്ദാനമാണ്. ഈ വാഗ്ദാനം നൽകുന്ന പ്രത്യാശയുടെ ഉറപ്പ് സഭയുടെ പ്രേഷിതപ്രവർത്തനങ്ങൾക്ക് എന്നും ശക്തിയാണ്. നമ്മോടൊത്തു വസിക്കുകയും നമ്മിൽ ആയിരിക്കുകയും ചെയ്യുന്ന പരിശുദ്ധ റൂഹായാൽ (യോഹ.14:17) ഇശോയെപ്പോലെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്ന നല്ല പ്രേഷിതരായി മാറാൻ നമുക്കു സാധിക്കും.

ലോകത്തിലായിരിക്കുമ്പോഴും ലോകത്തിന്റേതാകാതെ ഈശോയുടെ സുവിശേഷമാകുന്ന നവജീവന്റെ വചനം എല്ലാ ജനങ്ങളോടും പ്രസംഗിക്കുന്നതിൽനിന്ന് (ശ്ലീഹ. പ്രവ. 5: 20) ശ്ലീഹന്മാർ വിരമിച്ചില്ല. പരിശുദ്ധ റൂഹായാൽ നിറഞ്ഞ അവരെ സുവിശേഷം അറിയിക്കുന്നതിൽനിന്നു പിന്തിരിപ്പിക്കാൻ യാതൊന്നിനും സാധിച്ചിരുന്നുമില്ല. മറ്റാരിലും രക്ഷയില്ലെന്നും ആകാശത്തിനുകീഴെ മനുഷ്യരുടെയിടയിൽ നമ്മുടെ രക്ഷയ്ക്കുവേണ്ടി ഇശോയെന്നല്ലാതെ മറ്റൊരു നാമവും നല്കപ്പെട്ടിട്ടില്ലായെന്നും (ശ്ലീഹ. പ്രവ. 4:11 -13) ധീരതയോടെ അവർ പ്രഘോഷിച്ചു. അവരുടെ വചനം കേട്ടവർ വിശ്വസിക്കുകയും സഭ അനുദിനം വളരുകയും ചെയ്തുകൊണ്ടിരുന്നു. സുവിശേഷം പ്രസംഗിച്ചതിന്റെ പേരിൽ യഹൂദമത മേലധികാരിക

ളിൽനിന്നു പ്രഹരമേല്ക്കേണ്ടിവന്നപ്പോൾ ഈശോയുടെ നാമത്തെപ്രതി അപമാനം സഹിക്കാൻ യോഗ്യത ലഭിച്ചതിൽ അവർ സന്തോഷിക്കുകയാണു ചെയ്തത്. ഈശോയുടെ നാമത്തിൽ യാതൊന്നും സംസാരിക്കുകയോ പഠിപ്പിക്കുകയോ ചെയ്യരുതെന്ന വിലക്കു വന്നപ്പോൾ തങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ചു സംസാരിക്കാതിരിക്കാൻ തങ്ങൾക്കു സാധ്യമല്ല എന്ന മറുപടിയാണ് ശ്ലീഹന്മാർ നൽകിയത്. "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം" (1 കോറി. 9:16) എന്നാണ് പൗലോസ്ശ്ലീഹാ എഴുതിയിരിക്കുന്നത്. ശ്ലീഹന്മാർക്കുണ്ടായിരുന്ന ഈ ബോധ്യം സഭാതനയർക്കുണ്ടാകുകയും അവർ അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്തെങ്കിൽ മാത്രമേ രക്ഷയുടെ കൂദാശയായി സഭയ്ക്ക് എന്നും നിലനിൽക്കാൻ സാധിക്കുകയുള്ളൂ.

ദൈവത്വത്തിന്റെ പൂർണ്ണത മുഴുവൻ മൂർത്തീഭവിച്ചിരിക്കുന്ന (കൊളോ. 2: 9) ഈശോമിശിഹായെ ശ്ലീഹന്മാരുടെ ധീരതയോടും തീക്ഷ്ണതയോടുംകൂടി ലോകത്തിനു വെളിപ്പെടുത്തിക്കൊടുക്കാൻ അനേകായിരങ്ങളെ പരിശീലിപ്പിച്ച ചെറുപുഷ്പ മിഷൻലീഗ് എന്ന അല്മായപ്രേഷിതസംഘടന 75 പ്രവർത്തനവർഷങ്ങൾ പൂർത്തിയാക്കിയിരിക്കുകയാണ്. ആഗോള മിഷൻ മധ്യസ്ഥയായി പ്രഖ്യാപിക്കപ്പെട്ട വി. കൊച്ചുത്രേസ്യായെ സ്വർഗ്ഗീയമധ്യസ്ഥയായി സ്വീകരിച്ച് അവളുടെ സ്വർഗ്ഗപ്രവേശനത്തിന്റെ സുവർണജൂബിലിയാഘോഷത്തോടനുബന്ധിച്ച് ബഹു. ജോസഫ് മാലിപ്പറമ്പിലച്ചന്റെയും പി.സി. അബ്രാഹം പല്ലാട്ടുകുന്നേൽ എന്ന കുഞ്ഞേട്ടന്റെയും നേതൃത്വത്തിൽ ഭരണങ്ങാനം അൽഫോൻസാ നഗറിൽ 1947 ഒക്ടോബർ മൂന്നാം തീയതി ചേർന്ന സമ്മേളനത്തിൽവച്ച് ചെറുപുഷ്പ മിഷൻലീഗ് ഉദ്ഘാടനം ചെയ്യപ്പെട്ടു. കേവലം ഏഴ് അംഗങ്ങളുള്ള ഒരു സമൂഹമായി ആരംഭിച്ച മിഷൻ ലീഗ് ഇന്ന് ഭാരതത്തിലും ഭാരതത്തിനു വെളിയിലുമായി എണ്ണമറ്റ അംഗങ്ങളുള്ള ഒരു സംഘടനയായി മാറിക്കഴിഞ്ഞിരിക്കുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ കേരളസഭ നടത്തിയ പ്രേഷിതമുന്നേറ്റത്തിനു ചാലകശക്തിയായി നിലകൊണ്ടത് ചെറുപുഷ്പ മിഷൻലീഗാണ്. പ്രാർത്ഥനയിലൂടെയും സംഭാവനയിലൂടെയും സന്മാതൃകയിലൂടെയും ജീവകാരുണ്യപ്രവൃത്തികളിലൂടെയും പ്രേഷിതപ്രവർത്തനങ്ങൾക്കു ശക്തിപകരാൻ സഭാംഗങ്ങളെ ബാല്യം മുതൽ പരിശീലിപ്പിക്കുന്നതിൽ മിഷൻലീഗ് വഹിച്ച പങ്ക് നിസ്തുലമാണ്. അനുദിനപ്രാർഥനകളും സുകൃതഡയറിയിൽ ഉൾപ്പെട്ട പുണ്യപ്രവൃത്തികളും കൃത്യമായി പരിശീലിപ്പിച്ചും വിശുദ്ധരുടെ ജീവിതമാതൃക പരിചയപ്പെടുത്തിയും സംഘടനയിലെ അംഗങ്ങൾക്കു തങ്ങളുടെ ദൈവവിളി തിരിച്ചറിയാനും അതനുസരിച്ചുള്ള ജീവിതദർശനങ്ങൾ രൂപപ്പെടുത്താനും മിഷൻലീഗ് പ്രോത്സാഹനം നൽകുന്നു. കുട്ടികളുടെ ക്രിസ്തീയവ്യക്തിത്വരൂപീകരണത്തിനുതകുന്ന പരിശീലന പദ്ധതികൾ മിഷൻലീഗ് നടത്തുന്നുണ്ട്. സ്നേഹവും ത്യാഗവും സേവനവും സഹനവും ആപ്തവാക്യമാക്കിയ ആയിരക്കണക്കിനു മിഷനറിമാരെ ഒരുക്കി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് അയയ്ക്കാൻ മിഷൻലീഗിനു കഴിഞ്ഞിട്ടുണ്ട്. ഈ പ്രവർത്തനങ്ങളെല്ലാം സഭയുടെ സർവ്വതോമുഖമായ വളർച്ചയ്ക്ക് ആക്കം കൂട്ടുന്നുണ്ട് എന്നതു നിസ്തർക്കമായ കാര്യമാണ്.

സഭയുടെ പ്രേഷിതദൗത്യത്തെപ്പറ്റി സഭാതനയരെ ഇതുപോലെ പഠിപ്പിച്ച മറ്റൊരു സംഘടനയുമില്ല. സഭയുടെ മിഷൻ പ്രവർത്തനങ്ങളെപ്പറ്റിയും മിഷൻ രംഗങ്ങളെപ്പറ്റിയും അറിവു നൽകിയും മിഷനറിമാരാകാൻ എല്ലാവരെയും പ്രചോദിപ്പിച്ചും മിഷൻലീഗ് ഈ മുക്കാൽ നൂറ്റാണ്ടുകാലം പ്രവർത്തിച്ചുവരുന്നു. നമ്മുടെ രൂപതയിലെ ഭരണങ്ങാനത്തു ജന്മമെടുത്ത ഈ സംഘടന 75 പ്രവർത്തനവർഷങ്ങൾ പൂർത്തിയാക്കുന്നതിന്റെ ജൂബിലിയാഘോഷങ്ങളുടെ സംസ്ഥാന തലസമാപനം 2022 ഡിസംബർ 4 ഞായറാഴ്ച ഉച്ചകഴിഞ്ഞ്

1.15 ന് ഭരണങ്ങാനത്തുവച്ചുതന്നെ നടത്തുകയാണ്. അന്നേ ദിവസം നടത്തപ്പെടുന്ന പ്രേഷിതറാലിയിലും പൊതുസമ്മേളനത്തിലും എല്ലാ ഇടവകകളിൽനിന്നുമുള്ള മിഷൻലീഗ് അംഗങ്ങൾ പങ്കെടുക്കണം. കുട്ടികൾ മാത്രമല്ല, വൈദികരും സന്ന്യസ്തരും യുവാക്കളും മുതിർന്നവരുമൊക്കെ അന്നത്തെ പ്രേഷിതറാലിയിൽ പങ്കെടുത്ത് നമ്മുടെ രക്ഷകനും കർത്താവുമായ ഇശോമിശിഹായെ പ്രഘോഷിക്കണം. ചെറുപുഷ്പ മിഷൻ ലീഗിന്റെ രൂപതാസമിതി നൽകുന്ന നിർദേശങ്ങൾക്കനുസരിച്ച് വേണ്ട ക്രമീകരണങ്ങൾ ചെയ്യാൻ എല്ലാവരും ശ്രദ്ധിക്കണം. സഭയുടെ പ്രേഷിതാഭിമുഖ്യം വെളിവാക്കുന്ന വിശുദ്ധ കുർബാനയിലെ പ്രാർത്ഥന എപ്പോഴും നമ്മുടെ മനസ്സിലുണ്ടാകട്ടെ: "കർത്താവായ ദൈവമേ, അങ്ങു മാത്രമാണ് യഥാർഥ പിതാവായ ദൈവമെന്നും അങ്ങയുടെ പ്രിയപുത്രനായ ഇശോമിശിഹായെ അങ്ങ് അയച്ചെന്നും ഭൂവാസികൾ എല്ലാവരും അറിയട്ടെ." (മാർ അദ്ദായി മാർ മാറി എന്നീ ശ്ലീഹന്മാരുടെ കുർബാനക്രമം, നാലാം ഗ്ഹാന്ത).

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 21.11.2022

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

N.B 2022 നവംബർ 27-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും പരിശുദ്ധ കുർബാന അർപ്പണമുള്ള മഠങ്ങളിലും സ്ഥാപനങ്ങളിലും വായിക്കാൻ നല്കപ്പെട്ടത്.

ഇടയലേഖനം - 71

# ബൈബിൾ കൺവെൻഷൻ

മാർ ജോസഫ് കല്ലറങ്ങാട്ട്

**രൂപതയിലെ വൈദികർക്കും സന്ന്യാസിനീ**
**സന്ന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്.**
**നമ്മുടെ കർത്താവീശോമിശിഹായിൽനിന്ന്**
**കൃപയും സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ.**

മിശിഹായിൽ സ്നേഹം നിറഞ്ഞ സഹോദരീസഹോദരന്മാരേ,

'അങ്ങയുടെ വചനങ്ങളുടെ ചുരുളഴിയുമ്പോൾ
പ്രകാശം പരക്കുന്നു' (സങ്കീ 119:130).

അനാദിയിലേ ദൈവത്തോടുകൂടിയായിരുന്നവനും സകലത്തിന്റെയും സൃഷ്ടിക്കു കാരണഭൂതനുമായ ദൈവവചനം (യോഹ 1:1-3) മനുഷ്യാവതാരം ചെയ്തതിന്റെ മഹത്തായ ഓർമ്മ അനുസ്മരിക്കുകയും ആചരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന ക്രിസ്തുമസ് കാലത്തേക്ക് നാം പ്രവേശിക്കുകയാണ്. ക്രിസ്തുമസ്ക്കാലം കേവലം ഒരു പിറവിയുടെ ഓർമയാചരണം മാത്രമല്ല; മറിച്ച്, ഒരു ജനത കാലാകാലങ്ങളായി പ്രതീക്ഷിച്ചിരുന്ന രക്ഷകന്റെ വരവിനെക്കുറിച്ചുള്ള മംഗളവാർത്തയുടെ അനുസ്മരണംകൂടിയാണ്. അതുകൊണ്ടാണ് മിശിഹായുടെ പിറവിത്തിരുനാളിന് ഒരുക്കമായുള്ള ഈ കാലയളവ് ആരാധനക്രമവർഷത്തിൽ മംഗളവാർത്തക്കാലമായി സഭ ആചരിക്കുന്നത്. പ്രപഞ്ചസൃഷ്ടിമുതൽ ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുന്നതു വചനത്തിലൂടെയാണ്. തന്റെ വചനത്താലാണ് അവിടന്ന് എല്ലാം സൃഷ്ടിച്ചത്. വചന

ത്താലാണ് അവിടന്ന് ഒരു ജനതയെ തിരഞ്ഞെടുത്തു സ്വന്ത മാക്കിയതും ചരിത്രത്തിലൂടെ അവരെ നയിച്ചതും. കാലാകാ ലങ്ങളിൽ പ്രവാചകന്മാരിലൂടെ സംസാരിച്ചതും ദൈവത്തിന്റെ വചനമായിരുന്നു. ദൈവമായിരുന്ന ആ വചനം ശരീരം സ്വീക രിച്ചു മനുഷ്യനായി അവതരിച്ചു. അതാണ് ഈശോമിശിഹാ. അങ്ങനെ, മനുഷ്യകുലത്തിനുവേണ്ടിയുള്ള ദൈവികവെളിപ്പെ ടുത്തലുകളുടെ പൂർണത ഈശോമിശിഹായിലൂടെ യാഥാർഥ്യ മായി (മത്താ. 5:17; ദെയി വെർബും 4).

പഴയനിയമം എഴുതിയിരിക്കുന്ന ഹീബ്രുഭാഷയിൽ വാക്കും അതു ദ്യോതിപ്പിക്കുന്ന പ്രവൃത്തിയും ഉൾച്ചേർത്തു പറയാനുപയോഗിക്കുന്ന പദമായ 'ദബാർ' ആണ് വചനത്തെ കുറിക്കുന്നതിന് ഉപയോഗിക്കുന്നത്. അതേ അർഥത്തിലാണ് 'ലോഗോസ്' എന്ന് ദൈവവചനത്തെ പുതിയനിയമത്തിലും വിളിക്കുന്നത്. വചനം ദൈവത്തിന്റെ വെളിപ്പെടുത്തലാണ്; സംസാരിക്കുന്ന വചനം എന്നതിനെക്കാൾ സംഭവിക്കുന്ന വചനമാണ് ഇവിടെ അർഥമാക്കുന്നത്. ഓരോരോ സംഭവങ്ങ ളിലുടെയാണ് വചനം സ്വയം വെളിപ്പെടുത്തിയത്. ഇപ്രകാര മുള്ള ആയിരക്കണക്കിനു സംഭവങ്ങളുടെ വിവരണമാണ് വിശുദ്ധ ഗ്രന്ഥത്തിലുള്ളത്. സൃഷ്ടിക്കുന്ന (ഉത്പ. 1:2; സങ്കീ 33:6; ജ്ഞാനം 9:1), ജീവനേകുന്ന (നിയമ. 32:46-47, സൗഖ്യ മേകുന്ന (സങ്കീ. 107:20). നയിക്കുന്ന (നിയമ. 2:1) ശിക്ഷണം നല്കുന്ന (ഉത്പ. 3:10-15; 4:6-10) രക്ഷിക്കുന്ന വചനമാണ് അത്. അനുദിനജീവിതവുമായി ഏറ്റവും ബന്ധപ്പെട്ടതാണ് ഇത്. ദൈവവചനം അനുദിനം വായിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നത് ജീവിതവിജയത്തിനു സഹായിക്കുന്നു (ജോഷ്വ 1:8; യാക്കോ. 1:25). പാപത്തെ വിവേചിക്കുവാനും അതിജീവിക്കു വാനും ദൈവവചനം സഹായിക്കുന്നു (സങ്കീ. 119 : 9-11). ജീവി തത്തെ നല്ല പാതയിൽ തിരിച്ചുവിടുവാനും വചനം ഉപകരി ക്കുന്നു (സങ്കീ. 32:88; 110:99; സുഭാ. 1:6).

ദൈവവചനം അമൂർത്തമായ ഒരു തത്ത്വമോ ശക്തിയോ അല്ല; മറിച്ച്, ഒരു ദൈവികവ്യക്തിയാണ്, പുത്രനായ ദൈവമാണ് (യോഹ. 1:1-14; വെളി. 19:3) സൃഷ്ടികർമത്തിലെ മധ്യവർത്തിയായ നിത്യസനാതനവചനം മനുഷ്യാവതാരംവഴി മനുഷ്യരക്ഷയുടെ മധ്യവർത്തിയായിത്തീർന്നിരിക്കുന്നു (യോഹ. 1:14; 3:17). ദൈവം നമ്മോടു സംസാരിക്കുന്ന, നമ്മിൽ പ്രവർത്തിക്കുന്ന വചനമാണ് ഈശോമിശിഹാ. അതിനാൽ ത്തന്നെ ദൈവവചനവുമായുള്ള ബന്ധം ഈശോമിശിഹായുമായുള്ള ബന്ധമാണ്. സഭയിൽ കൂദാശകളിലൂടെയും വിശുദ്ധ ഗ്രന്ഥത്തിലൂടെയുമാണ് മിശിഹായെ അറിയുന്നതും അനുഭവിക്കുന്നതും.

വചനത്തിൽ രൂപമെടുക്കുകയും (ശ്ലീഹ. പ്രവ. 2:41-42; റോമ. 10:17) വചനത്താൽ പോഷിതയാവുകയും (ദെയിവെർബും 21) ചെയ്യുന്ന സഭയുടെ ജീവിതത്തിൽ ഈശോമിശിഹാ സന്നിഹിതനായിരിക്കുന്നത് ദൈവവചനം എന്ന നാമത്തിലാണെന്ന് യോഹന്നാനുണ്ടായ ദൈവികവെളിപാടിൽ വ്യക്തമാക്കുന്നുണ്ട് (വെളി. 19:3). ഈശോമിശിഹായെ കൂടുതൽ അറിയുവാനും സ്നേഹിക്കുവാനും നമ്മുടെ ജിവിതത്തിലേക്കു കൂടുതൽ തീക്ഷ്ണതയോടെ സ്വീകരിക്കുവാനും പൗലോസ് ശ്ലീഹായുടെ വാക്കുകളിൽ പറഞ്ഞാൽ മിശിഹായെ ധരിക്കുന്നതിനുള്ള (ഗലാ. 3: 27) അവസരമാണ് മംഗളവാർത്തക്കാലം. ക്രൈസ്തവജീവിതത്തിൽ ദൈവവചനത്തിന്റെ പ്രാധാന്യം വ്യക്തമാക്കിക്കൊണ്ടാണ് കേരളകത്തോലിക്കാസഭ ഡിസംബർമാസം ദൈവവചനപാരായണമാസമായും മംഗളവാർത്തക്കാലം മൂന്നാം ഞായർ ദൈവവചനഞായറായും ആചരിക്കുന്നത്. ആണ്ടുവട്ടത്തിൽ ഒരിക്കൽ ഇപ്രകാരം ആചരിക്കുവാൻ ഫ്രാൻസിസ് പിതാവ് ആഹ്വാനം ചെയ്യുമ്പോൾ ('അപേറുയിത് ഇല്ലീസ് *(Aperuit illis)*' സെപ്തംബർ, 2019) ലക്ഷ്യം വച്ചിരിക്കുന്നതും ദൈവവചനത്തിന്റെ പ്രഘോഷണവും, പഠനവും വ്യാപനവുമാണ് (അപേറുയിത് ഇല്ലീസ് 3).

ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയതു വചനത്തിലൂടെയാണ്. അതിനാൽത്തന്നെ വചനം വായിക്കുന്നതിന്റെയും ശ്രവിക്കുന്നതിന്റെയും പ്രധാന ലക്ഷ്യം ദൈവത്തെ അറിയുക എന്നതാണ്. സുഭാഷിതങ്ങളുടെ ഗ്രന്ഥകർത്താവ് ഇപ്രകാരം പ്രബോധിപ്പിക്കുന്നു: "മകനേ, എന്റെ വാക്കുകൾ കേൾക്കുകയും നിയമം കാത്തുസൂക്ഷിക്കുകയും ജ്ഞാനത്തിനു ചെവികൊടുക്കുകയും ചെയ്യുക. അപ്പോൾ നീ ദൈവഭക്തി എന്തെന്ന് അറിയുകയും ദൈവത്തെക്കുറിച്ച് അറിവു നേടുകയും ചെയ്യും" (സുഭാ. 5:1-2). ദൈവഭക്തനായ മനുഷ്യനു പൂർണത കൈവരിക്കുവാനുള്ള മാർഗമാണ് വിശുദ്ധ ലിഖിതങ്ങൾ (2 തിമോ. 3:16-17). സഹനത്തിന്റെ നിമിഷങ്ങളിലും സമചിത്തതയോടെ നില്ക്കുവാൻ സഹായിക്കുന്നത് ദൈവവചനമാണ്. ജോബ് പറയുന്നു: "അവിടത്തെ മൊഴികൾ എന്റെ ഹൃദയത്തിൽ നിധിപോലെ സൂക്ഷിച്ചു" (ജോബ് 23:12). സത്യത്തെക്കുറിച്ച് ഉറപ്പു ലഭിക്കുന്നതു വചനത്തിൽനിന്നാണ് (ശ്ലീഹാ. പ്രവ. 17:11-12; യോഹ. 8: 32; 1 പത്രോ. 4:11), വചനത്തിൽ നിലനില്ക്കുമെങ്കിൽ സത്യമറിയും (യോഹ. 8:32). വചനമാണു സത്യം (യോഹ. 17:17). പരമസത്യത്തെ അറിഞ്ഞ് അതു ജീവിക്കുവാൻ തിരുവചനം നമ്മെ സഹായിക്കുന്നു. സങ്കീർത്തകൻ പറയുന്നു: അങ്ങയുടെ വചനങ്ങളുടെ ചുരുളഴിയുമ്പോൾ പ്രകാശം പരക്കുന്നു; എളിയവർക്ക് അത് അറിവുപകരുന്നു (119:130). പാപത്തിൽനിന്നും അതിന്റെ പരിണതഫലങ്ങളിൽനിന്നും വിടുതൽ പ്രാപിക്കുവാൻ ദൈവവചനം സഹായിക്കുന്നു (2, തിമോ. 3:15). "പൈതങ്ങൾ പാലിനുവേണ്ടി എന്നതുപോലെ വചനത്തിനുവേണ്ടി ആഗ്രഹിക്കുവിൻ" എന്ന് പത്രോസ് ശ്ലീഹാ പ്രബോധിപ്പിക്കുന്നു (1 പത്രോ. 2: 2-3). വചനം അറിയുക, പാലിക്കുക എന്നു പറഞ്ഞാൽ മിശിഹായെ അറിയുക അവിടുത്തെ അനുകരിക്കുക എന്നതാണ്. ഞാൻ മിശിഹായെ അനുകരിക്കുന്നതുപോലെ നിങ്ങൾ മിശിഹായെ അനുകരിക്കുവിൻ എന്നാണ് പൗലോസ് ശ്ലീഹ പഠിപ്പിക്കുന്നത് (1 കോറി. 11:1).

നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വാക്കു നിങ്ങളിൽ നിലനില്ക്കുകയും ചെയ്യുന്നെങ്കിൽ നിങ്ങൾക്ക് ഇഷ്ടമുള്ളതു ചോദിക്കുവിൻ നിങ്ങൾക്കു ലഭിക്കും (യോഹ. 14:7). ദൈവവചനത്തെ എതിർത്തു ചിന്തിക്കുകയും സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്താൽ കർത്താവിനു നമ്മിൽ വസിക്കാനാവില്ല. കാരണം, വചനം സത്യമാണ്. (17:17). വചനം അറിയാത്തതുകൊണ്ടാണ് പലർക്കും തെറ്റുപറ്റുന്നത് (മർക്കോ. 12:24). ദൈവവചനത്തിന്റെ ആത്മീയ അർഥം ഗ്രഹിക്കാൻ ദൈവാരൂപിയുടെ ദിവ്യപ്രബോധനം ഉള്ളിലുണ്ടാവണം. ഓരോ വേദഭാഗത്തുനിന്നും ദൈവം നമ്മെ എന്തു പഠിപ്പിക്കുന്നുവെന്നു ചിന്തിക്കുക. ഇന്നുവായിച്ച വചനഭാഗം എന്റെ ജീവിതത്തിൽനിന്ന് എന്ത് ആവശ്യപ്പെടുന്നുവെന്നു ധ്യാനിക്കുക. നിത്യവും വിശുദ്ധ ബൈബിൾ വായിക്കുന്നുവെങ്കിൽ നാം ആരായിത്തീരണമെന്ന് ദൈവം ആഗ്രഹിക്കുന്നുവോ അത് ആയിത്തീരും. നമ്മിൽനിന്ന് ഒരിക്കലും നീക്കം ചെയ്യുകയില്ലാത്ത ഏറ്റവും നല്ല ഭാഗം വചനാനുസരണമായ ജീവിതമാണെന്ന് തിരുവചനം സാക്ഷ്യപ്പെടുത്തുന്നു (ലൂക്ക. 10:42). മനുഷ്യൻ അപ്പംകൊണ്ടുമാത്രമല്ല ജീവിക്കുന്ന ദൈവത്തിന്റെ അധരത്തിൽനിന്നു വരുന്ന വചനംകൊണ്ടുകൂടിയാണ് (മത്താ. 4:4).

ഓരോ ദിവസവും സുവിശേഷം തുറന്ന് സുവിശേഷത്തിന്റെ ഒരു ഭാഗം സാവധാനം പ്രാർത്ഥനാപൂർവ്വം വായിക്കണം. പരി. കുർബാനായിൽനിന്ന് അകന്നുജീവിക്കുന്ന അനേകം ദൈവമക്കളുണ്ട്. ഓൺലൈൻ സംവിധാനങ്ങൾ കൊണ്ടു തൃപ്തിപ്പെടുന്നവരും കുറവല്ല. പാദങ്ങൾക്കു വിളക്കും പാതയിൽ പ്രകാശവുമാകേണ്ട വചനം ഉള്ളിൽ സൂക്ഷിക്കാതെ വഴിതെറ്റി വിശ്വാസം ത്യജിച്ച് യാത്ര ചെയ്യുന്നവരും നമ്മുടെ യുവതലമുറയിൽ അസംഖ്യമുണ്ട്. മതംമാറ്റത്തിലേക്കും നിരീശ്വരവാദത്തിലേക്കും യുക്തി

വാദത്തിലേക്കും വഴിമാറി യാത്ര ചെയ്യുന്നവരും നമ്മുടെ ഇട യിലുണ്ട്. പരി. പിതാവ് സിനഡാലിറ്റിയുടെ ആഹ്വാനത്തിലൂടെ സഭാമക്കൾ കൈകോർത്തുയാത്ര ചെയ്യേണ്ടതിന്റെ ആവശ്യ കത ഊന്നിപ്പറയുമ്പോൾ കേരളസഭ വലിയൊരു നവീകരണം തന്നെ ലക്ഷ്യം വച്ചു കർമ്മപദ്ധതികൾ ആവിഷ്കരിച്ചുകൊണ്ടി രിക്കുകയാണ്. രൂപതയിലെ എല്ലാ വൈദികരുടേയും സന്ന്യ സ്തരുടെയും അല്മായസഹോദരങ്ങളുടെയും സാന്നിധ്യം തുളുമ്പുന്ന നമ്മുടെ ബൈബിൾ കൺവെൻഷൻ രൂപതാ നവീ കരണത്തിന്റെ വലിയൊരു മുന്നേറ്റമാകണം. അതുകൊണ്ടു തന്നെ ഈ കൺവെൻഷനും ഇതിനെത്തുടർന്ന് ഇടവകകളിൽ നടത്തേണ്ട കർമ്മപദ്ധതികളും ദൈവജനത്തെ വിശ്വാസതീ ക്ഷ്ണതയിലേക്കു തിരികെക്കൊണ്ടുവരാൻ കഴിയുന്നതാകണം. അതിൽ ബഹു. വൈദികരും സന്ന്യസ്തരും ബദ്ധശ്രദ്ധരാ കണം.

ഈശോയിൽ പ്രിയപ്പെട്ടവരേ, നമ്മുടെ രൂപത ഒന്നാകെ ദൈവവചനത്തിലേക്കു തിരിയുന്ന അവസരമാണല്ലോ രൂപതാ ബൈബിൾ കൺവെൻഷൻ. ഈ വർഷവും പതിവുപോലെ ഡിസംബർ 19 തിങ്കളാഴ്ച മുതൽ 23 വെള്ളിയാഴ്ച വരെയാണ് നാല്പതാമത് പാലാ രൂപതാ ബൈബിൾ കൺവെൻഷൻ നട ക്കുന്നത്. പാലാ സെന്റ് തോമസ് കോളേജ് ഗ്രൗണ്ടിൽ നട ക്കുന്ന ബൈബിൾ കൺവെൻഷൻ ഉച്ചതിരിഞ്ഞ് 3.30 മുതൽ 8.30 വരെയാണ് ക്രമീകരിച്ചിരിക്കുന്നത്. കൺവെൻഷനിൽ വിശുദ്ധ കുർബാനയും വചനപ്രഘോഷണവും ആരാധനയും ഉണ്ടായിരിക്കും. ഡിസംബർ 19 തിങ്കളാഴ്ച 3.30 നു ചങ്ങനാ ശ്ശേരി അതിരൂപത മെത്രാപ്പോലീത്ത മാർ ജോസഫ് പെരു ന്തോട്ടം കൺവെൻഷൻ ഉദ്ഘാടനം ചെയ്യും. വചനപ്രഘോഷ ണവും ആത്മീയശുശ്രൂഷകളും നയിക്കുന്നത് അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രം ഡയറക്ടർ ബഹു. സേവ്യർഖാൻ വട്ടായിൽ അച്ചനും അദ്ദേഹത്തോടൊപ്പമുള്ള ടീമംഗങ്ങളുമാണ്.

പാലാ രൂപതയിലെ ദൈവജനത്തിനു മുഴുവനുംവേണ്ടി നടത്തുന്ന വചനപ്രഘോഷണമാണിത്. അതിനാൽ, ഇടവ കാംഗങ്ങളെല്ലാവരും ബഹു. വൈദികരുടെയും സിസ്റ്റേഴ്സി ന്റെയും കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെയും യോഗ പ്രതിനിധികളുടെയും സംഘടനാഭാരവാഹികളുടെയും നേതൃത്വത്തിൽ യഥാസമയം കൺവെൻഷനിൽ പങ്കെടു ക്കേണ്ടതാണ്. സ്വന്തമായി വാഹനമുള്ളവരെല്ലാം കൺവെൻഷ നിലേക്ക് ആളുകളെ കൊണ്ടുവരുന്നതിനായി അവ ഉപയോഗ പ്പെടുത്തുമല്ലോ. ഓരോ ഇടവകയിൽനിന്നുമുള്ള വിശ്വാസി കൾക്ക് കൺവെൻഷനിൽ പങ്കെടുക്കാനു?ള്ള യാത്രാസൗകര്യ ങ്ങളെക്കുറിച്ച് ബഹു. വികാരിയച്ചന്മാരും കമ്മറ്റിയംഗങ്ങളും തമ്മിൽ ആലോചിച്ച് വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. കുടുംബക്കൂട്ടായ്മ ഭാരവാഹികൾ എല്ലാ ഭവനങ്ങളും സന്ദർശിച്ച് കൺവെൻഷൻ വിജയത്തിനായുള്ള പ്രാർത്ഥനയും കൺവെൻഷൻ നോട്ടീസും നൽകി കുടുംബാംഗങ്ങളെയെല്ലാം കൺവെൻഷനിലേക്കു ക്ഷണിക്കണം. രൂപത ബൈബിൾ കൺവെൻഷനിലേക്ക് ഒരിക്കൽക്കൂടി എല്ലാവരെയും സ്വാഗതം ചെയ്തുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാ ത്മാവിന്റെയും നാമത്തിൽ എല്ലാവരെയും ആശീർവദിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവം,

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 03.12.2022

NB: ഈ സർക്കുലർ ഡിസംബർ 11 ഞായറാഴ്ച എല്ലാ ദൈവാലയ ങ്ങളിലും, വിശുദ്ധ കുർബാനയർപ്പണമുള്ള കുരിശുപള്ളികളിലും സന്ന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

സർക്കുലർ - KCBC

# കെ.സി.ബി.സി. ബൈബിൾ പാരായണമാസവും ബൈബിൾ ഞായറും

പ്രിയമുള്ളവരേ,

മുൻവർഷങ്ങളിലെന്നപോലെ ഈ വർഷവും ഡിസംബർ 'ബൈബിൾ പാരായണമാസമായും' ഡിസംബർ 18 'ബൈബിൾ ഞായറായും' കേരള കത്തോലിക്കാസഭ ആഘോഷിക്കുകയാണ്. കെ.സി.ബി.സി. കേരളസഭാനവീകരണവർഷങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള 2022 പന്തക്കുസ്താമുതൽ 2025 പന്തക്കുസ്താ വരെയുള്ള കാലയളവിനുവേണ്ടി തിരഞ്ഞെടുത്ത "സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം" (എഫേ 2,20-22) എന്ന ആപ്തവാക്യം ഈ വചനപാരായണ മാസത്തിൽ പരിചിന്തനം ചെയ്യുന്നത് ഉചിതമാണെന്ന് കരുതുന്നു.

**1. സഭ**

ദൈവകല്പനകൾ ശ്രവിക്കുന്നതിനും യാഗാർപ്പണത്തിനുമായി വിളിച്ചുചേർക്കപ്പെട്ട സമൂഹത്തെ സൂചിപ്പിക്കാനാണ് പഴയനിയമത്തിൽ സഭയെന്ന പദം (കഹാൽ- ഹീബ്രു) പ്രധാനമായും ഉപയോഗിച്ചു കാണുന്നത് (നിയ. 4:10). സമാന അർഥത്തിൽത്തന്നെയാണ് പുതിയനിയമവും ഈ പദം (എക്ളേസിയ-ഗ്രീക്ക്) ഉപയോഗിച്ചു കാണുന്നത്. ക്രിസ്തുവിന്റെ മരണ ഉത്ഥാനത്തിന്റെ പ്രഘോഷണം ശ്രവിച്ച്, മാനസാന്തരത്തിലൂടെ ജ്ഞാനസ്നാനം വഴി ഒരുമിച്ചുചേർക്കപ്പെട്ട സമൂഹത്തെയാണ് പുതിയനിയമം 'സഭ'യെന്ന് വിശേഷിപ്പിക്കുന്നത് (എഫേ 2:4-8; അപ്പ 2:37-42). സഭ തിരഞ്ഞെടുക്കപ്പെട്ട വിശുദ്ധ ജനമായതിനാലും, ദൈവത്തിന്റെ സ്വന്തമായതിനാലും ദൈവത്തെ പ്രകീർത്തിക്കുവാനും (1 പത്രോ 2:9); ക്രിസ്തുവിന് സാക്ഷ്യം വഹിക്കാനും കടപ്പെട്ട സമൂഹമാണ് (എഫേ 3:8-10).

## 2. ക്രിസ്തുവിൽ

ക്രിസ്തുവും സഭയും തമ്മിൽ വേർതിരിക്കാനാവാത്തതും ഗാഢവുമായ ബന്ധമുണ്ട്. ക്രിസ്തുവിന്റെ പെസഹാരഹസ്യമാണ് സഭയ്ക്കു നിദാനം. അവിടുത്തെ പെസഹാരഹസ്യത്തിന്റെ അടിസ്ഥാനഭാവമായ ശൂന്യവത്കരണത്തിൽ (kenosis) പങ്കുചേർന്ന് ക്രിസ്തുവിന്റെ മഹത്ത്വത്തിലേക്കു വളരാനും, സ്വന്തമായിത്തീരാനും സഭ വിളിക്കപ്പെട്ടിരിക്കുന്നു (എഫേ. 1:23). ക്രിസ്തു സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കാൻവേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തു; ജലംകൊണ്ടു കഴുകി, വചനത്താൽ വെൺമയുള്ളതാക്കി മഹത്ത്വപൂർണയായി അവളെ തനിക്കുതന്നെ പ്രതിഷ്ഠിച്ചു (എഫേ 5:27-29); അവളെ തന്റെ ശരീരവും നിർമലവധുവുമായി പരിപോഷിപ്പിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ ക്രിസ്തുവിന്റെ സാന്നിധ്യം എക്കാലവും സഭയിൽ വസിക്കുന്നു.

## 3. സഭയാകുന്ന ഭവനം

ക്രിസ്തുവിന്റെ ശരീരവും വധുവുമായ സഭ, അനേകംപേർ ചേർന്ന കൂട്ടായ്മയാണ്. ശരീരത്തിൽ പല അവയവങ്ങളുണ്ടെങ്കിലും അവയെല്ലാം ഐക്യപ്പെട്ടിരിക്കുന്നതുപോലെ സഭയാകുന്ന ശരീരത്തിലെ അംഗങ്ങൾ എല്ലാവരും ജ്ഞാനസ്നാനത്തിലൂടെ ക്രിസ്തുവിന്റെ ഏകശരീരമായി മാറുന്നു (എഫേ 4:3-6). ഭവനമെന്നത് വാസ്തുശില്പകലയുടെ പ്രകാശനമായ ഒരു കെട്ടിടത്തെയല്ല; മറിച്ച്, കൂട്ടായ്മയുടെ കുടുംബത്തെയാണ് സൂചിപ്പിക്കുന്നത് (1 കോറി 3:16; 2 കോറി 6,16; എഫേ 2:21). സജീവശിലകളായ വിശ്വാസികളെക്കൊണ്ടാണ് ഈ ആത്മീയഭവനം പണിതുയർത്തപ്പെടുന്നത്; അതിന്റെ മൂലക്കല്ല് ക്രിസ്തുതന്നെയാണ് (1 പത്രോ 2:4-5). മൂലക്കല്ലായ ക്രിസ്തുവിൽ സഭാംഗങ്ങൾ പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു.

**4. പണിയപ്പെട്ടുകൊണ്ടിരിക്കുന്നു**

സഭ ഭൂമിയിലെന്നും ഒരു തീർത്ഥാടകയാണ്. ഈ തീർത്ഥാടനത്തിൽ സഭ, ശിരസ്സാകുന്ന ക്രിസ്തുവിൽനിന്ന് ഊർജം സ്വീകരിച്ചു പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ വാസ സ്ഥലമായി വളരുകയാണ്. ശരീരമെന്ന നിലയിൽ ശിരസ്സാകുന്ന ക്രിസ്തുവിന്റെ പൂർണതയാണ് സഭ ലക്ഷ്യം വയ്ക്കുന്നത് (എഫേ 1:23; 4:13).

പൂർണ്ണതതേടിയുള്ള ഈ യാത്രയിൽ സുവിശേഷപ്രഘോഷണത്തിന്റെ അനിവാര്യത നിസ്തർക്കമാണ്. ക്രിസ്തുവിലൂടെ ദൈവം സാക്ഷാത്കരിച്ച രക്ഷയുടെ പദ്ധതി സർവമനുഷ്യർക്കും സർവസൃഷ്ടികൾക്കും വേണ്ടിയുള്ളതാണ് (മർക്കോ 16,16). ജനതകളുടെ പ്രകാശമായി നിയോഗിക്കപ്പെട്ട സഭയെ പ്രശോഭിപ്പിക്കുന്നത് സുവിശേഷദീപ്തിയാണ്; സഭ ലോകത്തിനു നല്കുന്ന പ്രകാശവും സുവിശേഷത്തിന്റേതാണ്. സുവിശേഷത്താൽ നവീകരിക്കപ്പെട്ട പ്രപഞ്ചം ക്രിസ്തു പിതാവായ ദൈവത്തിനു സമർപ്പിക്കുന്നതുവരെ ഇത് തുടരേണ്ടിയിരിക്കുന്നു (1 കോറി 15:21-28). ക്രിസ്തു ആരാണെന്ന തിരിച്ചറിവ് ഹൃദയംകൊണ്ടും കർമംകൊണ്ടും സാക്ഷ്യംനല്കാൻ നമ്മൾ പ്രാപ്തരാകുമ്പോൾ, നവീകരണപാതയുടെ അടിസ്ഥാനകർത്തവ്യനിർവഹണമായ സുവിശേഷപ്രഘോഷണത്തിൽ നമ്മൾ പങ്കുചേരുകയാണ്.

**കേരളകത്തോലിക്കാ സഭയും ബൈബിൾ ശുശ്രൂഷയും**

കേരളസഭ നവീകരണവർഷമായി പ്രഖ്യാപിച്ചിട്ടുള്ള ഈ കാലയളവിൽ കെസിബിസി ബൈബിൾ കമ്മീഷനും രൂപത ബൈബിൾ അപ്പോസ്തലേറ്റുകൾക്കും നിർണായകമായ പങ്കാണു നിർവഹിക്കാനുള്ളത്. മലയാളം ബൈബിളിന്റെ ശ്രവ്യരൂപവും ഇന്റർനെറ്റ് രൂപവും സൈൻ ബൈബിളും ഇന്ന് നമുക്കു ലഭ്യമാണ്. വചനത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ മൂലഗ്രന്ഥങ്ങളോട് ഏറ്റവും അടുത്തുനില്ക്കുന്ന പുതിയനിയമപഠന

ബൈബിൾ പുറത്തിറക്കാൻകഴിഞ്ഞു. പരിഷ്കരിച്ച പഴയനിയമ പതിപ്പ് കാലതാമസമില്ലാതെ പ്രകാശനം ചെയ്യാമെന്ന പ്രതീക്ഷയിലാണ് ബൈബിൾ കമ്മീഷൻ. ലക്ഷങ്ങൾ പങ്കെടുക്കുന്ന ലോഗോസ് ക്വിസ് ആഗോളതലത്തിൽ അതുല്യസ്ഥാനം നേടിക്കഴിഞ്ഞു. കുടുംബങ്ങൾക്കായി ഫാമിലി ലോഗോസും ബധിര-ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള ലോഗോസ് പരീക്ഷയും ശ്രദ്ധയാകർഷിച്ചുവരുന്നു. ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് അനേകങ്ങൾക്ക് ആഴത്തിൽ അറിവുപകരുന്ന വിജ്ഞാനരീതിയായി മാറിക്കഴിഞ്ഞിരിക്കുന്നു. ബൈബിളിലെ പല പുസ്തകങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്ന യുട്യൂബ് - വീഡിയോ ക്ലാസ്സുകൾ ഓൺലൈനിൽ ലഭ്യമാണ്. 2022-25 കാലഘട്ടം കേരളസഭ നവീകരണകാലഘട്ടമായി ആചരിക്കുമ്പോൾ വചനവഴിയിലൂടെ ബഹുദൂരം മുന്നേറാനും നവസാമൂഹികമാധ്യമങ്ങൾ ഉപയോഗപ്പെടുത്തി വ്യത്യസ്ത മേഖലകളിലേക്കും വിവിധ പ്രായത്തിലുള്ളവർക്കും സവിശേഷശ്രദ്ധ ആവശ്യമുള്ള നമ്മുടെ സഹോദരങ്ങൾക്കും സുവിശേഷവാർത്ത അറിയാനാഗ്രഹിക്കുന്ന എല്ലാവർക്കും വിശുദ്ധ ഗ്രന്ഥം സംലഭ്യമാക്കാനുള്ള കർമപദ്ധതികൾ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നു. ക്രിസ്തുവിനെ വെളിപ്പെടുത്തിത്തരുന്ന ദൈവവചനം സ്വീകരിക്കുകയും കാത്തുസൂക്ഷിക്കുകയും അടുത്ത തലമുറയ്ക്ക് പകർന്നുനല്കുകയും ചെയ്യുന്നത് പ്രഥമമായും കുടുംബങ്ങളിലൂടെയാണല്ലോ! ഓരോ കുടുംബത്തിലും ഓരോ ബൈബിൾ എന്ന ലക്ഷ്യം കേരള സഭയിൽ സാധ്യമായിട്ടുണ്ട്. ഓരോ വ്യക്തിക്കും ഓരോ ബൈബിൾ എന്നതാണ് നാം ഇനി ലക്ഷ്യം വയ്ക്കേണ്ടത്. ഓൺലൈൻ ബൈബിളും ഓഡിയോ ബൈബിളും കൂടുതൽ പ്രചാരത്തിലെത്തിക്കാൻ പരിശ്രമം ആവശ്യമാണ്. ഭവനങ്ങളിലും യാത്രകളിലും ഓഡിയോ ബൈബിൾ ശ്രവിക്കുന്ന ശീലം വളർത്താൻ എല്ലാവരെയും പരിശീലിപ്പിക്കണം.

**ബൈബിൾ പാരായണവും ബൈബിൾ ഞായറും**

ക്രിസ്തുവിന്റെ മാർഗത്തിൽ ആഴപ്പെടുവാൻ പ്രാർഥനാപൂർവവും വിശ്വാസപൂർണവുമായ ബൈബിൾപാരായണത്തിനു സാധിക്കും. നവീകരണകാലഘട്ടത്തിലെ ഈ വചനയജ്ഞം ഇടവകതലത്തിലും കുടുംബക്കൂട്ടായ്മയിലും സംഘടിപ്പിക്കാവുന്നതാണ്. ദിവസം മൂന്നര മണിക്കൂർ ബൈബിൾ വായനയ്ക്കായി മാറ്റിവച്ചാൽ ഒരു മാസംകൊണ്ട് മുഴുവൻ ബൈബിളും വായിച്ചുതീർക്കാൻ നമുക്കു സാധിക്കുമെന്നാണ് കണക്കുകൂട്ടൽ. ഇടവകകളിലും സ്ഥാപനങ്ങളിലും ഈ മാസത്തിൽ വചനപാരായണത്തിനായി പ്രത്യേകം സമയവും സാഹചര്യവും ഒരുക്കാൻ തയ്യാറാകുമല്ലോ. വ്യക്തികളും കുടുംബങ്ങളും ഈ പാരായണമാസം സമുചിതമായി നടത്താൻ സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു.

ഡിസംബർ 18-ന് ബൈബിൾഞായർ ഇടവകകളിൽ ബൈബിൾപ്രതിഷ്ഠയോടും ബൈബിൾ പ്രദക്ഷിണത്തോടും കൂടി സമുചിതമായി ആചരിക്കാൻ ആഹ്വാനം ചെയ്യുന്നു. കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും രൂപത ബൈബിൾ അപ്പോസ്തലേറ്റിന്റെയും ശുശ്രൂഷകൾക്കുവേണ്ടി ഡിസംബർ 18-ാം തീയതിയിലെ ബൈബിൾ ഞായറാഴ്ച നടത്തുന്ന ദിവ്യബലിമധ്യേയുള്ള സംഭാവന രൂപതാകേന്ദ്രങ്ങളിൽ എത്തിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ക്രിസ്തുവാകുന്ന ശരീരത്തിലെ ഓരോ അവയവവും അതിന്റെ ധർമ്മം പൂർത്തിയാക്കുന്നതോടൊപ്പം മറ്റ് അവയവങ്ങൾക്കും ശക്തിപകർന്ന് ഒരേ ശരീരവും ഭവനവുമായി വളരാൻ നമ്മുടെ ബൈബിൾശുശ്രൂഷകൾക്കാകട്ടെ. ദൈവവചനത്തിലധിഷ്ഠിതമായ നവീകരണയജ്ഞത്തിൽ കേരളസഭയോടൊപ്പം നമുക്കോരോരുത്തർക്കും പങ്കുചേരാം.

ദൈവവചനത്തിന്റെ അവതാരത്തിരുനാളിന് ഒരുങ്ങുന്ന വേളയിൽ, വചനബദ്ധമായ ജീവിതംവഴി നവീകരണവഴിയിൽ

സഹയാത്രികരാകാൻ നിങ്ങളേവരോടും ആഹ്വാനം ചെയ്തു കൊണ്ടും എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർഥിച്ചുകൊണ്ടും

സ്നേഹാദരങ്ങളോടെ,

**+ ബിഷപ് റൈറ്റ് റവ. ഡോ. ജയിംസ് ആനാപറമ്പിൽ**
(ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

**+ ബിഷപ് മാർ ജേക്കബ് മനത്തോടത്ത്**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

**+ ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

---

NB: 2022 ഡിസംബർ 18-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലിമധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്കു വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

സർക്കുലർ 308

# ഗുജറാത്ത്
# സെന്റ് തോമസ് സബർമതി മിഷൻ

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സന്ന്യസ്തരേ, സഹോദരീസഹോദരന്മാരേ,

'ഭാരതമേ, നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ' എന്ന ഭാഗ്യസ്മരണാർഹനായ ലയോ 13-ാമൻ മാർപാപ്പായുടെ വാക്കുകൾ അന്വർഥമാക്കിക്കൊണ്ട് 2014 പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പാ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിനെ സീറോ മലബാർ സഭയുടെ അതിർത്തിക്കു പുറത്തുള്ള വിശ്വാസികളുടെ കാര്യങ്ങൾ അന്വേഷിക്കുന്നതിനായി അപ്പസ്തോലിക വിസിറ്ററായി നിയമിച്ചു. 2017 ഒക്ടോബർ 10 ന് ഷംഷാബാദ് രൂപത സ്ഥാപിച്ചു. അതിന്റെ ഭാഗമായി 23 സംസ്ഥാനങ്ങളിലും 4 യൂണിയൻ ടെറിട്ടറികളിലും രണ്ട് ദ്വീപുകളിലും വസിക്കുന്ന സീറോമലബാർ വിശ്വാസികളുടെ ആത്മീയകാര്യങ്ങൾ അന്വേഷിക്കുവാൻ അഭിവന്ദ്യ തട്ടിൽ പിതാവിനെ ചുമതലപ്പെടുത്തി.

ഷംഷാബാദ് രൂപതയിൽ ഉൾപ്പെടുന്ന ഗുജറാത്തിലെ അഹമ്മദാബാദ് കേന്ദ്രമാക്കി സെന്റ് തോമസ് സബർമതി മിഷൻ എന്ന പേരിൽ ഒരു റീജിയൻ രൂപീകരിച്ചു. ഈ റീജിയണിന്റെ ചുമതല പാലാ രൂപതയെയാണ് ഏല്പിച്ചത്. വിപുലമായ ഒരു ഭൂപ്രദേശമാണിത്. തുടർന്ന്, പാലാ രൂപതയിൽനിന്ന് അജപാലനപ്രവർത്തനത്തിനും മിഷൻ പ്രവർത്തനങ്ങൾക്കുമായി പ്രസ്തുത സ്ഥലത്ത് ഏതാനും വൈദികർ എത്തിച്ചേർന്നു. 2019 ജൂൺ മാസത്തിൽ ഷംഷാബാദ് രൂപതയുടെ വികാരി ജനറാളും ഈ റീജിയണിന്റെ മിഷൻ കോർഡിനേറ്റർമായി റവ. ഡോ. ജോസഫ് കൊല്ലംപറമ്പിൽ ചുമതലയേറ്റു.

സബർമതി മിഷന്റെ പ്രവർത്തനങ്ങൾ വിവിധ സ്ഥലങ്ങളിൽ നടത്തി. തുടർന്ന് 2022 സെപ്റ്റംബർ മാസത്തിൽ ഷംഷാബാദ് രൂപതയുടെ സഹായമെത്രാനായി അദ്ദേഹം ചുമതലയേറ്റു. സബർമതി മിഷന്റെ പ്രവർത്തനങ്ങളും വിപുലമാക്കി. ബറോഡ കേന്ദ്രമാക്കി അദ്ദേഹം സർമതി മിഷന്റെ പ്രവർത്തനങ്ങൾ വിജയകരമായി നടത്തിവരുന്നു.

സബർമതി മിഷനെ അഹമ്മദാബാദ്, സിൽവാസ, വഡോദര (ബറോഡ) എന്നീ സോണുകളായി തിരിച്ചു. 22 വിശുദ്ധ കുർബാന സെന്ററുകൾ ഈ റീജണിൽ ഉണ്ട്. എ.ഡി. 47-ൽ മാർത്തോമ്മാശ്ലീഹായുടെ ഒന്നാമത്തെ പ്രേഷിത യാത്രയിൽ സുവിശേഷം അറിയിച്ചതായി വിശ്വസിക്കപ്പെടുന്ന ബറൂച്ച് എന്ന സ്ഥലവും ഇതിൽ ഉൾപ്പെടുന്നു. ബറോഡയിലെ തനേജ എന്ന സ്ഥലത്ത് ഒരു പുതിയ ദൈവാലയവും പാരീഷ് ഹാളും പണിതുകൊണ്ടിരിക്കുന്നു. സ്വന്തമായി സ്ഥലമോ കെട്ടിടമോ ഏതാനും സ്ഥലങ്ങളിൽ മാത്രമേയുള്ളൂ. ഇപ്പോൾ പാലാരൂപതയിൽനിന്ന് 8 വൈദികളും സന്ന്യാസസഭകളിൽ നിന്ന് 6 വൈദികരും പാലക്കാട് രൂപതയിൽനിന്ന് ഒരു വൈദികനും ഉൾപ്പെടെ 15 വൈദികരാണ് ഈ മിഷനിലുള്ളത്. അഭിവന്ദ്യ ജോസഫ് കൊല്ലംപറമ്പിൽ പിതാവിന്റെ പ്രവർത്തനങ്ങളിൽ ഔദാര്യപൂർവ്വം നാം ഓരോരുത്തരും പങ്കുചേരുക ആവശ്യമാണ്. പുതിയ കുർബാന സെന്ററുകൾ ആരംഭിക്കാനും ഇപ്പോഴുള്ള സ്റ്റേഷനുകളിൽ വൈദികർക്ക് അത്യാവശ്യ താമസസൗകര്യമെങ്കിലും ഒരുക്കാനും ദൈവാലയങ്ങൾ നിർമ്മിച്ച് പരിശുദ്ധ കുർബാന അർപ്പിക്കാനും അദ്ദേഹത്തെ സഹായിക്കേണ്ടത് പാലാ രൂപതക്കാരായ നമ്മുടെ ചുമതലയായി നാം കരുതണം. ഗുജറാത്തിലെ പ്രധാന പല കേന്ദ്രങ്ങളിലും ഒരു ചെറിയ തുണ്ടു ഭൂമിയുടെ വില നമുക്കു ചിന്തിക്കാവുന്നതിലും മുകളിലാണ്. നമ്മുടെ ദൈവാലയങ്ങളിലും ഭവനങ്ങളിലും സർമതിമിഷനുവേണ്ടി പ്രാർത്ഥിക്കുകയും നമ്മാലാവുംവിധം അവരെ സഹായിക്കുകയും വേണം. ഈ ഡിസംബർ 4-ാം

തീയതി ഞായറാഴ്ച സബർമതി മിഷൻ ദിനമായി ഓരോ ഇടവകയിലും ആചരിക്കുവാൻ ബഹുമാനപ്പെട്ട വൈദികർ നിർദ്ദേശം നൽകുമല്ലോ. നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സന്ന്യാസഭവനങ്ങളിലുംനിന്ന് സംഭാവനകൾ അന്നേദിവസം നൽകുവാൻ മറക്കരുത്. രൂപതയിലെ ഓരോ വ്യക്തിയും ഇതിൽ പങ്കുചേരേണ്ടതാണ്. ഇനി വരും വർഷങ്ങളിൽ മാർത്തോമ്മാശ്ലീഹായുടെ ഭാരതപ്രവേശ നദിനമായ നവംബർ 21 കഴിഞ്ഞു വരുന്ന ഞായറാഴ്ച സബർമതി മിഷൻദിനമായും അന്നത്തെ സംഭാവനകൾ സബർമതി മിഷനുവേണ്ടിയുമാണ് ഉദ്ദേശിക്കുന്നത്.

**പ്രത്യേക അറിയിപ്പുകൾ**

- മംഗലവാർത്ത ഒന്നാംഞായർ (നവംബർ 27) മുതൽ ഓശാന ഞായർവരെ മാർ തെയദോറിന്റെ കൂദാശാക്രമം വിശുദ്ധ കുർബാനയിൽ ഉപയോഗിക്കുവാൻ എല്ലാ ബഹു. വൈദികരും ശ്രദ്ധിക്കണം.
- ഡിസംബർ 4 മുതൽ 11 വരെ സബർമതി മിഷൻ സന്ദർശനം
- ഡിസംബർ 26 മുതൽ തിരുപ്പട്ടശുശ്രൂഷകളാണ്. തുടർന്ന്, ജനുവരി 6 മുതൽ 15 വരെ നമ്മുടെ സിനഡുമാണ്. ആയതിനാൽ, ഡിസംബർ 25 മുതൽ ജനുവരി 15 വരെ സന്ദർശനദിവസങ്ങൾ ഉണ്ടായിരിക്കുന്നതല്ല.

മിശിഹായിൽ സ്നേഹപൂർവ്വം

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 26.11.2022

NB: 2022 നവംബർ 27 ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും, വിശുദ്ധ കുർബാനയർപ്പണമുള്ള കുരിശുപള്ളികളിലും സന്ന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും വായിക്കാൻ നല്കപ്പെട്ടത്.

സർക്കുലർ - 309

# ബഹു. വൈദികരുടെ പുതുക്കിയ അലവൻസ്

പ്രിയ ബഹു. സഹോദരവൈദികരേ,

നമ്മുടെ രൂപതയിലെ ബഹു. വൈദികരുടെ പുതുക്കിയ അലവൻസ്, വർദ്ധിച്ചുവരുന്ന ജീവിതച്ചെലവുകളും മാറി വരുന്ന സാഹചര്യങ്ങളും പരിഗണിച്ചു താഴെപറയുംവിധം പുതുക്കി നിശ്ചയിച്ചിരിക്കുന്നു. പള്ളികളിൽ ശുശ്രൂഷ ചെയ്യുന്ന ബഹു. വൈദികരുടെ പുതുക്കിയ പ്രതിമാസ അലവൻസ് ബഹു. വികാരിക്ക് 15000/രൂപയും അസിസ്റ്റന്റ് വികാരിക്ക് 14975/ രൂപയുമായിരിക്കും. മഠങ്ങളിൽനിന്നു ഭക്ഷണം സ്വീകരിക്കുന്ന ബഹു. വൈദീകർ ഭക്ഷണത്തിനു മാസംതോറും 4000/ രൂപ നൽകേണ്ടതാണ്. വർദ്ധിപ്പിച്ച നിരക്കിലുള്ള അലവൻസ് 2022 ഡിസംബർ മാസം മുതൽ നടപ്പിൽ വരുന്നതാണ്. അലവൻസ് വർദ്ധിപ്പിച്ച കാര്യം അടുത്തുവരുന്ന ഇടവക പ്രതിനിധി യോഗത്തിൽ അറിയിക്കുകയും ചെയ്യേണ്ടതാണ്.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 30.12.2022

## ദൈവവിളി ക്യാമ്പ്

ബഹുമാനപ്പെട്ട അച്ചാ, പാലാ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽനിന്നു സ്നേഹാന്വേഷണങ്ങൾ

നമ്മുടെ രൂപതയിലെ പൗരോഹിത്യത്തോട് ആഭിമുഖ്യമുള്ള എസ്.എസ്.എൽ.സി., പ്ലസ് വൺ & പ്ലസ്ടു ക്ലാസുകളിലെ കുട്ടികൾക്കായി ഒരു ഏകദിന ദൈവവിളി ക്യാമ്പ് നമ്മുടെ രൂപത മൈനർ സെമിനാരിയിൽ 2023 ജനുവരി 01 ഞായറാഴ്ച നടക്കുകയാണ്. രാവിലെ 9.30 നു വി. കുർബാന. തുടർന്ന്, ഉച്ചകഴിഞ്ഞ് രണ്ടുമണി വരെ ക്യാമ്പ്. സൽസ്വഭാവികളും മിടുക്കരുമായ കുട്ടികളെ ഈ പ്രോഗ്രാമിൽ പങ്കെടുപ്പിക്കാൻ അച്ചന്റെ വിലയേറിയ സഹായം അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. ജേക്കബ് വടക്കേൽ**
(റെക്ടർ)

കരൂർ
01.12.2022

## കച്ചേരിക്കാര്യം

### Transfers & Appointments (November 2022)

| | Name | Office |
|---|---|---|
| 1. | Thottathil Joseph | Asst. Vicar, St. George Forane Church, Aruvithura |
| 2. | Vanchipurackal Joseph | Asst. Vicar, Holy Ghost Forane Church, Muttuchira |

## പ്രസ്ബിത്തേരിയം &
## ADCP ജനറൽ ബോഡി മീറ്റിംഗ്

ഈ വർഷത്തെ **പ്രസ്ബിത്തേരിയം** ഡിസംബർ 15-ാം തീയതി വ്യാഴാഴ്ച രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 1 മണി വരെ അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തുന്നു. അന്നേദിവസം ഉച്ചകഴിഞ്ഞ് 1.30 ന് യുടെ **ADCP ജനറൽ ബോഡി** മീറ്റിങ്ങും ഉണ്ടായിരിക്കും.

## അറിയിപ്പ്

### കുടുംബസഹായനിധി

1. കുടുംബസഹായനിധിയുടെ കവറുകൾ 2022 ഡിസംബർ അഞ്ചാം തീയതി മുതൽ ബിഷപ്സ് ഹൗസിൽ നിന്നു ലഭിക്കുന്നതാണ്.
2. കുടുംബസഹായ നിധി 2023 ജനുവരി 15 നു മുമ്പായി രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

### ബൈബിൾ ഞായർ കളക്ഷൻ

ഡിസംബർ 18 ഞായറാഴ്ച വിശുദ്ധ കുർബാന മധ്യേ ബൈബിൾ ഞായർ പിരിവു നടത്തി പിരിഞ്ഞുകിട്ടുന്ന തുക ജനുവരി 15 ന് മുമ്പായി രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

### സബർമതി മിഷൻ കളക്ഷൻ

2022 ഡിസംബർ 4 ഞായറാഴ്ച വിശുദ്ധ കുർബാനമധ്യേ സബർമതി മിഷനുവേണ്ടി സംഭാവന ശേഖരണം നടത്തി പിരിഞ്ഞുകിട്ടുന്ന തുക ജനുവരി 15 നുമുമ്പായി രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

## ബൈബിൾ കൺവെൻഷൻ കുമ്പസാരം

ബൈബിൾ കൺവെൻഷൻ ദിവസങ്ങളിലെ കുമ്പസാരത്തിനായി നിയോഗിക്കപ്പെട്ടിരിക്കുന്ന വൈദികരുടെ പേരും സമയവിവരവും താഴെ ചേർക്കുന്നു. ബഹുമാനപ്പെട്ട വൈദികർ കൃത്യസമയത്തുതന്നെ വന്നു സദയം സഹകരിക്കണമെന്ന് താല്പര്യപ്പെടുന്നു.

മെത്രാസനമന്ദിരം
പാലാ, 28.11.2022

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

| December 20 Tuesday<br>Evening Session 4.00-6.00 | |
|---|---|
| Adappacheril Sebastian | Chamakalayil Sebastian |
| Alanickal Joseph | Chathankunnel George |
| Alapattumedayil Mathew | Chavelil John |
| Alencheril Joseph | Cheenothuparampil Joseph |
| Ambattu Joseph | Cheeramkuzhy Michael |
| Ambattupadavil Joseph | Chengazhacheril Joseph |
| Ambazhathinal George | Chennattu Mathew |
| Ammanathukunnel Joseph | Cherukarakunnel Joseph |
| Ammottukunnel Mathew | Chillackal Thomas |
| Ampazhathumkal Mathew | Chollanal George |
| Anithanam Kurian | Choorakkatt George(Jr) |
| Arackal Joseph | Chovelikudiyil James |
| Arackaparampil Mathew | Edathinal Francis |
| Aranjani Puthenpura Augustine | Edathuparampil Joseph |
| Attappatt Zacharias | Ennackappallil Mathew |
| Ayallukunnel Thomas | Eruppakkattu Philip |
| Brahmanavelil Thomas | Eruvelikunnel Antony |
| Chakkalackal Joseph | |

| December 20 Tuesday<br>Evening Session 6.00-8.00 | |
|---|---|
| Ettackakunnel George | Illimoottil Joseph |
| Ettumanukaran Alvin | Illimoottil Thomas |
| Ettuparayil Sebastian | Kachiramattam Augustine |
| Ezhuparayil Joseph | Kadalikattil Mathew |

| | |
|---|---|
| Kadankavil Mathew<br>Kadaplackal Sebastian<br>Kadookunnel Mathew<br>Kakkallil Jose<br>Kakkaniyil Abraham<br>Kalachirayil Thomas<br>Kalappurackal Joseph<br>Kalayil Kurian<br>Kalayil Mathew<br>Kallarackal Martin<br>Kandathikudilil Augustine<br>Kaniampadickal Sebastian<br>Very Rev Fr Kaniyodickal Joseph<br>Kanjirathinkal Emmanuel | Kannamthanam John<br>Kappil Joseph<br>Kappiliparampil Kuriakose<br>Karamvely George<br>Karikulam Joseph<br>Karottukizhakkel Thomas<br>Kavalammackal Mathew<br>Kavanadimalayil Mathew<br>Kavumpurathu George<br>Keeramthadathil Joseph<br>Keeranchira Jose<br>Kizhakearanjaniyil George<br>Kizhakearanjaniyil Mathew |

December 21 Wednesday
Evening Session 4.00-6.00

| | |
|---|---|
| Kizhakkel Thomas<br>Kizhakkeparampil Michael<br>Kochayyankanal James<br>Kochodackal Thomas<br>Kochukaippettiyil Cyriac<br>Kochumuriyil Joseph<br>Kollamparambil Devasia<br>Kollithanathumalayil Abraham<br>Koonanickal Joseph<br>Koottiyaniyil Augustine<br>Koramkuzha Mathew<br>Kottarathil Emmanuel<br>Kottarathil George<br>Kottayil Joseph<br>Kottayil Kurian<br>Kottukappally Lukose<br>Kozhuppankutty Mani<br>Kudilil James | Kulamakkal Abraham<br>Kulangara Philip<br>Kumbulumkal Mathew<br>Kumbulumoottil Sebastian<br>Kumminiyil Joseph<br>Kunnackattu Cherian(Biju)<br>Kunnackattu Cherian(Joby)<br>Kunnappallil Jose<br>Kunnumpuram Berchmans<br>Kunnumpurath Paul<br>Kuppapuzhackal Abraham<br>Kurumuttath Joseph<br>Kuruppasseril Joseph<br>Kuruvachira Joanny<br>Kuttarapallil John<br>Kuttiankal Joseph<br>Kuttikatt Thomas |

December 21 Wednesday
Evening Session 6.00-8.00

| | |
|---|---|
| Kuttiyanickal Mathew | Mathilakath Mathew |
| Kuzhimullil Abraham | Mattam John |
| Kuzhinjalil Jose | Mattamundayil John |
| Madathikunnel Paul | Mecheril Augustine |
| Madathiparampil Thomas | Mecheril Joseph |
| Madukavil George | Menachery Thomas |
| Malamackal Scaria | Menamparampil Scaria |
| Malayilputhenpura Thomas | Meyickel Joseph |
| Maleparampil Joseph | Modiyil Scaria |
| Mamalasseril Tom Jose | Moolayil Cherian |
| Mampallikunnel Sebastian | Moolechalil George |
| Manarkattu Joseph | Moolechalil Thomas |
| Mangalath James | Moongamakel Vincent |
| Manianchira Joseph | Moosariparambil Mathew |
| Mannanal Joseph | Mukaleparambil Joseph |
| Mannoor Thomas | Mulanjanal Joseph |
| Mannukuzhumpil George | Mundackal Joseph |
| Maprakarottu Sebastian | |

December 22 Thursday
Evening Session 4.00-6.00

| | |
|---|---|
| Muthanattu Joseph | Paikada Alexander |
| Mylapparampil Joseph | Pakkarampel John |
| Nadackal Antony | Palackaparambil Augustine |
| Naduthadam John | Palackathadathil Abraham |
| Naduthadam Sebastian | Palithottam John |
| Naduvilekoot Ignatius | Pallackal Joseph |
| Narikkatt Michael | Panachickal Karottu James |
| Narithookil Joseph | Panackakuzhiyil Thomas |
| Nellickatheruvil Jose | Panampuzha Joseph |
| Nellikunnucherivupurayidom George | Pandarakappil Alex |
| Njarakkattil Joseph | Pandaraparambil Jacob |
| Njarakunnel George | Pandiamackal Joseph (Sr) |
| Njavally Thomas | Panthalanickal Christy |
| Olayathil Thomas | Panthalanickal Mathew |
| Olickaputhenpura Thomas | Panthiruvelil Martin |
| Ouseparampil Michael | Panthiruvelil Mathew. |
| Ozhukayil George | Parackal Paul |
| Padikakuzhuppil Sebastian | |

| December 22 Thursday<br>Evening Session 6.00-8.00 | |
|---|---|
| Parackal Thomas | Plathottam Thomas |
| Parampithadathil George | Polachirakunnumpuram George |
| Paraplackal Augustine | Polakatt Kurian |
| Parathotty Mathew | Poovathumkal Jose |
| Paravummel Joseph | Porunnolil James |
| Parekkattu Emmanuel | Potheettel John |
| Pariath Joseph (Sr) | Pottakulam Jacob |
| Pariyappanal Johnson | Pulavelil Joseph (Jr) |
| Paruthiparayil Thomas | Pulickaparambil Mathew |
| Pathickelputhenpurayil Kuriakose | Pulinthanathu Kuriakose |
| Pattery Thomas | Puliurumbil James |
| Pazheparampil George | Pullattu Thomas |
| Pazheparampil Sebastian | Pulleettu Johnson |
| Peedikamalayil Augustine | Pullukalayil George |
| Peedikayil Mathew | Pullukalayil Mathew |
| Pendanam Sebastian | Punnathanathukunnel Mathew |
| Periappuram Emmanuel | Purakkattuputhenpura John |
| Pezhumkattil Thomas | |

| December 23 Friday<br>Evening Session 4.00-6.00 | |
|---|---|
| Purayidathil Joseph | Tharappel Jose (Jr) |
| Puthettu Cyriac | Tharappel Joseph (Sr) |
| Puthiyamattam John | Thayyil Antony |
| Puthiyaparampil Jacob | Thayyil Mathew |
| Puthoor Sebastian | Thayyil Thomas |
| Puthumana Joseph | Thazhathuvarikayil Joseph |
| Puthuparambil Thomas | Thekkel Joseph (Jr) |
| Thadathil Cyriac | Thekkel Mathew |
| Thadathil Joseph (Sr) | Thekkumcherikunnel Sebastian |
| Very Rev Fr Thadathil Joseph (Jr) | Thengumpallil Joseph |
| Thadathil Kurian | Thennattil Mathew |
| Thadathil Mathew | Theruvath Augustine |
| Thadickaparambil Kuriakose | Theruvil George |
| Thakadiyel | Theruvil Joseph |
| Thalavayalil Abraham | Thevarkunnel Mathew |
| Thannickapara Joseph | Thonakkara Antony |

| | |
|---|---|
| Thonikuzhiyil Sebastian | Vellamaruthunkal Jacob |
| Thottathil Joseph | Velooparambil George |
| Thottunkal Thomas | Vengaloor Mathew |
| Velamparambil Cyrus | Vennayappillil Mathew |
| Vellachalil Kuriakose | Vethanath Sebastian |

December 23 Friday
Evening Session 6.00-8.00

| | |
|---|---|
| Thudiamplackal Kuruvila | Vattamukalel Kuriakose |
| Vadakara Joseph | Vattappalam Devasiachan |
| Vadakkekara Michael | Vattappillil Joseph |
| Vadakkekutt Joseph | Vayalil James |
| Vadakkel Cyriac | Vayalil Joseph |
| Vadakkel Jacob | Vayaliparambil George |
| Vadakkemangalath Joseph | Vazhacharickal Mathew |
| Vadakkenellikattil Joseph | Vazhacharickal Thomas |
| Vadakkethottiyil George | Vazhakalayil Antony |
| Vadakkummukalayil Thomas | Vazhackapara Joseph |
| Vadayattukuzhy George | Vazhakkaparayil Mathew |
| Valiyaveettil Kalappura Sebastian | Vazhayil Antony |
| Vallompurayidathil Jose | Vazhayil Thomas |
| Valummel Thomas | Vekathanam Scaria |
| Vanchipurackal George | Vettathel Joseph |
| Vanchipurackal Joseph | Vettukallel George |
| Varakukalaparampil George | Vettukallel James |
| Varickamackal Kurian | Vettukallel Mathew |
| Varickamakal Augustine | Vettukallel Sebastian |
| Varickamakal Emmanual | Vettukattil Thomas |
| Vattamattathil Philip | Vilakkunnel Joseph |

# COLLECTION LIST

| Sl. No | Parishes | Jesus Fraternity | Justice Sunday | Mass Media |
|---|---|---|---|---|
| 1 | ADIVARAM | | | |
| 2 | ADUKAM | 500.00 | 500.00 | 250.00 |
| 3 | AIMCOMBU | 1000.00 | 1500.00 | 1000.00 |
| 4 | ALPHONSAGIRI | 500.00 | 500.00 | 500.00 |
| 5 | ALPHONSAPURAM | 200.00 | | 300.00 |
| 6 | AMPARANIRAPPEL | 3500.00 | 2750.00 | 2550.00 |
| 7 | ANTHIALAM | | | |
| 8 | ANTHINADU | 1400.00 | 1600.00 | 1450.00 |
| 9 | ARAKULAM NEW | 1000.00 | 1000.00 | |
| 10 | ARAKULAM OLD | | | |
| 11 | ARUNAPURAM | 2000.00 | 6250.00 | 2000.00 |
| 12 | ARUNOOTTIMANGALAM | 1000.00 | 1500.00 | |
| 13 | ARUVITHURA | 20050.00 | 21050.00 | 20850.00 |
| 14 | AYYAMPARA | 400.00 | 400.00 | |
| 15 | BHARANANGANAM | 12070.00 | 19990.00 | 11750.00 |
| 16 | CHAKKAMPUZHA | | | |
| 17 | CHEMMALAMATTOM | 2000.00 | 2200.00 | |
| 18 | CHEMPILAVU | 1310.00 | 1880.00 | 600.00 |
| 19 | CHENNAD | | | |
| 20 | CHERPUMKAL FORANE | 15370.00 | 17000.00 | 14601.00 |
| 21 | CHETTUTHODU | 1069.00 | | 655.00 |
| 22 | CHITTAR | 1500.00 | 2000.00 | |
| 23 | CHOLATHADAM | 260.00 | 260.00 | |
| 24 | CHOONDACHERY | 800.00 | 750.00 | 750.00 |
| 25 | EDADU | 200.00 | 200.00 | |
| 26 | EDAMARUKU | 2210.00 | 2318.00 | 2175.00 |
| 27 | EDAPPADY | 1000.00 | 1000.00 | 1000.00 |
| 28 | ELAMTHOTTAM | 7500.00 | 7800.00 | 8400.00 |
| 29 | ELANJI FORANE | 5000.00 | 5000.00 | 3300.00 |
| 30 | ELAPPALLY | 420.00 | 350.00 | |

| | | | | |
|---|---|---|---|---|
| 31 | ERAVIMANGALAM | 576.00 | 489.00 | 434.00 |
| 32 | FATHIMAPURAM | 2145.00 | 2265.00 | 2070.00 |
| 33 | GAGULTHA | 400.00 | 500.00 | 500.00 |
| 34 | GEOVALLY | 510.00 | 610.00 | 540.00 |
| 35 | IDAMATTAM | 1200.00 | 1100.00 | 1400.00 |
| 36 | JAIGIRI | 500.00 | 500.00 | |
| 37 | JOSE MOUNT | 650.00 | 800.00 | |
| 38 | JOSEGIRI | 1000.00 | 1100.00 | 700.00 |
| 39 | KADANAD | 4050.00 | 5000.00 | 4000.00 |
| 40 | KADAPLAMATTAM | 1000.00 | 1000.00 | 1000.00 |
| 41 | KADUTHURUTHY | 7450.00 | 8500.00 | 7800.00 |
| 42 | KAIPPALLY | 250.00 | 250.00 | |
| 43 | KAKKOOR | | | |
| 44 | KAKOMBU | 800.00 | 750.00 | 700.00 |
| 45 | KALATHOOKADAVU | 1500.00 | 1500.00 | |
| 46 | KALATHOOR | 1350.00 | 1600.00 | 3680.00 |
| 47 | KALIKAVU | 5994.00 | 12870.00 | 6000.00 |
| 48 | KANJIRAMATTAM | | | 8819.00 |
| 49 | KANJIRATHANAM | 3366.00 | 6000.00 | 3150.00 |
| 50 | KARIMPANY | | | |
| 51 | KAROOR | 2300.00 | 2200.00 | 2200.00 |
| 52 | KATTAMPAK | 500.00 | 600.00 | 500.00 |
| 53 | KAVALY | 500.00 | 700.00 | 500.00 |
| 54 | KAVEEKUNNU | 1000.00 | 1000.00 | 1000.00 |
| 55 | KAVUMKANDAM | 1500.00 | 2000.00 | 3500.00 |
| 56 | KAYYOOR | 1000.00 | 1000.00 | 1000.00 |
| 57 | KEEZHOOR | 200.00 | 200.00 | |
| 58 | KIZHAPARAYAR | 1450.00 | 1600.00 | 1300.00 |
| 59 | KIZHATHADIYOOR | 13660.00 | 13130.00 | 10520.00 |
| 60 | KONDAD | 1000.00 | 1500.00 | 750.00 |
| 61 | KOODALLOOR | | | |
| 62 | KOOTHATTUKULAM | 5000.00 | | 1000.00 |
| 63 | KOOTTIKAL | 2000.00 | 2500.00 | 2000.00 |

| | | | | |
|---|---|---|---|---|
| 64 | KOTHANALLOOR | 14550.00 | 13500.00 | 12000.00 |
| 65 | KOZHUVANAL | 1000.00 | 1000.00 | |
| 66 | KUDAKKACHIRA | 2500.00 | 4380.00 | 5003.00 |
| 67 | KUDAYATHOOR | 1200.00 | 1250.00 | 1100.00 |
| 68 | KULAMAVU | 300.00 | 300.00 | 300.00 |
| 69 | KUNNONNI | 3570.00 | 3120.00 | 4233.00 |
| 70 | KURAVILANGAD | 22930.00 | 22310.00 | 27490.00 |
| 71 | KURICHITHANAM | 7890.00 | 8050.00 | 9350.00 |
| 72 | KURINJI | 500.00 | 500.00 | |
| 73 | KURUMANNU | 700.00 | 1000.00 | 800.00 |
| 74 | KURUVINAL | 750.00 | 800.00 | 750.00 |
| 75 | LALAM NEW PALAI | 15358.00 | 13030.00 | 14391.00 |
| 76 | LALAM OLD PALAI | 10650.00 | 11250.00 | 10270.00 |
| 77 | LOURDES MOUNT | 300.00 | | |
| 78 | MALAPURAM | 2000.00 | 2000.00 | 2000.00 |
| 79 | MALAYINCHIPARA | 1000.00 | 1100.00 | 1000.00 |
| 80 | MALLIKASSERY | 1500.00 | 1500.00 | 1500.00 |
| 81 | MANALUMKAL | 1000.00 | 1000.00 | 1000.00 |
| 82 | MANATHOOR | 700.00 | 1200.00 | 800.00 |
| 83 | MANGALAGIRI | | | |
| 84 | MANGALARAM | | | |
| 85 | MANIAMKULAM | | | |
| 86 | MANIAMKUNNU | 710.00 | 684.00 | 575.00 |
| 87 | MANJAMATTAM | 1410.00 | 1480.00 | 1420.00 |
| 88 | MANNACKANAD | 1000.00 | 1000.00 | 1000.00 |
| 89 | MANNAR | 2000.00 | 2000.00 | 2000.00 |
| 90 | MANNARAPPARA | 6148.00 | 5252.00 | 6600.00 |
| 91 | MANVETTAM | 2000.00 | 1500.00 | |
| 92 | MARANGATTUPALLY | 3300.00 | 4250.00 | |
| 93 | MARANGOLY | 5647.00 | | 3240.00 |
| 94 | MARYLAND | 915.00 | 1075.00 | 800.00 |
| 95 | MATTAKKARA | 500.00 | 500.00 | |
| 96 | MAVADY | 500.00 | 500.00 | |

| | | | | |
|---|---|---|---|---|
| 97 | MEENACHIL | 640.00 | 600.00 | |
| 98 | MELUKAVUMATTAM | 1100.00 | 1200.00 | |
| 99 | MEVIDA | | | |
| 100 | MONIPPALLY | 3885.00 | 3800.00 | |
| 101 | MOOLAMATTOM | 5060.00 | 5070.00 | 3000.00 |
| 102 | MOONNANI | 300.00 | 200.00 | |
| 103 | MOONNILAVU | 1000.00 | 3500.00 | 1500.00 |
| 104 | MOOZHOOR | | | |
| 105 | MULAKULAM | 566.00 | 770.00 | 560.00 |
| 106 | MUNDANKAL | 3600.00 | 4000.00 | 3900.00 |
| 107 | MUTHOLAPURAM | 4000.00 | 3500.00 | 4000.00 |
| 108 | MUTHOLY | 2250.00 | 1700.00 | |
| 109 | MUTTUCHIRA FORANE | | 32041.00 | |
| 110 | NAMBIAKULAM | 3000.00 | 3000.00 | 1500.00 |
| 111 | NARIANGANAM | 500.00 | 750.00 | |
| 112 | NEELOOR | 3000.00 | 3000.00 | 2000.00 |
| 113 | NEERANTHANAM | 1950.00 | 2150.00 | |
| 114 | NELLAPPARA | 440.00 | 420.00 | 430.00 |
| 115 | NELLIANI | 1000.00 | 1300.00 | 1250.00 |
| 116 | POOVAKULAM | | | |
| 117 | PADUVA | 8637.00 | 8351.00 | 5568.00 |
| 118 | PAIKA | 3000.00 | 5000.00 | |
| 119 | PAINGULAM | 2100.00 | 2550.00 | 1800.00 |
| 120 | PALAI CATHEDRAL | 3000.00 | 5000.00 | 3000.00 |
| 121 | PALAKAD | 150.00 | 150.00 | 100.00 |
| 122 | PALAKATTUMALA | 2010.00 | 2200.00 | 1800.00 |
| 123 | PALAYAM | 900.00 | 900.00 | 1000.00 |
| 124 | PARATHANAM | | | |
| 125 | PAYYANITHOTTAM | 1000.00 | 1000.00 | 500.00 |
| 126 | PERIAPURAM | 300.00 | 300.00 | |
| 127 | PERINGULAM | 2000.00 | 2000.00 | 2000.00 |
| 128 | PERUMTHURUTH | 500.00 | 500.00 | 500.00 |
| 129 | PIRAVOM | 600.00 | 650.00 | 600.00 |

| | | | | |
|---|---|---|---|---|
| 130 | PIUSMOUNT | 600.00 | 800.00 | |
| 131 | PLASSANAL | 13200.00 | 13261.00 | 11656.00 |
| 132 | POONJAR | 2750.00 | 6000.00 | 2600.00 |
| 133 | POOVARANY | 1000.00 | 2000.00 | 1000.00 |
| 134 | POOVATHODU | 1090.00 | 1511.00 | 905.00 |
| 135 | POOZHIKOL | 1200.00 | 1100.00 | 1000.00 |
| 136 | PRAVITHANAM | 7810.00 | 4350.00 | 6000.00 |
| 137 | RAMAPURAM | | | |
| 138 | RATNAGIRI | 2500.00 | 2500.00 | 2500.00 |
| 139 | SANTHIGIRI | | | |
| 140 | SANTHIPURAM | 1000.00 | 1000.00 | 1000.00 |
| 141 | SIBIGIRI | 2500.00 | 3000.00 | 2500.00 |
| 142 | SLIVAPURAM | 750.00 | 1000.00 | 1000.00 |
| 143 | TEEKOY | 7250.00 | 15000.00 | 10000.00 |
| 144 | THAKADI | 300.00 | 450.00 | |
| 145 | THIDANAD | 14800.00 | 12250.00 | 9110.00 |
| 146 | THIRUMARADY | 550.00 | 350.00 | |
| 147 | THODANAL | 950.00 | 1513.00 | 3900.00 |
| 148 | THUDANGANAD FORANE | 1050.00 | 1150.00 | |
| 149 | THURUTHIPALLY | 450.00 | | |
| 150 | UDAYAGIRI | 1885.00 | 2038.00 | 2000.00 |
| 151 | ULLANAD | 2000.00 | 2500.00 | 3000.00 |
| 152 | URULIKUNNAM | 2100.00 | 3000.00 | 4000.00 |
| 153 | URUMPUKAVU (PIZHAKU) | 2500.00 | 2500.00 | 2000.00 |
| 154 | VADAKARA | 1000.00 | 1500.00 | |
| 155 | VAGAMON | | | |
| 156 | VAKAKKAD | 2000.00 | 1500.00 | 1300.00 |
| 157 | VAKKAD | 500.00 | 500.00 | 500.00 |
| 158 | VALACHIRA | 2000.00 | 2500.00 | 1000.00 |
| 159 | VALAVOOR | 1000.00 | 1400.00 | 1360.00 |
| 160 | VARIANIKAD | | | |
| 161 | VAYALA | 2400.00 | 1800.00 | |
| 162 | VEDAGIRI | 1000.00 | 1000.00 | 1000.00 |

| | | | | |
|---|---|---|---|---|
| 163 | VELANILAM | 500.00 | 500.00 | 500.00 |
| 164 | VELLIAMATAM | 700.00 | 700.00 | 700.00 |
| 165 | VELLIKULAM | 1100.00 | 1050.00 | 1200.00 |
| 166 | VEZHAGANAM | | | |
| 167 | VILAKUMADAM | 1320.00 | 850.00 | |
| 168 | VIMALAGIRI | 400.00 | 450.00 | 500.00 |
| 169 | XAVIERPURAM | 520.00 | 510.00 | 515.00 |
| 170 | YENTHAYAR | 3500.00 | 6000.00 | 4000.00 |
| 171 | VALAKATTU KUNNU CHAPEL | | | |
| 172 | KALLORKULAM CHAPEL | 390.00 | 370.00 | |

# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റി പാലായിൽ സ്റ്റാഫ് നഴ്സസിനായി എല്ലാ ചൊവ്വാഴ്ചകളിലും വാക്ക് – ഇൻ – ഇന്റർവ്യൂ**

മാർ സ്ലീവാ മെഡിസിറ്റി പാലായിൽ സ്റ്റാഫ് നഴ്സസിനായി എല്ലാ ചൊവ്വാഴ്ചകളിലും വാക്ക് – ഇൻ – ഇന്റർവ്യൂ സംഘടിപ്പിക്കുന്നു. ജി.എൻ.എം നഴ്സിംഗ് ഡിഗ്രിയും ഒപ്പം കേരള നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ ഉള്ളവർക്കും പങ്കെടുക്കാം. താത്പര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവ സഹിതം ഹ്യൂമൻ റിസോഴ്സ് ഡിപ്പാർട്മെന്റിൽ ചൊവ്വാഴ്ചകളിൽ നേരിട്ടു ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 9188525970, 8281699258, 04822 266813/814 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

**സൗജന്യ നടുവേദന പരിശോധന ക്യാമ്പ് ഒരുക്കി മാർ സ്ലീവാ മെഡിസിറ്റി പാലാ**

മാർ സ്ലീവാ മെഡിസിറ്റിയിൽ നടുവേദനസംബന്ധമായ രോഗങ്ങൾക്കു പ്രത്യേക പരിശോധനക്യാമ്പ് നടന്നു. ന്യൂറോ സർജറി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 18, 19, 20 തീയതികളിൽ ഉച്ചയ്ക്ക് 2 മുതൽ വൈകിട്ട് 4 വരെയുള്ള ക്യാമ്പിൽ ന്യൂറോസർജറി വിഭാഗം ഡോക്ടർമാരായ ഡോ. ശ്യാം ബാലസുബ്രമണ്യൻ, ഡോ. സുശാന്ത് എസ്. എന്നിവർ രോഗികളെ പരിശോധിച്ചു.

**ജീവൻരക്ഷാ പരിശീലനപദ്ധതിയുമായി മാർ സ്ലീവാ മെഡിസിറ്റി പാലാ**

ലോകട്രോമാദിനത്തോടനുബന്ധിച്ച് മാർ സ്ലീവാ മെഡിസിറ്റി പാലായും സ്റ്റുഡന്റ് പോലീസ് കേഡറ്റ്സുമായി ചേർന്ന് ആരംഭിച്ച സ്പോട്ട് ട്രോമാ ആൻഡ് ആക്സിഡന്റ് റെസ്ക്യൂ – 'സ്റ്റാർ' പദ്ധതിയുടെ ഉദ്ഘാടനം ഒക്ടോബർ പതിനേഴാം തീയതി ശ്രീ മോൻസ് ജോസഫ് എം.എൽ.എ. കിടങ്ങൂർ സെന്റ് മേരീസ് എച്ച്.എസ്.എസിൽ നിർവഹിച്ചു. സെന്റ് മേരീസ് എച്ച്.എസ്.എസ്. മാനേജർ റവ. ഫാ. ജോസ് നെടുങ്ങാട്ട്, എസ്.പി.സി.എ.ഡി.എൻ. ഒ.ഡി. ജയകുമാർ, കിടങ്ങൂർ ഗ്രേഡ് എസ്.ഐ. ഗോപകുമാർ

എം.ടി., ഹെഡ്മാസ്റ്റർ എബി കുര്യാക്കോസ്, മെഡിസിറ്റിയിലെ എമർജൻസി കൺസൾറ്റന്റ് ഡോ. ശ്രീജിത്ത് ആർ. നായർ എന്നിവർ പങ്കെടുത്തു.

**മാർ സ്ലീവാ മെഡിസിറ്റിയുടെ സഹകരണത്തോടെ ചക്കാമ്പുഴ സേക്രഡ് ഹാർട്ട് ആശുപത്രിയിൽ ഒ.പി. വിഭാഗം**

സേക്രഡ് ഹാർട്ട് ആശുപത്രിയിൽ പാലാ മാർ സ്ലീവാ മെഡിസിറ്റിയുടെ സഹകരണത്തോടെ ആരംഭിക്കുന്ന ജനറൽ മെഡിസിൻ ഒ.പി വിഭാഗത്തിന്റെ ഉദ്ഘാടനം നടത്തി. എല്ലാ ബുധനാഴ്ചയും ഉച്ചകഴിഞ്ഞ് 3.30 മുതൽ 6.30 വരെയാണ് സേവനം ലഭിക്കുക. ഈ ദിവസം മാർ സ്ലീവാ മെഡിസിറ്റിയിലെ ജനറൽ മെഡിസിൻ വിഭാഗം ഡോ. അയ്യപ്പൻ കെ. അനിൽ രോഗികളെ പരിശോധിക്കും. മാർ സ്ലീവാ മെഡിസിറ്റി മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കലും സേക്രഡ് ഹാർട്ട് ആശുപത്രി പ്രൊവിൻഷ്യൽ സിസ്റ്റർ ലിസ്ബത് കടൂക്കുന്നേലും ധാരണാപത്രം കൈമാറി. അഡ്മിനിസ്ട്രേറ്റർ സിസ്റ്റർ റോസ്‌ലിൻ തോമസ്, ഹോസ്പിറ്റൽ കൗൺസിലർ സിസ്റ്റർ റോസ് എബ്രഹാം എന്നിവരും സന്നിഹിതരായിരുന്നു.

**ലോകഭക്ഷ്യദിനാചരണം**

അരുവിത്തുറ സെന്റ് ജോർജ് കോളജ് ഫുഡ് സയൻസ് ഡിപ്പാർട്ട്മെന്റിന്റെയും പാലാ മാർ സ്ലീവാ മെഡിസിറ്റിയുടെയും ആഭിമുഖ്യത്തിൽ ലോക ഭക്ഷ്യദിനാചരണം സംഘടിപ്പിച്ചു. മെഡിസിറ്റി മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ ഉദ്ഘാടനം നിർവഹിച്ചു. കോളജ് മാനേജർ ഫാ. അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിൽ അധ്യക്ഷത വഹിച്ചു.

**സ്റ്റാർ അവാർഡുകൾ സമ്മാനിച്ച് മാർ സ്ലീവാ മെഡിസിറ്റി പാലാ**

മാർ സ്ലീവാ മെഡിസിറ്റി പാലായും കോട്ടയം ജില്ലാ പോലീസും സംയുക്തമായി പോലീസ് സേനാംഗങ്ങൾക്കായി സംഘടിപ്പിച്ച അടിയന്തരപരിചരണം ലഭ്യമാക്കുന്നതിനുള്ള പരിശീലനപരിപാടി അഡി. എസ്.പി. ഷാജു പോളിന്റെ സാന്നിധ്യത്തിൽ പാലാ രൂപത പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ഡോ. ജോസഫ് തടത്തിൽ നിർവ

ഹിച്ചു. നഷ്ടപ്പെടാമായിരുന്ന ജീവൻ തിരിച്ചുപിടിക്കാൻ സഹായിച്ച പോലീസ് ഉദ്യോഗസ്ഥർക്കുള്ള സ്റ്റാർ അവാർഡുകളും സമ്മാനിച്ചു. മാർ സ്ലീവാ മെഡിസിറ്റി പാലായുടെ ചീഫ് ഓഫ് മെഡിക്കൽ സർവീസസ് ഡോ. പോളിൻ ബാബു, കോട്ടയം നാർക്കോട്ടിക് വിഭാഗം ഡി.വൈ.എസ്.പി. സി. ജോൺ, അത്യാഹിതവിഭാഗം കൺസൾറ്റന്റ് ഡോ. ശ്രീജിത്ത് ആർ. നായർ എന്നിവർ പരിപാടിയിൽ സന്നിഹിതരായിരുന്നു.

**'മെമ്മറീസ്' സംഘടിപ്പിച്ചു മാർ സ്ലീവാ മെഡിസിറ്റി**

മാർ സ്ലീവാ മെഡിസിറ്റിയിൽ നവംബർ നാലാം തീയതി ന്യൂറോളജി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ പക്ഷാഘാതം ഭേദമായവരുടെ സംഗമം സംഘടിപ്പിച്ചു. രോഗം ഭേദമായവരുടെ സംഗമത്തിൽ 40 പേരാണ് പങ്കെടുത്തത്. 'മെമ്മറീസ്' എന്ന് പേരിട്ട സംഗമം ശ്രീ മാണി സി. കാപ്പൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. മെമ്മറീസ് എന്ന പദ്ധതിയുടെ ലോഗോ പ്രകാശനവും ശ്രീ മാണി സി. കാപ്പൻ നിർവഹിച്ചു. സമ്മേളനത്തിൽ ആശുപത്രി മാനേജിംഗ് ഡയറക്ടറും പാലാ രൂപത വികാരിജനറാളുമായ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ അധ്യക്ഷത വഹിച്ചു. ഡോ. പോളിൻ ബാബു, ഡോ. അരുൺ ജോർജ്, ഡോ. ജോസി ജെ. വള്ളിപ്പാലം, ഡോ. ജെമിനി ജോർജ്, ഡോ. ആർ മീര, ഡോ. രാജേഷ് ആന്റണി, ഡോ. ജോസ് പോൾ ലൂക്കാസ് എന്നിവർ പങ്കെടുത്തു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ കുട്ടികളുടെ വളർച്ചാവൈകല്യങ്ങൾക്കുള്ള സൗജന്യപരിശോധന**

ശിശുദിനത്തോടനുബന്ധിച്ച് പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ കുട്ടികളുടെ വളർച്ചാവൈകല്യങ്ങൾക്കുള്ള സൗജന്യ പരിശോധനാസൗകര്യം ഒരുക്കി. പീഡിയാട്രിക് വിഭാഗവും ചൈൽഡ് ഡെവലപ്മെന്റ് സെന്ററും സംയുക്തമായി സംഘടിപ്പിച്ച പരിശോധന നവംബർ 14 മുതൽ 17 വരെ മെഡിസിറ്റിയിൽ നടന്നു. പീഡിയാട്രിക് വിഭാഗം സീനിയർ കൺസൾറ്റന്റ് ഡോ. ജിസ് തോമസ്, ചൈൽഡ് ഡെവലപ്മെന്റ് ഏർലി ഇന്റെർവെൻഷനിസ്റ്റ് ദ്വിതീയ പാതിരാമണ്ണ എന്നിവർ കുട്ടികളെ പരിശോധിച്ചു.

## പ്രമേഹപരിശോധനാ ക്യാമ്പുമായി മാർ സ്ലീവാ മെഡിസിറ്റി പാലാ

ലോക പ്രമേഹദിനത്തോടനുബന്ധിച്ച് മാർ സ്ലീവാ മെഡിസിറ്റി നവംബർ പതിനാലാം തീയതി പാലായിൽ വിവിധയിടങ്ങളിൽ പ്രമേഹ പരിശോധനക്യാമ്പുകൾ സംഘടിപ്പിച്ചു. പാലാ സിവിൽ സ്റ്റേഷൻ, പൊൻകുന്നം പോലീസ് സ്റ്റേഷൻ, പൊൻകുന്നം പബ്ലിക് ബസ്സ് സ്റ്റേഷൻ എന്നിവിടങ്ങളിലാണ് ഒരേസമയം പരിശോധനാ സേവനം ലഭ്യമാക്കിയത്. മൂന്നിടത്തുമായി 500-ലധികം ആളുകൾ പരിപാടിയിൽ പങ്കെടുത്തു.

## NEW DOCTORS (NOVEMBER)

1. ഡോ. മീര ആർ - അസ്സോസിയേറ്റ് കൺസൾറ്റന്റ് - ന്യൂറോളജി
2. ഡോ. നിമ്മി രാജ് - രജിസ്ട്രാർ - അനസ്തേഷ്യയോളജി & പെരിഓപ്പറേറ്റീവ് മെഡിസിൻ
3. ഡോ. നീന ജോയ് - രജിസ്ട്രാർ - ക്രിട്ടിക്കൽ കെയർ മെഡിസിൻ
4. ഡോ. ജിം അലക്സ് - രജിസ്ട്രാർ - പീഡിയാട്രിക്സ്
5. ഡോ. ടോം ജോസ് - അസ്സോസിയേറ്റ് കൺസൾറ്റന്റ് - ന്യൂറോസർജറി & സ്പൈൻ സർജറി
6. ഡോ. ശ്രുതി രവീന്ദ്രൻ - രജിസ്ട്രാർ - മെഡിക്കൽ ഗ്യാസ്ട്രോ എന്ററോളജി
7. ഡോ. ആശിഷ് ശശിധരൻ - കൺസൾറ്റന്റ് - പ്ലാസ്റ്റിക് ആൻഡ് റീ കൺസ്ട്രക്റ്റീവ് സർജറി
8. ഡോ. ഷാൻസി റെജി - കൺസൾറ്റന്റ് ഹോമിയോപ്പതി
9. ഡോ. അശ്വതി ചന്ദ്രൻ - അസ്സോസിയേറ്റ് കൺസൾറ്റന്റ് - പ്ലാസ്റ്റിക് & റീ കൺസ്ട്രക്റ്റീവ് സർജറി

**മോൺ. ജോസഫ് കണിയോടിക്കൽ**

മാനേജിംഗ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

മാർ ജോസഫ് കല്ലറങ്ങാട്ട്
മാർ തോമസ് തറയിൽ (ചങ്ങനാശ്ശേരി അതിരൂപത സഹായമെത്രാൻ)
മാർ ജോസ് കൊടകല്ലിൽ (സത്ന രൂപതാമെത്രാൻ)
മാർ ജോസഫ് സ്രാമ്പിക്കൽ (ഗ്രേറ്റ് ബ്രിട്ടൺ രൂപതാമെത്രാൻ)
സാമുവൽ മാർ ഐറീനിയോസ് (പത്തനംതിട്ട രൂപതാമെത്രാൻ)
യൂഹാനോൻ മാർ ക്രിസോസ്റ്റം (പത്തനംതിട്ട രൂപതാ മുൻ മെത്രാൻ)

## Alphoquim 2022

ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്ന്യാസിനീസമൂഹത്തിലെ ഭരണങ്ങാനം അൽഫോൻസാ ജ്യോതി പ്രോവിൻസിന്റെ ആഭിമുഖ്യത്തിൽ വി. അൽഫോൻസായുടെ ആദ്ധ്യാത്മികതയെ അടിസ്ഥാനപ്പെടുത്തി Alphoquim 2022 എന്ന പേരിൽ ദേശീയ സെമിനാർ 2022 നവംബർ 4 മുതൽ 6 വരെ ഭരണങ്ങാനം അൽഫോൻസാ സ്പിരിച്വാലിറ്റി സെന്ററിൽ നടത്തപ്പെട്ടു. സെമിനാറിന്റെ പ്രഥമദിവസം രാവിലെ 9.30 ന് എഫ്.സി.സി. സന്ന്യാസിനീസമൂഹത്തിന്റെ സുപ്പീരിയർ ജനറൽ റവ. മദർ ലിറ്റിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടനസമ്മേളനത്തിൽ വച്ച് പാലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ചങ്ങനാശ്ശേരി അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിൽ അനുഗ്രഹപ്രഭാഷണം നടത്തി. തീർത്ഥാടകേന്ദ്രം റെക്ടർ ഫാ. ജോസ് വള്ളോംപുരയിടത്തിൽ സെമിനാറിന് ആശംസകളർപ്പിച്ചു. പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. ജെസി മരിയായുടെ നേതൃത്വത്തിൽ 6 സെഷനുകളിലായി വ്യത്യസ്തമേഖലകളിൽനിന്നുള്ള പ്രല്ഭരായ വ്യക്തികൾ ക്ലാസ്സുകളും ചർച്ചകളും നടത്തി.

**ഡീക്കൻ മിനിസ്ട്രി**

ആറുമാസക്കാലമായി വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരുന്ന ശെമ്മാശന്മാരായ അമൽ കരിന്തോളിൽ (നോർബടൈൻ സഭാംഗം) റെസ്റ്റിൻ കുറുമുട്ടത്ത് (അഡോർണോ സഭാംഗം) എന്നിവർ തങ്ങളുടെ ശുശ്രൂഷ പൂർത്തീകരിച്ചശേഷം തിരികെപ്പോവുകയും പകരം അഡോർണോ സഭാംഗമായ എബിൻ തെള്ളിക്കുന്നേൽ ശെമ്മാശൻ തീർത്ഥാടനകേന്ദ്രത്തിലെ ശുശ്രൂഷയ്ക്കായി എത്തിച്ചേരുകയും ചെയ്തു.

**ഇതരസംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയ ശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന ഇതരസംസ്ഥാനങ്ങളിൽനിന്നുള്ള ക്രൈസ്തവ സഹോദരങ്ങൾക്കുവേണ്ടി 2022 നവംബർ 6 ഞായറാഴ്ച ഉച്ചയ്ക്ക് ഒരു മണിക്ക് അനുരഞ്ജനകൂദാശയും പരി. കുർബാനയും നടന്നു. ഫാ. ബാബു കാക്കാനിയിൽ SDV ശുശ്രൂഷകൾക്കു നേതൃത്വം വഹിച്ചു.

**പത്തനംതിട്ട രൂപതയിലെ വൈദികരുടെ പരിശുദ്ധ കുർബാനയർപ്പണം**

സീറോ മലങ്കര സഭയിലെ പത്തനംതിട്ട രൂപതയിലെ വൈദികരുടെ വാർഷിക ധ്യാനത്തോടനുബന്ധിച്ച് 2022 നവംബർ 17 വ്യാഴാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് രൂപതാദ്ധ്യക്ഷൻ സാമുവൽ മാർ ഐറീനിയോസിന്റെ മുഖ്യകാർമ്മികത്വത്തിൽ രൂപതയിലെ വൈദികരെല്ലാവരും ഒന്നുചേർന്ന് വി. അൽഫോൻസാ തീർഥാടനകേന്ദ്രത്തിൽ വി. കുർബാനയർപ്പിച്ചു.

**രാത്രിയാരാധന**

പാലാ രൂപത ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ 2022 നവംബർ 26 ശനിയാഴ്ച വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ നടത്തിയ രാത്രി ആരാധനയ്ക്ക് ഫാ. പോൾ വടക്കേമുറി CMI നേതൃത്വം നൽകി.

**എഫ്.സി.സി. നവസന്ന്യാസിനിമാരുടെ കബറിടസന്ദർശനം**

2022 നവംബർ 22 ചൊവ്വാഴ്ച രാവിലെ 8 മണിയുടെ വി. കുർബാനയോടനുബന്ധിച്ച് എഫ്.സി.സി. സന്ന്യാസിനീസമൂഹത്തിലെ നൂറോളം നവസന്ന്യാസിനികൾ വി. അൽഫോൻസായുടെ കബറിടം സന്ദർശിച്ചു പ്രാർത്ഥിച്ചു.

**ഫാ. ജോസ് വള്ളോംപുരയിടം** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. CTP കോഴ്സ് 2022-2023**

2022-2023 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിന്റെ നവംബർ മാസത്തിലെ ക്ലാസ്സ് 12-ാം തീയതി ശനിയാഴ്ച നടത്തപ്പെട്ടു. ധാർമികദൈവശാസ്ത്രവിഷയങ്ങളെ അധികരിച്ച് ഡോ. ഡൊമിനിക് വെച്ചൂർ ക്ലാസ്സ് നയിച്ചു.

**ഡിസംബർ മാസത്തിലെ ക്ലാസ്സുകൾ**

| | | |
|---|---|---|
| ഡിസംബർ 10 ശനി | Moral Theology | Dr. Dominic Vechoor |
| ഡിസംബർ 27 ചൊവ്വ | Liturgy | Dr. Jose Kuttiankal |
| ഡിസംബർ 30 വെള്ളി | Liturgy | Dr. Jose Kuttiankal |
| ഡിസംബർ 31 ശനി | Liturgy | Dr. Jose Kuttiankal |

**2. പ്രോഗ്രസ്സ് കാർഡ്**

ഒന്നാം ടേം പരീക്ഷയുടെ റിസൾട്ട് രേഖപ്പെടുത്തിയ പ്രോഗ്രസ്സ് കാർഡ് എല്ലാ കുട്ടികൾക്കും നൽകുകയും അവരുടെ മാതാപിതാക്കന്മാരെക്കൊണ്ട് അതിൽ ഒപ്പുവയ്പിക്കുകയും ചെയ്യേണ്ടതാണ്. സാധിക്കുമെങ്കിൽ ഇതിനായി ഒരു വിശ്വാസ പരിശീലക - രക്ഷാകർത്തൃകൂട്ടായ്മ സംഘടിപ്പിക്കാവുന്നതാണ്. കുട്ടികളുടെ വിശ്വാസപരിശീലനരംഗത്തെ വളർച്ചയെക്കുറിച്ചു മാതാപിതാക്കളെ യഥാസമയം ബോധ്യപ്പെടുത്തുകയും കുറവുകളുണ്ടെങ്കിൽ ആവശ്യമായ നിർദേശങ്ങൾ അവർക്കു നൽകുകയും ചെയ്യേണ്ടതാണ്.

**3. പാലാ രൂപത പ്രതിഭാസംഗമം**

പാലാ രൂപതയിൽ 12-ാം ക്ലാസിൽ വിശ്വാസപരിശീലനം നടത്തുന്ന കുട്ടികളുടെ പ്രതിഭാസംഗമം നടത്തപ്പെട്ടു. ഇടവക, ഫൊറോന, രൂപത എന്നീ മൂന്നു തലങ്ങളിലായാണ് നമ്മുടെ രൂപതയിൽ ഈ തിരഞ്ഞെടുപ്പ് നടന്നത്. ഓരോ ഇടവകയിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾ 2022 നവംബർ 12, 13 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽ നടത്തപ്പെട്ട ഫൊറോനതല തിരഞ്ഞെടുപ്പിൽ പങ്കെടുത്തു.

ഫൊറോനാതലപ്രതിഭാസംഗമത്തിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട 34 വിദ്യാർത്ഥികൾ നവംബർ 20-ാം തീയതി ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടന്ന രൂപതാതലമത്സരത്തിൽ പങ്കെടുത്തു.

**രൂപതതല പ്രതിഭാസംഗമത്തിൽ വിജയികളായവർ:**

*ആൺകുട്ടികൾ*

1. തോമസ് മാർട്ടിൻ തൈക്കാട്, മലയിഞ്ചിപ്പാറ
2. അതുൽ ഇമ്മാനുവൽ അനിൽ പുന്നത്താനത്ത്, നീറന്താനം

*പെൺകുട്ടികൾ*

1. ജെസ്‌ലിൻ ജോസ് ചെട്ടിയാശ്ശേരിൽ, മരങ്ങാട്ടുപള്ളി
2. ഡിയോണ ആൽബി വെമ്പിൽ, ചെമ്മലമറ്റം

വിജയികൾ സീറോ മലബാർ സഭാകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് 2022 ഡിസംബർ 28 മുതൽ 30 വരെയുള്ള തീയതികളിൽ നടക്കുന്ന സഭാതലപ്രതിഭാസംഗമത്തിൽ പങ്കെടുക്കും.

## 4. Mission Quest 2022

സീറോ മലബാർ സഭയുടെ മിഷൻ ഓഫീസും സീറോമലബാർ മതബോധന കമ്മീഷനും ചേർന്ന് സംഘടിപ്പിച്ച Mission Quest എന്ന online Quiz 2022

നവംബർ 20 ഞായറാഴ്ച വൈകുന്നേരം 6 മണിക്ക് നടത്തപ്പെട്ടു. പാലാ രൂപതയിലെ എല്ലാ സൺഡേ സ്കൂൾ കുട്ടികളും വിശ്വാസപരിശീലകരും ക്വിസിൽ പങ്കെടുത്തു.

**5. സഭാതല പാഠപുസ്തകനവീകരണകമ്മറ്റി യോഗം**

സീറോ മലബാർ സഭയുടെ വിശ്വാസപരിശീലന കമ്മീഷന്റെ നേതൃത്വത്തിലുള്ള പാഠപുസ്തക നവീകരണകമ്മിറ്റി 2022 നവംബർ 4, 5, 21 എന്നീ തീയതികളിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ രൂപത വിശ്വാസപരിശീലനകേന്ദ്രം ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിലും രൂപതയിൽനിന്നുള്ള രണ്ടു വിശ്വാസപരിശീലകരും പങ്കെടുത്തു.

**6. വിശ്വാസപരിശീലനരംഗത്ത് 20, 40, 50 വർഷം സേവനം പൂർത്തിയാക്കിയ വിശ്വാസപരിശീലകരെ ആദരിക്കൽ**

വിശ്വാസപരിശീലനരംഗത്ത് 20, 40, 50 വർഷങ്ങൾ സേവനം പൂർത്തിയാക്കിയ വിശ്വാസപരിശീലകരെ രൂപതാ വിശ്വാസപരിശീലനകേന്ദ്രം ആദരിക്കുന്നു. ഈ വർഷം മേല്പറഞ്ഞ കാലയളവ് പൂർത്തിയാക്കുന്ന വിശ്വാസപരിശീലകരുടെ പേരും ഫോട്ടോയും രൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്നു ലഭിക്കുന്ന നിശ്ചിതഫോറത്തിൽ വികാരിയച്ചന്റെ അംഗീകാരത്തോടെ 2022 ഡിസംബർ 20-നു മുമ്പായി രൂപതാ വിശ്വാസപരിശീലന ഓഫീസിൽ നൽകേണ്ടതാണ്.

**7. വിശ്വാസപരിശീലക പുരസ്കാരം**

ഫാ. സെബാസ്റ്റ്യൻ നടയ്ക്കൽ മെമ്മോറിയൽ വിശ്വാസപരിശീലക പുരസ്കാരത്തിനായി നാമനിർദ്ദേശം ക്ഷണിക്കുന്നു. യോഗ്യരായവരുടെ പേരും ഫോട്ടോയും രൂപത വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്നു ലഭിക്കുന്ന നിശ്ചിത ഫോറത്തിൽ വികാരിയച്ചന്റെ അംഗീകാരത്തോടെ 2022 ഡിസംബർ 20-നു മുമ്പായി രൂപതാ വിശ്വാസപരിശീലന ഓഫീസിൽ നൽകേണ്ടതാണ്. മുമ്പ് ഈ അവാർഡ് ലഭിക്കാത്ത, CTPയും ചുരുങ്ങിയത് പത്തു വർഷത്തെ സർവ്വീസുമുള്ള അധ്യാപകരെ മാത്രമേ അവാർഡിനായി പരിഗണിക്കുകയുള്ളൂ.

**8. സ്കൂൾ മതബോധന സന്മാർഗ്ഗശാസ്ത്ര പരീക്ഷ**

സ്കൂൾ മതബോധന സന്മാർഗ്ഗശാസ്ത്ര വാർഷിക പരീക്ഷ 2022 ഡിസംബർ 5-ാം തിയതി തിങ്കളാഴ്ച നടത്തപ്പെടുന്നതാണ്.

**9. തിരുബാലസഖ്യം - എന്റെ ഡയറി**

തിരുബാലസഖ്യം സംഘടനയുടെ ആഭിമുഖ്യത്തിൽ ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി എന്റെ ഡയറി മത്സരം നടത്തുന്നു. വിശുദ്ധരുടെ ജീവചരിത്രം വായിച്ചു കുട്ടികൾ തയ്യാറാക്കുന്ന ഡയറിക്കുറിപ്പുകളാണ് മത്സരത്തിനായി പരിഗണിക്കുന്നത്. ഒരു ഇടവകയിൽനിന്ന് ഒരു കുട്ടിക്കാണ് രൂപതാ തലമത്സരത്തിൽ പങ്കെടുക്കാവുന്നത്. ഡയറികൾ 2022 ഡിസംബർ 20-നു മുമ്പായി വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

**1. മഹാസഭ**

ഒക്ടോബർ 6 ന് എഫാത്ത ധ്യാനകേന്ദ്രത്തിൽ വച്ചു നടന്ന രൂപത മഹാസഭയിൽ പാലാ മിഷനിൽനിന്ന് 150 പേർ പങ്കെടുത്തു.

**2. മെത്രാഭിഷേകം**

ഒക്ടോബർ 9 ന് ഷംഷാബാദിൽ വച്ചു നടന്ന മാർ സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ, മാർ തോമസ് പാടിയത്ത് എന്നിവരുടെ മെത്രാഭിഷേകകർമ്മത്തിൽ പാലാ മിഷനിൽനിന്ന് ഫാ. മാത്യു പുതിയിടത്തും ഫാ. ഐസക് കുറിച്ചിയേലും പങ്കെടുത്തു.

**3. തിരുനാൾ**

ഒക്ടോബർ 1 ന് കോനേംപേട്ട ഇൻഫെന്റ് ജീസസ് പള്ളിയിൽ തിരുനാൾ നടന്നു. ബിഷപ് മാർ ജോസഫ് കുന്നത്ത് വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് പ്രദക്ഷിണവും സ്നേഹവിരുന്നും കലാപരിപാടികളും നടന്നു.

നെന്നൽ വിശുദ്ധ മദർ തെരേസ പള്ളിയിൽ തിരുനാളിനൊരുക്കമായി 26 ന് വൈകുന്നേരം വചനപ്രഘോഷണം, ആരാധന, കുമ്പസാരം, പ്രദക്ഷിണം, സ്നേഹവിരുന്ന് എന്നിവ നടന്നു. ഫാ. ടോണി കാഞ്ഞിരത്തുങ്കൽ രൂപത എഫാത്ത ധ്യാന കേന്ദ്ര ടീം നേതൃത്വം നൽകി. 27 ന് തിരുനാൾ കുർബാനയും സന്ദേശവും ഫാ. ബിനോയി കണയിങ്കൽ. തുടർന്ന് സ്നേഹവിരുന്ന്.

കൊത്തഗുടം വിശുദ്ധ ഫ്രാൻസിസ് സേവ്യർ പള്ളിയിൽ നവംബർ 30 ന് തിരുനാൾ കുർബാനയും സന്ദേശവും ബിഷപ് മാർ പ്രിൻസ് ആന്റണി നിർവഹിച്ചു. തുടർന്ന് പ്രദക്ഷിണവും സ്നേഹവിരുന്നും നടന്നു. ഒരു കുടുംബത്തിലെ 3 പേർക്ക് പ്രവേശകകൂദാശകൾ നൽകി.

**ജപമാല മാസാചരണം**

ഒക്ടോബർ 7 മുതൽ 16 വരെ നെന്നലിലും ഗൊല്ലപ്പള്ളിയിലും,17 മുതൽ 26 വരെ കൊത്തഗുടത്തും, 22 മുതൽ 31 വരെ മന്നഗുടത്തും, വൈകുന്നേരം വിശുദ്ധ കുർബാന, ജപമാല, ആരാധന എന്നിവ നടന്നു. സമാപനദിവസം വില്ലേജിലൂടെ പ്രദക്ഷിണം, പായസനേർച്ച. കൊനേംപേട്ടയിൽ എല്ലാ വീടുകളിലും ജപമാല ചൊല്ലി സമാപനദിവസം പ്രദക്ഷിണം, പായസനേർച്ച. വെങ്കിട്ടപുരത്തു മാതാവിന്റെ ഗ്രോട്ടോയിൽ 31 ജപമാല ചൊല്ലി സമാപനദിവസം വില്ലേജിലൂടെ പ്രദക്ഷിണം, പായസ നേർച്ച.

മൈലാരം മഠം ചാപ്പലിൽ 31 ദിവസം ആഘോഷമായ ജപമാല, സമാപനത്തിൽ സന്ദേശം, പായസനേർച്ച.

**5. മിഷൻ സന്ദർശനം**

സെപ്റ്റംബർ 26 മുതൽ ഒക്ടോബർ 1 വരെ കൂവള്ളൂർ ജോസഫ് അച്ചന്റെ അമ്മ ജയ്മോൾ റോബെർട്ടും, സഹോദരി ടിന്റു റോബെർട്ടും, മുണ്ടാങ്കൽ

ഇടവകയിലെ വിശ്വാസപരിശീലകരായ ജാക്സൺ കുറ്റിക്കാട്ട്, ലിസി ജാക്സൺ കുറ്റിക്കാട്ട്, ജീന രാജു ഓടയ്ക്കൽ എന്നിവർ പാലാ മിഷൻ സന്ദർശിച്ചു.

ഒക്ടോബർ 3 ന് സി.എൽ.സി. തൃശൂർ രൂപത ഡയറക്ടർ ഫാ. ഫ്രജോ വാഴപ്പള്ളിയും ഭാരവാഹികളും പാലാ മിഷൻ സന്ദർശിച്ചു.

ഒക്ടോബർ 19 ന് തൃശൂർ രൂപതയിൽനിന്ന് 7 പേർ അഭിവന്ദ്യ പ്രിൻസ് ആന്റണി പിതാവിനോടൊപ്പം പാലാ മിഷൻ സന്ദർശിച്ചു.

ഒക്ടോബർ 9 മുതൽ 21 വരെ ആലുവ മംഗലപ്പുഴ സെമിനാരിയിലെ 7 ഡീക്കന്മാർ നെന്നലിൽ താമസിച്ച് പാലാ മിഷൻ സന്ദർശിച്ച് മിഷൻ അനുഭവം സ്വന്തമാക്കി.

**6. ഇടയസന്ദർശനം**

നവംബർ 30 നു കൊത്തഗുടം മിഷൻ സെന്ററിൽ അഭിവന്ദ്യ പ്രിൻസ് ആന്റണി പിതാവ് ഇടയനടുത്ത സന്ദർശനം നടത്തി. രാവിലെ 9 മണിക്ക് വിശ്വാസികൾ ഒന്നുചേർന്ന് പിതാവിനെ സ്വീകരിച്ചു. 12 വീടുകളിൽ സന്ദർശനം നടത്തി. വൈകുന്നേരം തിരുനാൾ കുർബാനയർപ്പിച്ചു സന്ദേശം നൽകി.

**7. നന്ദി**

ഈ നാളുകളിൽ പ്രാർത്ഥനയിലൂടെയും സാമ്പത്തികമായും പാലാ മിഷനെ സഹായിച്ച എല്ലാവർക്കും പ്രാർത്ഥനയും നന്ദിയും.

**ഫാ. മാത്യു പുതിയിടത്ത്** (കോ-ഓർഡിനേറ്റർ)

# പാലാ മിഷൻ – ഗുജറാത്ത്

**1. സെന്റ് അൽഫോൻസാ ചർച്ച്, മനേജ**

**a) മിഷൻ സൺഡേ**

മനേജ സെന്റ് അൽഫോൻസാ പള്ളിയിൽ മിഷൻ സൺഡേ സമുചിതമായി ആചരിച്ചു. രാവിലെ വിശുദ്ധ കുർബാനയ്ക്കുശേഷം വീടുകളിൽനിന്ന് കൊണ്ടുവന്ന സാധനങ്ങൾ ലേലം വിളിച്ചു. മാതൃവേദി അംഗങ്ങളുടെ ഫുഡ് കോർട്ടും യുവജനങ്ങളുടെ പലതരത്തിലുള്ള കളികളും മിഷൻ ലീഗ് അംഗങ്ങളുടെയും വേദപാഠ കുട്ടികളുടെയും സംയുക്തമായ ഭക്തസാധനകളുടെ വിൽപ്പനയും വിവിധ കളികളും മിഷൻ സൺഡേയ്ക്ക് മാറ്റുകൂട്ടി.

**b) ദേവാലയനിർമ്മാണ ധനശേഖരണം**

മനേജിൽ വിശുദ്ധ അൽഫോൻസാമ്മയുടെ നാമത്തിലുള്ള ദേവാലയ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ദേവാലയനിർമ്മാണത്തിന് സഹായിച്ചവർ:

1. തുടങ്ങനാട് സെന്റ് തോമസ് പള്ളി – 2,31,000/
2. പ്ലാശനാൽ സെന്റ് മേരിസ് പള്ളി – 3,72,000/

ബഹു. വികാരിയച്ചന്മാർക്കും കൈകാരന്മാർക്കും കമ്മിറ്റി അംഗങ്ങൾക്കും ഇടവകജനത്തിനും പ്രത്യേകം നന്ദി.

**c) ബൈബിൾ കലോത്സവം**

ഈ വർഷത്തെ ബൈബിൾ കലോത്സവം ഇടവക തലത്തിൽ ഇരുപതാം തീയതി ഞായറാഴ്ച നടത്തുകയുണ്ടായി.

**2. സെന്റ് തോമസ് ചർച്ച്, സിൽവാസ**

a) യുവജനനേതൃത്വത്തിൽ മതാധ്യാപകരുടെ മേൽനോട്ടത്തിൽ ഒരു ഏകദിന ക്യാമ്പ് സൺഡേ സ്കൂൾ കുട്ടികൾക്കുവേണ്ടി നടത്തപ്പെടുകയുണ്ടായി വിവിധ ങ്ങളായ കലാപരിപാടികളിലൂടെയാണ് പരിപാടികൾ ആസൂത്രണം ചെയ്യപ്പെട്ടത്.

b) സിൽവാസ മലയാളി ക്രൈസ്തവകൂട്ടായ്മയുടെ ഈ വർഷത്തെ ആദ്യ സമ്മേളനം പള്ളിയുടെ ഹാളിൽ വച്ചു നടത്തപ്പെട്ടു. ഈ വർഷത്തെ ക്രിസ്തുമസ് ആഘോഷിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. ഈ വർഷത്തെ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു.

**3. കൃതജ്ഞതാബലിയും അനുമോദനയോഗവും**

ഷംഷാബാദ് രൂപതയുടെ പുതിയ സഹായമെത്രാന്മാരായ മാർ ജോസഫ് കൊല്ലംപറമ്പിൽ, മാർ തോമസ് പാടിയത്ത് എന്നിവർക്ക് ഗുജറാത്ത് റീജിയണിന്റെ ആഭിമുഖ്യത്തിൽ സ്വീകരണം നൽകി അനുമോദിച്ചു. കൃതജ്ഞതാബലിയിലും അനുമോദനയോഗത്തിലും ഷംഷാബാദ് രൂപതാദ്ധ്യക്ഷൻ മാർ റാഫേൽ തട്ടിൽ, രാജ്കോട്ട് രൂപതാദ്ധ്യക്ഷൻ മാർ ജോസ് ചിറ്റൂപറമ്പിൽ, വൈദികർ, സന്ന്യസ്തർ എന്നിവരോടൊപ്പം റീജണിലെ ഭൂരിഭാഗം അല്മായരും പങ്കുചേർന്നു.

**4. വൈദികരുടെ മാസധ്യാനം**

ഈ മാസം നവംബർ 16 ന് ഷംഷാബാദ് രൂപതയിൽ സേവനമനുഷ്ഠിക്കുന്ന വൈദികരുടെ മാസധ്യാനം നടത്തപ്പെട്ടു. മാർ തോമസ് പാടിയത്ത് ധ്യാനസന്ദേശം നൽകി.

**5. മിഷൻ ഞായർ**

റീജണിലെ എല്ലാ ഇടവകകളിലും മിഷൻഞായർ ആചരിച്ചു. മിഷൻ ഞായറിനോടനുബന്ധിച്ച് വിവിധ പ്രോഗ്രാമുകൾ നടത്തപ്പെട്ടു.

**മാർ ജോസഫ് കൊല്ലംപറമ്പിൽ** (സഹായമെത്രാൻ)

# മിഷൻലീഗ് വാർത്തകൾ

**രൂപതാവാർത്തകൾ**

**1. എക്സിക്യൂട്ടീവ്**

പാലാ രൂപത ചെറുപുഷ്പമിഷൻലീഗിന്റെ നവംബർ മാസത്തെ എക്സി ക്യൂട്ടീവ് യോഗം നവംബർ 6 ഞായറാഴ്ച വൈകുന്നേരം മൂന്നു മണിക്ക് ഭരണ ങ്ങാനം മാതൃഭവനിൽ വച്ചുനടന്നു. രൂപത പ്രസിഡന്റ് ശ്രീ ജോബിൻ തട്ടാംപറ

മ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി അഗസ്റ്റിൻ കടൂക്കുന്നേൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. യോഗം അതു പാസാക്കി. രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നൽകി. ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയ യോഗം നവംബർ മാസത്തെ പ്രവർത്തന ങ്ങളെപ്പറ്റി ചർച്ച ചെയ്തു തീരുമാനങ്ങളെടുത്തു.

**2. ഛായാചിത്രപ്രയാണത്തിന് സ്വീകരണം**

ചെറുപുഷ്പമിഷൻലീഗ് പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ഛായാചിത്രപ്രയാണത്തിനു 2022 നവംബർ 5 ശനിയാഴ്ച പാലാ രൂപതയിൽ സ്വീകരണം നൽകി. കോട്ടയം അതി രൂപതയുടെ കീഴിലുള്ള ചേർപ്പുങ്കൽ സെന്റ് പീറ്റർ & പോൾ പള്ളിയിൽ വെച്ചു പാലാരൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിലിന്റെയും രൂപത, മേഖല ഭാരവാഹികളുടെയും നേതൃത്വത്തിൽ ഛായാചിത്രം ഏറ്റുവാങ്ങി. രൂപതയിലെ എല്ലാ മേഖലകളിലേക്കുമുള്ള ഛായാചിത്രത്തിന്റെ വിതരണം ചെറുപുഷ്പമിഷൻ ലീഗ് സംസ്ഥാനപ്രസിഡന്റ് ശ്രീ ബേബി പ്ലാശേരി നിർവഹിച്ചു.

**3. സംസ്ഥാനപുരസ്കാരം**

ചെറുപുഷ്പമിഷൻലീഗ് സംസ്ഥാനസമിതിയുടെ 2021-2022 പ്രവർത്തന വർഷത്തെ മികച്ച പ്രവർത്തനത്തിനുള്ള അംഗീകാരപത്രത്തിന് പാലാ രൂപതയും കുറവിലങ്ങാട്, അരുവിത്തുറ മേഖലകളും കയ്യൂർ, ളാലം ഓൾഡ്, മുണ്ടാങ്കൽ ശാഖകളും അർഹമായി. പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയ ഭാരവാഹി കൾക്ക് അഭിനന്ദനങ്ങൾ.

**4. പ്ലാറ്റിനം ജൂബിലിസമാപനവും പ്രേഷിതറാലിയും**

ചെറുപുഷ്പ മിഷൻലീഗ്പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ സംസ്ഥാന തലത്തിലുള്ള സമാപനം ഡിസംബർ 4 ഞായറാഴ്ച ഭരണങ്ങാനത്തു വച്ചു നടക്കും. ഉച്ചകഴിഞ്ഞ് 2.30 നു നടക്കുന്ന പൊതുസമ്മേളനം നടക്കും. സമ്മേളന ത്തിനു മുന്നോടിയായി ഉച്ചയ്ക്ക് 1.15 ന് ഇടപ്പാടി കുരിശുപള്ളി, ദീപ്തിഭവൻ (MST) എന്നിവിടങ്ങളിൽനിന്ന് ഭരണങ്ങാനത്തേക്കു പ്രേഷിതറാലി നടക്കും. റാലിയിൽ A, B, C, D ഭാഗങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന ശാഖകൾക്ക് സമ്മാനങ്ങൾ ഉണ്ടായിരിക്കും. റാലിയുടെ ക്രമീകരണങ്ങൾ ബുള്ളറ്റി നിലൂടെ അറിയിക്കുന്നതാണ്. പ്രേഷിതറാലിയിലും പൊതുസമ്മേളനത്തിലും രൂപതയിലെ എല്ലാ ശാഖകളിൽനിന്നും പരമാവധി ആളുകൾ സംബന്ധി ക്കേണ്ടതാണ്.

**5. കുഞ്ഞുമിഷനറികിസ് 2023**

ചെറുപുഷ്പമിഷൻ ലീഗിന്റെ സുവർണ്ണജൂബിലി സ്മാരകമായി പാലാ രൂപത ചെറുപുഷ്പമിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന 27-മത് അഖില കേരള കുഞ്ഞുമിഷനറി ക്വിസ് മത്സരം 2023 ജനുവരി 08, 14 തീയതികളിലായി നടത്തുന്നതാണ്. മത്സരത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ താഴെപ്പറയുന്നു.

1. മത്സരവിഷയം

i) കുഞ്ഞുമിഷനറി - 2022 ജനുവരി - 2022 ഡിസംബർ - 50%

ii) എന്റെ മിഷൻലീഗ് + പ്രേഷിതവഴിയിലെ വിജയഗാഥ 8-19 അധ്യായങ്ങൾ - 40%

iii) സഭ പൊതുചോദ്യങ്ങൾ - 10%

2. മത്സരം കേരളത്തിലെ സൺഡേ സ്കൂളുകളിൽ 5 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മിഷൻ ലീഗ് അംഗങ്ങൾക്കുവേണ്ടിയുള്ളതാണ്.

3. മത്സരം രണ്ടു ഘട്ടങ്ങളിലായിട്ടാണു നടത്തുന്നത്. ആദ്യഘട്ടമത്സരം 2023 ജനുവരി 08 ശനിയാഴ്ച രാത്രി 8.30 ന് ഗൂഗിൾ ഫോം വഴി നടത്തും. ഇതിൽ ഒരു സൺഡേസ്കൂളിൽനിന്ന് 5 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന എത്ര കുട്ടികൾക്കുവേണമെങ്കിലും പങ്കെടുക്കാം. മത്സരത്തിനുള്ള ലിങ്ക് വാട്സാപ്പ് ഗ്രൂപ്പുകൾവഴി നൽകുന്നതാണ്.

4. ഒന്നാംഘട്ടമത്സരത്തിൽ 5 മുതൽ 12 വരെയുള്ള ഓരോ ക്ലാസ്സിലും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന 5 കുട്ടികൾക്കു വീതം രണ്ടാംഘട്ട മത്സരത്തിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കും. ഒരേ മാർക്ക് വന്നാൽ ഏറ്റവും ആദ്യം Submit ചെയ്തവരെ പരിഗണിക്കുന്നതാണ്.

5. ഒന്നാംഘട്ട മത്സരത്തിന്റെ റിസൾട്ട് ജനുവരി 10 ന് പ്രസിദ്ധപ്പെടുത്തുന്നതാണ്.

6. രണ്ടാംഘട്ട മത്സരം 2023 ജനുവരി 14 ശനിയാഴ്ച രാവിലെ 9.30 ന് ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടക്കും.

7. രണ്ടാംഘട്ട മത്സരത്തിനായി തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾ തങ്ങളുടെ പേര്, വീട്ടുപേര്, രൂപത, ഇടവക, സൺഡേസ്കൂളിൽ പഠിക്കുന്ന ക്ലാസ്, മിഷൻലീഗ് അംഗത്വം എന്നിവ തെളിയിക്കുന്ന ശാഖാ ഡയറക്ടറുടെ സാക്ഷ്യപത്രം മത്സരത്തിനെത്തുമ്പോൾ നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

8. രണ്ടാംഘട്ട മത്സരത്തിൽ ഒന്നുമുതൽ നാലുവരെ സ്ഥാനം നേടുന്നവർക്ക് യഥാക്രമം 2501, 2001, 1501, 1001 രൂപ സമ്മാനമായി ലഭിക്കുന്നതാണ്. കൂടാതെ, 5 മുതൽ 12 വരെയുള്ള ഓരോ ക്ലാസ്സിലും ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്ന ഒരാൾക്ക് 751 രൂപ സമ്മാനമായി ലഭിക്കും.

9. ഒരു സമ്മാനം ലഭിക്കുന്നവർക്ക് ഇതരസമ്മാനങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

10. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല.

11. പാലാ രൂപതയിലുള്ളവർക്ക് പ്രത്യേക രജിസ്ട്രേഷൻ ആവശ്യമില്ല.

12. മത്സരകമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

**6. പോസ്റ്റർരചന, മാഗസിൻ രചനാമൽസരം**

ചെറുപുഷ്പമിഷൻലീഗ് പാലാരൂപതയുടെ ആഭിമുഖ്യത്തിൽ സൺഡേ സ്കൂൾ കുട്ടികൾക്കായി പോസ്റ്റർ, മാഗസിൻ രചനാമത്സരങ്ങൾ നടത്തപ്പെടുന്നു. മേഖലാതലത്തിൽനിന്ന് A,B,C വിഭാഗങ്ങളിൽനിന്നു മികച്ച രണ്ടു രചനകൾ വീതം ഡിസംബർ 31 നു മുൻപായി രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

**7. സെക്രട്ടേറിയേറ്റ് അംഗങ്ങൾ**

സംഘടനയുടെ നവംബർ മാസത്തിലെ സെക്രട്ടേറിയേറ്റ് അംഗങ്ങൾ 5, 26 തീയതികളിൽ നടന്നു.

**8. കുഞ്ഞുമിഷനറിമാസിക**

കുഞ്ഞുമിഷനറി മാസിക നവംബർ മാസവും pdf രൂപത്തിൽ പ്രസിദ്ധീകരിച്ചു. ഇതു വിശ്വാസപരിശീലനത്തിന്റെയും മിഷൻലീഗിന്റെയും വാട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെ കുട്ടികളിലെത്തിച്ചു.

**മേഖലവാർത്തകൾ**

**1. അരുവിത്തുറമേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് നവംബർ 6 ഞായറാഴ്ച അരുവിത്തുറയിൽ വച്ചു നടന്നു. പ്രസിഡന്റ് ഷാജു കുന്നയ്ക്കാട്ട് അധ്യക്ഷത വഹിച്ചു.

**പ്ലാറ്റിനം ജൂബിലി മേഖലാതല സമാപനം**

ചെറുപുഷ്പമിഷൻലീഗ് അരുവിത്തുറ മേഖലയിലെ പ്ലാറ്റിനം ജൂബിലി സമാപനവും പ്രേഷിതറാലിയും നവംബർ 27 ഞായറാഴ്ച ചെമ്മലമറ്റം പള്ളിയിൽ വച്ചു നടത്തി.

**ഛായാചിത്രപ്രയാണം**

ചെറുപുഷ്പമിഷൻലീഗ് പ്ലാറ്റിനം ജൂബിലിയോട് അനുബന്ധിച്ച് ചെറുപുഷ്പ മിഷൻലീഗ് അരുവിത്തുറ മേഖലയുടെ ആഭിമുഖ്യത്തിൽ മേഖലയിലെ എല്ലാ ശാഖകളിലേക്കും ഛായാചിത്രപ്രയാണവും ശാഖാസന്ദർശനവും നവംബർ 6, 13, 20 എന്നീ തീയതികളിൽ നടത്തപ്പെട്ടു.

**2. കടനാട് മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് യോഗം നവംബർ 6 ഞായറാഴ്ച നടത്തപ്പെട്ടു.

**ഛായാചിത്രപ്രയാണം**

ചെറുപുഷ്പമിഷൻ ലീഗ് പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ചെറുപുഷ്പ മിഷൻലീഗ് കടനാട് മേഖലയുടെ ആഭിമുഖ്യത്തിൽ മേഖലയിലെ എല്ലാ ശാഖകളിലേക്കും ഛായാചിത്രപ്രയാണവും ശാഖാസന്ദർശനവും നവംബർ 13, 20 എന്നീ തീയതികളിൽ നടത്തപ്പെട്ടു.

**3. രാമപുരംമേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് നവംബർ 6 ഞായറാഴ്ച നടന്നു.

**4. കൂട്ടിക്കൽ മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് നവംബർ 5 ശനിയാഴ്ച നടന്നു.

**ഛായാചിത്രപ്രയാണം**

ചെറുപുഷ്പമിഷൻലീഗ് പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ചെറുപുഷ്പ മിഷൻലീഗ് കൂട്ടിക്കൽ മേഖലയുടെ ആഭിമുഖ്യത്തിൽ മേഖലയിലെ എല്ലാ ശാഖകളിലേക്കും ഛായാചിത്രപ്രയാണവും ശാഖാസന്ദർശനവും നവംബർ 6,13, എന്നീ തീയതികളിൽ നടത്തപ്പെട്ടു.

**പ്ലാറ്റിനം ജൂബിലിസമാപനം**

ചെറുപുഷപമിഷൻലീഗ് കൂട്ടിക്കൽ മേഖലയിലെ പ്ലാറ്റിനം ജൂബിലിസമാപ നവും പ്രേഷിതറാലിയും നവംബർ 20 ഞായറാഴ്ച കൂട്ടിക്കൽ ഫൊറോനാപള്ളി യിൽവച്ചു നടത്തി.

**5. പ്രവിത്താനം മേഖല**

**എക്സിക്യൂട്ടീവ്**

മേഖലയുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് നവംബർ 6 ഞായറാഴ്ച പ്രവിത്താനം മേഖല ഓഫീസിൽ നടന്നു.

**ഛായാചിത്രപ്രയാണം**

ചെറുപുഷ്പമിഷൻലീഗ് പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ചെറുപുഷ്പ മിഷൻലീഗ് പ്രവിത്താനം മേഖലയുടെ ആഭിമുഖ്യത്തിൽ മേഖലയിലെ ഓരോ ശാഖയിലേക്കും ഛായാചിത്രപ്രയാണവും ശാഖാസന്ദർശനവും നവംബർ 6, 13, എന്നീ തീയതികളിൽ നടത്തപ്പെട്ടു.

**6. ഭരണങ്ങാനം മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് നവംബർ 5 ശനിയാഴ്ച ഭരണങ്ങാനത്തു വച്ചു നടന്നു.

**ഛായാചിത്രപ്രയാണം**

ചെറുപുഷ്പ മിഷൻലീഗ് പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ചെറുപുഷ്പ മിഷൻലീഗ് ഭരണങ്ങാനം മേഖലയുടെ ആഭിമുഖ്യത്തിൽ മേഖലയിലെ ഓരോ ശാഖയിലേക്കും ഛായാചിത്രപ്രയാണവും ശാഖാസന്ദർശനവും നവംബർ 6, 13 എന്നീ തീയതികളിൽ നടത്തപ്പെട്ടു.

**പ്ലാറ്റിനം ജൂബിലിസമാപനം**

ചെറുപുഷ്പമിഷൻലീഗ് ഭരണങ്ങാനം മേഖലയിലെ പ്ലാറ്റിനം ജൂബിലി സമാപനവും പ്രേഷിതറാലിയും നവംബർ 13 ഞായറാഴ്ച പൈക ശാഖയിൽ വച്ചു നടത്തപ്പെട്ടു.

**7. ഇലഞ്ഞി മേഖല**

**ഛായാചിത്രപ്രയാണം**

ചെറുപുഷ്പമിഷൻലീഗ് പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ചെറുപുഷ്പ മിഷൻലീഗ് ഇലഞ്ഞി മേഖലയുടെ ആഭിമുഖ്യത്തിൽ മേഖലയിലെ ഓരോ ശാഖയിലേക്കും ഛായാചിത്രപ്രയാണവും ശാഖാസന്ദർശനവും നവംബർ 6,13, എന്നീ തീയതികളിൽ നടത്തപ്പെട്ടു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

നവംബർ 8-ാം തീയതി ഷലോം പാസ്റ്ററൽ സെന്ററിൽവച്ച് ഉച്ചകഴിഞ്ഞ് 3 മണിമുതൽ 5 മണിവരെ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. നവംബർ 12 ന് നടക്കാനിരിക്കുന്ന രൂപതാ കലോത്സവത്തിനു നടപ്പിലാക്കേണ്ട കാര്യങ്ങളെക്കുറിച്ച് ചർച്ചചെയ്ത് തീരുമാനങ്ങൾ എടുത്തു. ഓരോ എക്സിക്യൂട്ടീവ് അംഗത്തെയും അതിനായി ഭരമേല്പിച്ചു. എക്സിക്യൂട്ടീവംഗങ്ങൾ എല്ലാവരും മീറ്റിംഗിൽ സന്നിഹിതരായിരുന്നു.

**സ്വാഗതം ആശംസിച്ചു**

കെ.സി.എസ്.എൽ. ന്റെ പുതിയ റീജന്റ് ബ്രദർ ആയി നിയമിക്കപ്പെട്ട ബ്രദർ ഫ്രാൻസിസ് കൊച്ചിലാത്തിന് (റോമിയോ) എക്സിക്യൂട്ടീവംഗങ്ങൾ എല്ലാവരും ഹൃദ്യമായ സ്വാഗതം ആശംസിച്ചു.

**രൂപതാ കലോത്സവം**

നവംബർ 12 ശനിയാഴ്ച പാലാ അൽഫോൻസാ കോളേജിൽ വച്ച് നടത്തിയ രൂപതാതലകലോത്സവത്തിൽ പാലാ രൂപതയിലെ വിവിധ സ്കൂളുകളിൽ നിന്നായി 800 ൽ പരം കുട്ടികൾ വിവിധയിനം മത്സരങ്ങളിൽ പങ്കെടുത്തു. സമ്മാനാർഹരായ കുട്ടികൾക്ക് ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ മെഡലും സർട്ടിഫിക്കറ്റും വിതരണം നടത്തി.

**ഓവറോൾ കരസ്ഥമാക്കിയ സ്കൂളുകൾ**

**എച്ച്.എസ്.എസ്. വിഭാഗം**

ഫസ്റ്റ് - രാമപുരം സെന്റ് അഗസ്റ്റിൻ എച്ച്.എസ്.എസ്.
സെക്കന്റ് - പ്ലാശ്ശനാൽ സെന്റ് ആന്റണീസ് എച്ച്.എസ്.എസ്.
തേർഡ് - പാലാ സെന്റ് മേരീസ് ജി.എച്ച്.എസ്.എസ്.

**എച്ച്.എസ്. വിഭാഗം**

ഫസ്റ്റ് - ചെമ്മലമറ്റം എൽ.എഫ്.എച്ച്.എസ്.
സെക്കന്റ് - ഭരണങ്ങാനം എസ്.എച്ച്.ജി.എച്ച്.എസ്.
തേർഡ് - മുട്ടം ഷാന്താൾ ജ്യോതി പബ്ലിക് സ്കൂൾ

**യു.പി. വിഭാഗം**

ഫസ്റ്റ് - ചെമ്മലമറ്റം എൽ.എഫ്.എച്ച്.എസ്.
സെക്കന്റ് - ഭരണങ്ങാനം എസ്.എച്ച്.ജി.എച്ച്.എസ്.
തേർഡ് - മൂലമറ്റം സെന്റ് ജോർജ്ജ് യു.പി.എസ്.

**സ്റ്റഡിസർക്കിൾ വിജയികൾ**

**എച്ച്.എസ്.എസ്. വിഭാഗം**

ഫസ്റ്റ് - സെന്റ് മേരീസ് ജി.എച്ച്.എസ്.എസ്., പാലാ
സെക്കന്റ് - സെന്റ് ആന്റണീസ് എച്ച്.എസ്.എസ്., പ്ലാശ്ശനാൽ
തേർഡ് - സെന്റ് അഗസ്റ്റിൻസ് എച്ച്.എസ്.എസ്., രാമപുരം

**എച്ച്.എസ് വിഭാഗം**

ഫസ്റ്റ് - ഇൻഫന്റ് ജീസസ്, കൂത്താട്ടുകുളം
സെക്കന്റ് - എൽ.എഫ്.എച്ച്.എസ്., ചെമ്മലമറ്റം
തേർഡ് - സെന്റ് ജോൺസ് എച്ച്.എസ്., കുറുമണ്ണ്

**യു. പി. വിഭാഗം**

ഫസ്റ്റ് - ഇൻഫന്റ് ജീസസ്, കൂത്താട്ടുകുളം
സെക്കന്റ് - സെന്റ് ജോൺസ് എച്ച്.എസ്., കുറുമണ്ണ്
തേർഡ് - എസ്.എച്ച്.ജി.എച്ച്.എസ്., ഭരണങ്ങാനം

**കളരി വിതരണം നടത്തി**

കെ.സി.എസ്.എൽ. പ്രസിദ്ധീകരണമായ കുട്ടികളുടെ മാഗസിൻ 'കളരി' ആദ്യ ലക്കം വിതരണം നടത്തി.

**സമ്മാനവിതരണം നടത്തി**

ജൂലൈ മാസത്തിൽ സ്കൂളുകളിൽ നടത്തിയ അൽഫോൻസാ കളറിംഗ് മത്സരത്തിന്റെ സമ്മാനങ്ങൾ വിതരണം ചെയ്തു.

**സമ്മാനാർഹരായി**

തൊടുപുഴയിൽ വച്ചു നടന്ന ഈ വർഷത്തെ സംസ്ഥാന സാഹിത്യരചനാ മത്സരത്തിൽ പാലാ രൂപതയിൽനിന്നു നിരവധി കുട്ടികൾ സമ്മാനാർഹരായി.

**സ്കോളർഷിപ്പ്**

യു.പി. - ഫസ്റ്റ് : റോസന്ന ജോബി & അന്ന സജി
ഹോളിക്രോസ് എച്ച്. എസ്. എസ്, ചേർപ്പുങ്കൽ
എച്ച്.എസ്.എസ്. - സെക്കന്റ് : ആഗ്നസ് തോമസ് & അൽഫോൻസാ ബിജു
സെന്റ് മേരീസ് ജി. എച്ച്. എസ്. എസ്, പാലാ

**കെ.സി.എസ്.എൽ. ചരിത്രക്വിസ്**

എച്ച്.എസ്.എസ്. - തേർഡ് : ഐവീൻ ആൻ മേരി ബിനു &
നതാലിയ എലിസബത്ത്
സെന്റ് മേരീസ് ജി. എച്ച്. എസ്. എസ്, പാലാ

**ബൈബിൾ ക്വിസ്സ്**

യു.പി - ഫസ്റ്റ് : ജിയോ കെ. ടോം & ജിത്തുമോൻ ജോസഫ്
സെന്റ് ത്രേസ്യാസ് യു.പി.എസ്., വിളക്കുമാടം
എച്ച്.എസ്.എസ് - സെക്കന്റ് : മിലൻ തെരേസ് ജോമോൻ & റ്റിയാ ബാസ്റ്റിൻ
സെന്റ് മേരീസ് എച്ച്.എസ്.എസ്., ഭരണങ്ങാനം

**കഥാരചന**

എച്ച്.എസ് - തേർഡ് : ആഗ്നൽ സോനു
സെന്റ് മേരീസ് ജി.എച്ച്.എസ്., കുറവിലങ്ങാട്

**ഡ്രോയിങ്ങ്**

എച്ച്.എസ്.എസ് - തേർഡ്: ആൻ മരിയ മനോജ്
സെന്റ് മേരീസ് ജി.എച്ച്.എസ്. എസ്., പാലാ

എച്ച്.എസ്. – തേർഡ് : അലീന തങ്കച്ചൻ
ഇമ്മാനുവൽസ് എച്ച്.എസ്.എസ്., കോതനല്ലൂർ

**ധ്യാനം നടത്തി**

നവംബർ 22, 23 തീയതികളിൽ ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ കടപ്ലാമറ്റം സെന്റ് മേരീസ് ഇംഗ്ലീഷ്മീഡിയം സ്കൂളിൽ ധ്യാനം നടത്തി. സുനു പ്രവിത്താനം, ബ്രദർ റോമിയോ, ഷിപ്രീസ് നീലൂർ, ആൻമരിയ, മരിയ എന്നിവർ സഹായിച്ചു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**1. ആറാട്ട് 2K22 ക്രിക്കറ്റ് ടൂർണമെന്റ്**

SMYM-KCYM പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ ആറാട്ട് 2K22 ക്രിക്കറ്റ് ടൂർണമെന്റ് അരുവിത്തുറ ഫൊറോന – അരുവിത്തുറ യൂണിറ്റിന്റെ നേതൃത്വത്തിൽ നവംബർ 5 ന് സെന്റ് ജോർജ് ഹൈസ്കൂൾ സ്റ്റേഡിയത്തിൽ വച്ചു നടത്തപ്പെട്ടു. അരുവിത്തുറ വികാരി വെരി. റവ. ഡോ. അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. 10 ഫൊറോനകളിൽനിന്ന് 11 ടീമുകളാണ് മത്സരത്തിൽ പങ്കെടുത്തത്. മത്സരത്തിൽ മുളക്കുളം യൂണിറ്റ് ഒന്നാംസ്ഥാനവും, മൂഴൂർ യൂണിറ്റ് രണ്ടാം സ്ഥാനവും, മണ്ണാറപ്പാറ യൂണിറ്റ് മൂന്നാംസ്ഥാനവും കരസ്ഥമാക്കി.

**2. കാർലോസ് കാരവൻ**

കെ.സി.വൈ.എം. സംസ്ഥാനസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന കാർലോസ് കാരവാൻ പ്രോഗ്രാം പാലാ രൂപതയിലെ കളത്തൂർ, കൂടക്കച്ചിറ, കാഞ്ഞിരമറ്റം യൂണിറ്റുകളിൽവച്ചു നടത്തപ്പെട്ടു.

**3. ഹെയർ ഡോണേഷൻ ക്യാമ്പയിൻ**

എസ്.എം.വൈ.എം. പാലാ രൂപതാ സംഘടിപ്പിച്ച ഹെയർ ഡോണേഷൻ ക്യാമ്പയിനിൽ വിവിധ ഇടവകകളിൽനിന്നായി 18 യുവജനങ്ങൾ തങ്ങളുടെ മുടി ദാനം ചെയ്തു. രൂപതാ വൈസ് പ്രസിഡന്റ് റിന്റു പറയൻകുഴിയിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ഭരണങ്ങാനം യൂണിറ്റ് ഡയറക്ടർ ഫാ. ഡൈസൺ തരകൻ ക്യാമ്പയിൻ ഉദ്ഘാടനം ചെയ്തു.

**4. യുവജനമുന്നേറ്ററാലിയും – പൊതുസമ്മേളനവും**

എസ്.എം.വൈ.എം. പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ അരുവിത്തുറയിൽ യുവജനമുന്നേറ്ററാലിയും പൊതുസമ്മേളനവും നടത്തപ്പെട്ടു. എസ്.എം.വൈ. എം. പാലാ രൂപതാ പ്രസിഡന്റ് ജോസഫ് കിണറ്റുകര അധ്യക്ഷത വഹിച്ച യോഗം പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ ഇന്നത്തെ സഭയിൽ ക്രിസ്ത്യൻ യൂത്ത് മിനിസ്ട്രിയുടെ പ്രാധാന്യത്തെക്കുറിച്ച് വെരി. റവ. ഫാ. ഡോ. ജോർജ് വർഗ്ഗീസ് ഞാറക്കുന്നേൽ സംസാരിച്ചു.

പൊതുസമ്മേളനത്തിനുശേഷം ടൗൺചുറ്റിയുള്ള റാലിയും ശക്തി പ്രകടനവും വിവിധ യൂണിറ്റുകളുടെ സഹകരണത്തിൽ നടത്തപ്പെട്ടു. അരുവിത്തുറ പള്ളി വികാരി റവ. ഡോ. അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിൽ റാലി ഫ്ളാഗ് ഓഫ് ചെയ്തു. രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, ഫൊറോനാ ഡയറക്ടർ ഫാ. ആന്റണി തോണക്കര, ഫാ. ജോസഫ് തോട്ടത്തിൽ, എ.കെ.സി.സി. രൂപത പ്രസിഡന്റ് ഇമ്മാനുവൽ നിധീരി, എസ്.എം.വൈ.എം. ജോയിന്റ് ഡയറക്ടർ സിസ്റ്റർ ജോസ്മിത എസ്.എം.എസ്, വൈസ് പ്രസിഡന്റ് റിന്റു റെജി, ജനറൽ സെക്രട്ടറി ഡിബിൻ ഡൊമിനിക്, ഫോറോന, യൂണിറ്റ് ഭാരവാഹികൾ തുടങ്ങിയവർ നേതൃത്വം നൽകി. ലഹരിക്കെതിരേ എസ്.എം.വൈ.എം അംഗങ്ങൾ പ്രതിജ്ഞ യെടുക്കുകയും ചെയ്തു.

**മറുപടി മാഗസിൻ പ്രകാശനം ചെയ്തു**

എസ്.എം.വൈ.എം. രൂപതാസമിതിയുടെ നേതൃത്വത്തിൽ യുവജനങ്ങളുടെ രചനാപാടവം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രസിദ്ധീകരിക്കുന്ന 'മറുപടി' മാസിക അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് വികാരി ജനറൽ ഫാ. സെബാസ്റ്റ്യൻ വേത്താനത്തിനു നൽകി പ്രകാശനം ചെയ്തു.

എസ്.എം.വൈ.എം. രൂപതാസമിതിയുടെ നേതൃത്വത്തിൽ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ അനുസ്മരണവും പൊതിച്ചോറു വിതരണവും നടത്തി.

ആധുനിക പാലായുടെ പിതാവ്, നാടിന്റെ മുഖച്ഛായ മാറ്റിമറിക്കുന്നതിൽ നിർണ്ണായ പങ്കുവഹിച്ച രൂപതയുടെ പ്രഥമ മെത്രാൻ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ അനുസ്മരണം എസ്.എം.വൈ.എം. പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. എസ്.എം.വൈ.എം. രൂപത ഡയറക്ടർ റവ.ഫാ. മാണി കൊഴുപ്പൻ കുറ്റിയുടെ നേതൃത്വത്തിൽ പാലാ കത്തീഡ്രലിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. അനുസ്മരണത്തിന്റെ ഭാഗമായി പാലാ ജനറൽ ആശുപത്രിയിൽ വിശ്വാസയാത്ര ചാരിറ്റബിൾ ട്രസ്റ്റിന്റെ സഹകരണത്തോടെ പൊതിച്ചോറു വിതരണവും നടത്തപ്പെട്ടു. പാലാ ഫൊറോന ഡയറക്ടർ റവ. ഫാ. ദേവസ്യാച്ചൻ വട്ടപ്പലം, വിശ്വാസയാത്ര ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാൻ പി.പി. ബാബു, എസ്.എം.വൈ.എം. രൂപത പ്രസിഡന്റ് ജോസഫ് കിണറ്റുകര, ജനറൽ സെക്രട്ടറി ഡിബിൻ ഡൊമിനിക്, സെക്രട്ടറി ടോണി കവിയിൽ, സിൻഡിക്കേറ്റ് കൗൺസിലർ ടിൻസി ബാബു, ബ്രദർ കുര്യൻ വലിയപ്ലാക്കിൽ പാലാ ഫൊറോന അംഗങ്ങൾ തുടങ്ങിയവർ അനുസ്മരണത്തിനും പൊതിച്ചോറുവിതരണത്തിനും സന്നിഹിതരായിരുന്നു.

**രൂപത സെനറ്റ്**

രൂപത സെനറ്റ് മീറ്റിംഗ് ഡിസംബർ 10-ാം തീയതി രാവിലെ 9.30 മുതൽ ളാലം പഴയ പള്ളിയിൽ വച്ചു നടത്തപ്പെടും.

**രൂപത ഇലക്ഷൻ**

2023 - 24 വർഷത്തെ രൂപത ഇലക്ഷൻ ജനുവരി 2-ാം തീയതി രാവിലെ 10 മണി മുതൽ പാലാ അൽഫോൻസാ കോളേജിൽ വച്ചു നടത്തപ്പെടും.

**യൂണിറ്റ് സന്ദർശനം**

**പയ്യാനിത്തോട്ടം യൂണിറ്റ്**

എസ്.എം.വൈ.എം. രൂപത ഡയറക്ടർ അച്ചനും പ്രസിഡന്റും പയ്യാനിത്തോട്ടം യൂണിറ്റ് സന്ദർശിക്കുകയും തിരഞ്ഞെടുപ്പിനു നേതൃത്വം നൽകുകയും ചെയ്തു.

**മാന്നാർ യൂണിറ്റ്**

എസ്.എം.വൈ.എം. രൂപത ഡയറക്ടർ അച്ചൻ മാന്നാർ യൂണിറ്റ് സന്ദർശിക്കുകയും കുർബാന അർപ്പിച്ചു സന്ദേശം നൽകുകയും തിരഞ്ഞെടുപ്പിനു നേതൃത്വം നല്ക്കുകയും ചെയ്തു.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# ജീസസ് യൂത്ത്

**ജാഗരണ പ്രാർത്ഥന**

പാലാ ജീസസ് യൂത്ത് ആദ്യ വെള്ളിയാഴ്ചകളിൽ നടത്തിയിരുന്ന നൈറ്റ് വിജിൽ നവംബർ 4-ാം തീയതി അരുണാപുരത്തു വച്ചു നടത്തപ്പെട്ടു. വൈകുന്നേരം 8 മണിക്ക് ജപമാലയോടെ ആരംഭിച്ച ജാഗരണപ്രാർത്ഥന ശനിയാഴ്ച രാവിലെ 5 മണിക്ക് പരിശുദ്ധ കുർബാനയോടെ സമാപിച്ചു. പാലാ ജീസസ് യൂത്ത് കൗൺസിലിന്റെ നേതൃത്വത്തിൽ നടന്ന കൂട്ടായ്മയിൽ ബഹുമാനപ്പെട്ട ഫാ. സന്തോഷ് OFM ക്ലാസെടുത്തു. 20 പേരോളം പ്രാർത്ഥനയിൽ പങ്കെടുത്തു.

**Aviv - 2nd Saturday Gathering and Veritas follow up**

പാലാ ടീൻസ് ടീമിന്റെയും ക്യാമ്പസ് ടീമിന്റെയും നേതൃത്വത്തിൽ രണ്ടാം ശനിയാഴ്ചകളിൽ 'അവൈവ് ' എന്ന പേരിൽ നടത്തിവരുന്ന ടീൻസ് കുട്ടികൾക്കും ക്യാമ്പസ് കുട്ടികൾക്കുമായുള്ള ഫോളോ അപ്പ് പ്രോഗ്രാം നവംബർ 12-ാം തീയതി സെന്റ് തോമസ് ബി.എഡ് കോളേജിൽ വച്ചു നടത്തപ്പെട്ടു. രാവിലെ മുതൽ വൈകുന്നേരംവരെ നടത്തിയ പ്രോഗ്രാമിൽ തങ്കം തെരേസ് ജോയ്സാണ് ക്ലാസ് നയിച്ചത്. ബഹു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, കോർഡിനേറ്റർ അമല ട്രീസ ജെയിംസ്, എന്നിവരുടെ പിന്തുണയോടെ ടീൻസ് ടീം നയിച്ച പ്രോഗ്രാമിൽ 60 ഓളം പേർ പങ്കെടുത്തു.

**AWAKE ഇന്റർസെഷൻ ഗാതറിങ്**

പാലാ ഇന്റർസെഷൻ ടീമിന്റെ നേതൃത്വത്തിൽ പാലാ സെന്റ് തോമസ് B.Ed കോളേജിൽ വച്ച് നവംബർ 5 ശനിയാഴ്ച Awake എന്ന പേരിൽ ഗാതറിങ് നടത്തപ്പെട്ടു. 35 ഓളം പേർ പങ്കെടുത്ത പ്രോഗ്രാമിൽ പ്രാർഥനയുടെ പ്രാധാന്യത്തെക്കുറിച്ച് റോയ് ജോസഫ് ക്ലാസ് എടുത്തു. ഫാ. വിൻസെൻറ് മൂങ്ങമാക്കൽ, അമല ട്രീസ, നേയാമോൾ ജോസഫ്, മറ്റ് ഇന്റർസെഷൻ ടീം അംഗങ്ങൾ എന്നിവരാണ് നേതൃത്വം നൽകിയത്.

**ഗോ ഗോവ**

2023 ൽ നടക്കുവാൻ പോകുന്ന ഇന്റർസെഷൻ കോൺഫറൺസായ ജേർണിയോടനുബന്ധിച്ച് നടത്തിയ ഗോ ഗോവ എന്ന ഗോവ തീർഥാടനത്തിൽ പാലായിൽനിന്നു നാലു പേർ പങ്കെടുത്തു. കേരളത്തിന്റെ എല്ലാ ഭാഗത്തുനിന്നുമുള്ള ജീസസ് യൂത്തുകാർ കേരള ഇന്റർസെഷൻ ടീമിന്റെ നേതൃത്വത്തിൽ നടത്തിയ യാത്രയിൽ എല്ലാവരും വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ ശവകുടീരം സ്ഥിതി ചെയ്യുന്ന ഗോവയിലെ ബോം ജീസസ് ദേവാലയത്തിൽ ഒന്നിച്ചുകൂടി പ്രാർഥിക്കുകയും ചെയ്തു.

**ഇടവകധ്യാനം**

മണിയംകുളം ഇടവകയിൽ സൺഡേസ്കൂൾ കുട്ടികൾക്കായി ബഹു. വിൻസെന്റച്ചന്റെ നേതൃത്വത്തിൽ പാരിഷ് ടീം ഏകദിനധ്യാനം നടത്തി. നവംബർ 12 നു നടന്ന പ്രോഗ്രാമിൽ ആശിഷ്, ഷിബ്രീസ് തുടങ്ങിയവർ ക്ലാസ്സുകൾ നയിച്ചു.

**സോണൽ അസംബ്ലി**

പുതിയ കേരള ജീസസ് യൂത്ത് കൗൺസിൽ ഇലക്ഷനിൽ പാലാ സോണിനെ പ്രതിനിധീകരിച്ചു പങ്കെടുക്കാൻ പോകുന്ന പ്രതിനിധികളെ തിരഞ്ഞെടുക്കാൻ വേണ്ടി നവംബർ 18 നു രാത്രി 8 മുതൽ 10 വരെ ഓൺലൈനായി സോണൽ അസംബ്ലിയും ഇലക്ഷനും നടത്തി. 130 ഓളം പേർ പങ്കെടുത്ത പ്രോഗ്രാമിൽ ബഹു. വിൻസെന്റച്ചൻ സന്ദേശം നൽകുകയും വിജയികളെ പ്രഖ്യാപിക്കുകയും ചെയ്തു. അമല ട്രീസ, ജോഗേഷ് ജോബി, സിജോ ജോസഫ്, എൽസ മരിയ എന്നിവരാണ് പ്രതിനിധികൾ. കൗൺസിൽ അംഗമായ ശാലു സുഭാഷ് മീറ്റിങ് കോഡിനേറ്റ് ചെയ്തു.

**ഇന്റർനാഷനൽ അസംബ്ലി**

മൂന്നു വർഷത്തിനുശേഷം ജീസസ് യൂത്തിനെ നയിക്കാനായി പുതിയ ഇന്റർനാഷണൽ ടീമിനുവേണ്ടി മൂവാറ്റുപുഴ നെസ്റ്റിൽ വച്ചു നടത്തിയ ഇന്റർ നാഷനൽ അസംബ്ലിയിൽ പാലാ സോണിൽനിന്ന് ജസ്റ്റിൻ ജോസഫ്, അമൽ ജോസ് എന്നിവർ പങ്കെടുത്തു. നവംബർ 20 നു പുതിയ ഇന്റർനാഷണൽ ടീമിനെ അനൗൺസ് ചെയ്തു. മിഥുൻ പോൾ ആണ് അടുത്ത മൂന്നു വർഷത്തേക്ക് ജീസസ് യൂത്തിന്റെ ഇന്റർനാഷനൽ കോർഡിനേറ്റർ.

**പ്രെയർ ഗ്രൂപ്പ് തുടങ്ങി**

പാലാ ടീൻസ് ടീമിന്റെ നേതൃത്വത്തിൽ അറക്കുളം സെന്റ് മേരീസ് സ്കൂളിൽ പ്രെയർ ഗ്രൂപ്പ് തുടങ്ങി. നവംബർ 21 നു നടന്ന ആദ്യത്തെ കൂട്ടായ്മയിൽ അഖിൽ സെബാസ്റ്റ്യൻ, നേയാമോൾ ജോസഫ്, ഷിബ്രീസ് തുടങ്ങിയവർ നേതൃത്വം നല്കി. അമ്പതോളം കുട്ടികൾ പങ്കെടുത്തു.

**പ്രോലൈഫ് നടത്തം**

നമ്മുടെ പ്രാർഥനകളും വിശുദ്ധ മാതൃകകളും അത്രയധികം ആവശ്യമുള്ള, തെറ്റുകൾ ഒക്കെയും ന്യായീകരിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ ജീസസ് യൂത്ത് പാലാ പ്രോലൈഫ് മിനിസ്ട്രി ഒരു സ്നേഹവിപ്ലവത്തിലേക്കു നടന്നു തുടങ്ങുക യാണ്. ശരിയെന്നു തെറ്റിദ്ധരിപ്പിച്ചുകൊണ്ട് നമ്മുടെ ജീവനെയും വിശുദ്ധിയെയും കടന്നാക്രമിക്കുന്ന സകല തിന്മകളെയും ജീവനെതിരേ ഉയരുന്ന ശബ്ദങ്ങളെയും നമ്മുടെ ഒരു കുഞ്ഞുസഹനത്തിലൂടെ സ്വർഗത്തിനു സമർപ്പിച്ചുകൊണ്ടു നീങ്ങാമെന്ന് ആഹ്വാനം ചെയ്തുകൊണ്ട് നവംബർ 26 ശനിയാഴ്ച രാത്രി അരുവിത്തുറപള്ളിയിൽനിന്ന് ആരംഭിച്ച് വാഗമൺ കുരിശുമല വരെ ഒരു കാൽ നടയാത്ര പാലാ പ്രോലൈഫ് ടീമിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ഫാ. വിൻ സെന്റ് മൂങ്ങമാക്കലിന്റെ പിന്തുണയോടെ നടത്തപ്പെട്ട കാൽനടയാത്രയിൽ പ്രോലൈഫ് ടീം കോഡിനേറ്റർ ഡോൺ ജോസഫാണ് നേതൃത്വം നൽകിയത്.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

നവംബർ 8 ചൊവ്വാഴ്ച രാവിലെ 10.30 ന് കുടുംബക്കൂട്ടായ്മ രൂപതാ സമിതിയുടെ യോഗം ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. ജപമാല പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു.

രൂപത ഡയറക്ടർ ബഹു. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ അധ്യക്ഷത വഹിച്ചു. നവംബർ 25 നു നടക്കുന്ന കുടുംബക്കൂട്ടായ്മയുടെ രജതജൂബിലി ആഘോഷ ങ്ങളെപ്പറ്റി അച്ചൻ വിശദമായി യോഗത്തിൽ സംസാരിച്ചു.

എല്ലാ ഇടവകകളിൽനിന്നും അഞ്ചു പേരിൽ കുറയാതെയുള്ള പ്രാതിനിധ്യം ജൂബിലി സമ്മേളനത്തിന് ഉറപ്പുവരുത്തണമെന്ന് ബഹു. ഡയറക്ടറച്ചൻ പറഞ്ഞു. തുടർന്ന് വിവിധ കമ്മിറ്റികളിലെ അംഗങ്ങൾ കമ്മറ്റി കോഡിനേറ്റർമാരുടെ നേതൃത്വത്തിൽ ക്രമീകരണങ്ങളെപ്പറ്റി വിശദമായി ചർച്ച ചെയ്തു. ചർച്ചകൾക്ക് രൂപതാ പ്രസിഡന്റ് ശ്രീ തോമസ് വടക്കേൽ നേതൃത്വം നൽകി. 12.30 ന് ചായ സൽക്കാരത്തോടെ  മീറ്റിങ് സമാപിച്ചു.

നവംബർ വ്യാഴാഴ്ച 10.30 ന് കുടുംബക്കൂട്ടായ്മ നേതൃയോഗം ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു ജപമാലപ്രാർത്ഥനയോടെ ആരംഭിച്ചു. രൂപതാ ഡയറക്ടർ ബഹു. ജേക്കബ് വെള്ളമരുതുങ്കലച്ചൻ അധ്യക്ഷൻ വഹിച്ചു.

ഫൊറോന പ്രസിഡന്റുമാരിൽനിന്ന് രജതജൂബിലി സമ്മേളനത്തിനു പങ്കെടുക്കുന്ന ആളുകളുടെ ഏകദേശം എണ്ണം യോഗത്തെ അറിയിച്ചു. തുടർന്ന് കമ്മിറ്റി കോർഡിനേറ്റർമാർ സമ്മേളനത്തിന്റെ ക്രമീകരണങ്ങളെപ്പറ്റി വിശദമായ നിർദ്ദേശങ്ങൾ നൽകി. ചായസൽക്കാരത്തിനുശേഷം ഒരു മണിയോടെ യോഗം അവസാനിച്ചു.

നവംബർ 22 ചൊവ്വാഴ്ച രാത്രി 9 മണിക്ക് കുടുംബക്കൂട്ടായ്മയുടെ നേതൃ യോഗം ഗൂഗിൾ പ്ലാറ്റ്ഫോമിൽ ഓൺലൈനായി നടത്തപ്പെട്ടു. ഇരുപത്തിയഞ്ചാം തീയതിയിലെ ജൂബിലിയാഘോഷങ്ങളുടെ അവസാന ഒരുങ്ങളെപ്പറ്റി വിശദമായി ചർച്ച ചെയ്തു.

നവംബർ 25 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ ഉാലം സെന്റ് മേരിസ് പള്ളി ഓഡിറ്റോറിയത്തിൽ രജതജൂബിലി സമ്മേളനത്തിന്റെ ഫൊറോന തിരിച്ചുള്ള രജിസ്ട്രേഷൻ ആരംഭിച്ചു.

2.30 ന് അഭിവന്ദ്യ പിതാവ് മാർ ജോസഫ് കല്ലറങ്ങാട്ടും മറ്റു വിശിഷ്ടാതിഥികളും ഓഡിറ്റോറിയത്തിൽ എത്തിച്ചേർന്നു. ഓഡിറ്റോറിയത്തിന്റെ കവാടത്തിൽനിന്ന് സുവിശേഷഗീതം ആലപിച്ച് സുവിശേഷപ്രദക്ഷിണം നടത്തി. വചനം വായിച്ച് ബൈബിൾപ്രതിഷ്ഠ നടത്തി. ഉാലം പഴയപള്ളി വികാരി പെരിയ  ബഹു. ജോസഫ് തടത്തിലാണ് ബൈബിൾ പ്രതിഷ്ഠ നടത്തിയത്. പ്രവിത്താനം ഫൊറോനായിൽ നിന്നുള്ള ടീം അംഗങ്ങൾ പ്രാർത്ഥനാഗാനം ആലപിച്ചു. തുടർന്ന് അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ടു പിതാവ് ജൂബിലി തിരി തെളിയിച്ചു. കുടുംബക്കൂട്ടായ്മ രൂപത ഡയറക്ടർ ബഹു. ജേക്കബ് വെള്ളമരുതുങ്കൽ സ്വാഗതപ്രസംഗം നടത്തി.

രൂപതയിലെ നാളിതുവരെയുള്ള കുടുംബക്കൂട്ടായ്മ പ്രവർത്തനങ്ങളെ പറ്റിയുള്ള സംക്ഷിപ്ത വിവരണം രൂപത പ്രസിഡന്റ് ശ്രീ തോമസ് വടക്കേൽ നടത്തി.

രൂപത വികാരി ജനറാൽ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് അധ്യക്ഷ പ്രസംഗം നടത്തി. ദൈവജനത്തെ ഇടവകയോടു ചേർത്തുനിർത്തുന്നതാണ് ഇടവകയുടെ വളർച്ചയെന്ന് ബഹു. വേത്താനത്തച്ചൻ ഉദ്ബോധിപ്പിച്ചു.

തുടർന്ന്, അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനപ്രസംഗം നടത്തി. കുടുംബങ്ങൾ ഒത്തുകൂടുകയും പങ്കുവയ്ക്കുകയും ചെയ്യുന്നത് സമൂഹത്തിൽ വലിയ മാറ്റങ്ങൾക്ക് സഹായകമാകുമെന്ന് അഭിവന്ദ്യ പിതാവ് ഉദ്ബോധിപ്പിച്ചു. കൂടിനിന്നാൽ കോടി ഗുണം, ഒത്തുനിന്നാൽ പത്തു ഗുണം എന്ന പഴമൊഴി കുടുംബക്കൂട്ടായ്മകളിലൂടെ പ്രാവർത്തികമാകുകയാണെന്ന് അഭിവന്ദ്യ പിതാവ് ഓർമിപ്പിച്ചു.

സമ്മേളനത്തിന് ആശംസകൾ അർപ്പിച്ച രൂപതാ കുടുംബക്കൂട്ടായ്മയുടെ മുൻ ഡയറക്ടറും അഡാർട്ട് ഡയറക്ടറുമായ ബഹു. ഫാ. വിൻസന്റ് മൂങ്ങാമാക്കൽ കുടുംബക്കൂട്ടായ്മ രൂപതയുടെ ഏറ്റവും വലിയ ചാലകശക്തിയാണെന്നു പറഞ്ഞു.

രൂപതയിൽ കുടുംബക്കൂട്ടായ്മകൾക്ക് ആരംഭകാലഘട്ടത്തിൽ പരിശീലനം നൽകിയ ബഹു. സി. അൻറ്റോണിറ്റ (SCCG) സമ്മേളനത്തിന് ആശംസകൾ അർപ്പിച്ച് ആദ്യകാല അനുഭവങ്ങൾ പങ്കുവെച്ചു.

രൂപതയിൽ കുടുംബക്കൂട്ടായ്മകൾക്ക് തുടക്കം കുറിച്ച ബിഷപ് എമിരിറ്റസ് മാർ ജോസഫ് പള്ളിക്കാപറമ്പിലിനെയും സ്ഥാപക ഡയറക്ടർ ആയിരുന്ന പരേതനായ ബഹു. ജോർജ് തെക്കേമുറി അച്ചനെയും ഡയറക്ടറായി സേവനം അനുഷ്ഠിച്ച ഗ്രേറ്റ് ബ്രിട്ടൻ ബിഷപ് മാർ ജോസഫ് സ്രാമ്പിക്കലിനെയും ഡയറക്ടർ ആയിരുന്ന റവ. ഫാ. തോമസ് മണ്ണൂരിനെയും യോഗത്തിൽ നന്ദിയോടെ അനുസ്മരിച്ചു.

തുടർന്ന് കുടുംബക്കൂട്ടായ്മയുടെ ഡയറക്ടർമാർ ആയിരുന്ന റവ. ഡോ. കുര്യൻ മറ്റത്തിൽ അച്ചനെയും റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ അച്ചനെയും ആദ്യ കാലപ്രവർത്തകരായ സി. ജോസ് മേരി എഫ്.സി.സി., സി. അൻറ്റോണിറ്റാ (SCCG) സി. ജയ്സി സി.എം.സി., ഇ.എം. ദേവസ്യ ഈരൂരിക്കൽ, കെ.ജെ. ജോസഫ് കുരിശിങ്കൽ പറമ്പിൽ, കെ.പി. ജോസഫ് കൂവയിൽ, പി.പി. തോമസ് പുളിക്കാട്ട്, മാത്യു ജോസഫ് മുകളേൽ, തോമസ് വടക്കേൽ, സെബാസ്റ്റ്യൻ പൈലി കുഴികണ്ട ത്തിൽ, ബോബൻ മാത്യു പ്ലാത്തോട്ടത്തിൽ, എൽസമ്മ ജോൺ ആലാനിക്കൽ എന്നിവരെയും അഭിവന്ദ്യ കല്ലറങ്ങാട്ട് പിതാവ് മെമന്റോ നൽകി ആദരിച്ചു. ലൈസമ്മ ജോസഫ് കച്ചോലയ്ക്കൽ യോഗത്തിന് ഹൃദ്യമായ കൃതജ്ഞത അർപ്പിച്ചു. പ്രവിത്താനം ഫൊറോന ടീം ആലപിച്ച പാപ്പാ ഗാനത്തോടെ 4.30ന് യോഗം സമാപിച്ചു. തുടർന്ന് നടന്ന സ്നേഹവിരുന്ന് എല്ലാവരും ആസ്വദിച്ചു. രൂപതയുടെ എല്ലാ ഇടവകകളിൽനിന്നുമായി ആയിരത്തോളം പ്രതിനിധികൾ രജത ജൂബിലിസമ്മേളനത്തിൽ പങ്കെടുത്തു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. വിവാഹ ഒരുക്ക ധ്യാനം

### 1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി

**നവംബർ 7-9, നവംബർ 21-23** എന്നീ തീയതികളിൽ നടന്ന വിവാഹ ഒരുക്ക സെമിനാറിൽ 211 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

### 2. രജിസ്ട്രേഷൻ

**ഡിസംബർ 5-7, ഡിസംബർ 19-21, ജനുവരി 2-4, ജനുവരി 16-18** എന്നീ തീയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

### 3. പേരന്റ്സ് മീറ്റ്

നവംബർ മാസത്തിലെ പേരന്റ്സ് മീറ്റിങ്ങുകളിൽ റവ. ഫാ. ജോസഫ് കടുപ്പിൽ ക്ലാസ്സെടുത്തു. മീറ്റിങ്ങിൽ 320 മാതാപിതാക്കന്മാർ സംബന്ധിച്ചു.

### 4. കുടുംബനവീകരണസെമിനാർ

നവംബർ 4-ാം തീയതി സ്ലീവാപുരം പള്ളിയിൽവച്ച് ഉച്ചകഴിഞ്ഞ് 3 മുതൽ 5 വരെ കുടുംബനവീകരണസെമിനാർ നടത്തപ്പെട്ടു. റവ. ഡോ. ജോസഫ് കുറ്റിയാങ്കൽ ക്ലാസ്സ് നയിച്ചു.

## B. സന്തുഷ്ടകുടുംബപദ്ധതി

2000-മാണ്ടിനുശേഷം വിവാഹിതരായി അഞ്ചോ അതിൽ കൂടുതലോ കുട്ടികളുള്ള 53 കുടുംബങ്ങൾക്ക് ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ സന്തുഷ്ടകുടുംബപദ്ധതിയിലൂടെ പ്രതിമാസം 1500 രൂപയുടെ സാമ്പത്തിക സഹായം (നവംബർ മാസത്തിലേത്) 5-ാം തീയതി Bank Transfer വഴി നല്കി.

## C. പിതൃവേദി

### 1. രൂപതാസമിതി

നവംബർ 22-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലിന്റെ നേതൃത്വത്തിൽ രൂപതാസമിതി നടത്തപ്പെട്ടു.

### 2. ഉദ്ഘാടനം

നവംബർ 25-ാം തീയതി നമ്പ്യാകുളം ഇടവകയിൽ പിതൃവേദിയുടെ പ്രവർത്തനോദ്ഘാടനം ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കൽ നിർവഹിച്ചു. പ്രസിഡന്റ് ശ്രീ ജോസഫ് വടക്കേൽ പരിപാടിയിൽ പങ്കെടുത്തു.

### 3. പുതിയ യൂണിറ്റ്

വാലാച്ചിറ ഇടവകയിൽ പിതൃവേദിയുടെ പുതിയ യൂണിറ്റ് രൂപീകരിച്ചു. ഡയറക്ടറും രൂപതാസമിതി അംഗങ്ങളും പരിപാടിയിൽ സംബന്ധിച്ചു.

### 4. വെഞ്ചരിപ്പ്

നവംബർ 27-ാം തീയതി മണ്ണാറപ്പാറ ഇടവകയിൽ പിതൃവേദി നിർമ്മിച്ച വീടിന്റെ വെഞ്ചരിപ്പ് നടത്തപ്പെട്ടു.

## D. മാതൃവേദി

### 1. തീർത്ഥാടനം

മാതൃവേദിയുടെ ആഭിമുഖ്യത്തിൽ നവംബർ 1, 2 തീയതികളിൽ വിശുദ്ധ ദൈവസഹായത്തിന്റെ കബറിടത്തിലേക്ക് തീർത്ഥാടനം നടത്തപ്പെട്ടു.

### 2. യൂണിറ്റ് വാർഷികം

നവംബർ 15-ാം തീയതി ഞായറാഴ്ച കളത്തുകടവ് ഇടവകയിൽ ഉച്ചകഴിഞ്ഞ് 3 മുതൽ മാതൃവേദിയുടെ യൂണിറ്റ് വാർഷികം നടത്തപ്പെട്ടു. രൂപത ഡയറക്ടർ റവ. ഡോ. ജോസഫ് കുറ്റിയാങ്കലും രൂപത പ്രസിഡന്റ് സിജി ലൂക്ക്സണും വാർഷി കത്തിൽ പങ്കെടുത്തു.

### 3. 2021-2022 രൂപതസമിതിയുടെ സമാപനമീറ്റിങ്

നവംബർ 15-ാം തീയതി 2021-2022 കാലഘട്ടത്തിലെ രൂപതാസമിതിയുടെ സമാപനമീറ്റിങ് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെട്ടു. രൂപത എക്സി ക്യൂട്ടീവ് അംഗങ്ങളും 17 ഫെറോനയിലെ മേഖല പ്രസിഡന്റുമാരും മീറ്റിങ്ങിൽ പങ്കെടുത്തു. രൂപത ഡയറക്ടർ റവ. ഡോ. ജോസഫ് കുറ്റിയാങ്കൽ, ജോയിന്റ് ഡയറക്ടർ സി. എൽസ റ്റോം എന്നിവർ മീറ്റിങ്ങിൽ പങ്കെടുത്തു. തദവസരത്തിൽ സി. എൽസ റ്റോമിന്റെ Feast ആഘോഷിച്ചു.

### 4. രൂപത എക്സിക്യൂട്ടീവ്

നവംബർ 18-ാം തീയതി ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലിന്റെ നേതൃത്വത്തിൽ രൂപതാസമിതി നടത്തപ്പെടുകയും മാതൃവേദി മേഖല, യൂണിറ്റ് റിപ്പോർട്ടുകൾ പരിശോധിക്കുകയും ചെയ്തു.

### 5. രൂപതാതല മത്സരങ്ങൾ

നവംബർ 18-ാം തീയതി ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് മാതൃവേദി രൂപ താതല മത്സരങ്ങൾ നടത്തപ്പെട്ടു.

### 6. വാർഷികാഘോഷങ്ങൾ

നവംബർ 22-ാം തീയതി രാവിലെ 10.30 ന് കടനാട് മാതൃവേദിയുടെ യൂണിറ്റ് വാർഷികം നടത്തപ്പെട്ടു. രൂപത ഡയറക്ടർ റവ. ഡോ. ജോസഫ് കുറ്റിയാങ്കൽ വാർഷികത്തിൽ സംബന്ധിച്ചു. നവംബർ 25-ാം തീയതി രാവിലെ 10.30 ന് കുറ വിലങ്ങാട് മേഖലയുടെ വാർഷികം നടത്തപ്പെട്ടു. രൂപത ഡയറക്ടർ റവ. ഡോ. ജോസഫ് കുറ്റിയാങ്കൽ വാർഷികത്തിൽ സംബന്ധിച്ചു.

### 7. തിരഞ്ഞെടുപ്പും രൂപതാവാർഷികവും

മാതൃവേദിയുടെ നിലവിലുള്ള ഭരണസമിതിയുടെ കാലാവധി 2022 ഡിസം ബർ 31 ന് അവസാനിക്കുകയാണ്. 2023 ജനുവരി 1 ന് പുതിയ ഭരണസമിതി നിലവിൽ വരുന്നതിനായി യൂണിറ്റ്, മേഖല, രൂപതാതലഭാരവാഹികളുടെ തിര ഞ്ഞെടുപ്പ് ഡിസംബർ 10 ന് നടക്കുകയും ജനുവരി 1 ന് പുതിയ ഭരണസമിതി നിലവിൽ വരുകയും ചെയ്യും. ഡിസംബർ 10-ാം തീയതി ശനിയാഴ്ചയാണ് മാതൃ വേദിയുടെ രൂപതാവാർഷികവും പുതിയ രൂപതാസമിതിയുടെ തിരഞ്ഞെടുപ്പും

നടക്കുന്നത്. ചൂണ്ടച്ചേരി സെന്റ് ജോസഫ് എഞ്ചിനീയറിങ് കോളേജിന്റെ ഓഡിറ്റോറിയത്തിൽ വച്ച് രാവിലെ 10 മണിക്കാണ് വാർഷികാഘോഷങ്ങൾ നടത്തപ്പെടുന്നത്. രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് വാർഷികത്തിൽ മുഖ്യാതിഥിയായി സംബന്ധിക്കുന്നതാണ്. വാർഷികാഘോഷങ്ങളിൽ പങ്കെടുക്കുന്നതിന് ഭരണങ്ങാനത്തുനിന്നും പ്രവിത്താനത്തുനിന്നും ചൂണ്ടച്ചേരിയിലേക്ക് വാഹനസൗകര്യം ക്രമീകരിക്കുന്നതാണ്. അന്നേദിവസം ഉച്ചകഴിഞ്ഞാണ് പുതിയ രൂപതാതല ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്തപ്പെടുന്നത്.

### E. പ്രോലൈഫ് സമിതി

#### മീറ്റിങ്

നവംബർ 19-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 മുതൽ 4 മണിവരെ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലിന്റെ നേതൃത്വത്തിൽ പ്രോലൈഫ് സമിതിയുടെ മീറ്റിങ് നടത്തപ്പെട്ടു. രൂപത പ്രസിഡന്റ് മാത്യു. എം. കുര്യാക്കോസ്, സെക്രട്ടറി ഡോ. ഫെലിക്സ് എന്നിവർ മീറ്റിങ്ങിൽ സംബന്ധിച്ചു.

### F. സീറോ മലബാർ പാലാ മാട്രിമണി

#### 1. ഡേറ്റ സ്വീകരണം

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ സീറോ മലബാർ പാലാ മാട്രിമണി സീറോ മലബാർ സഭയിലെ 18 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. ദീപിക പത്രത്തിന്റെ മാട്രിമോണിയലും ഈ സംരംഭത്തിൽ പങ്കാളിയാണ്. Palai Matrimony യിൽ രജിസ്ട്രേഷൻ ചെയ്യുന്നവർക്ക് 18 രൂപതകളിലെയും ദീപിക മാട്രിമോണിയലിലെയും മെമ്പേഴ്സിനെ സെർച്ച് ചെയ്യുവാൻ സാധിക്കും. അതോടൊപ്പം Payment നടത്തിയ ദിവസത്തിനുശേഷമുള്ള ഞായറാഴ്ചത്തെ ദീപിക പത്രത്തിൽ പരസ്യം ചെയ്യുന്നതുമാണ്. നമ്മുടെ രൂപതയിലെ വിവാഹാർഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് Palai Matrimony യുടെ 7306915897, 9778199182 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

#### 2. ഡയറക്ടറേഴ്സ് മീറ്റിങ്

നവംബർ 4-ാം തീയതി സീറോ മലബാർ മാട്രിമണിയുടെ ഡയറക്ടേഴ്സ് മീറ്റീങ് നടത്തപ്പെട്ടു. ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കൽ മീറ്റിങ്ങിൽ പങ്കെടുത്തു.

### G. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോംസയൻസ് ക്ലാസ്സുകൾ നടത്തപ്പെടുന്നു. യുവതികൾക്ക് ഉത്തമകുടുംബജീവിതത്തിന് ആവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ്

വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംമ്പോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ — 9496571321.

**I. മംഗല്യനിധി**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധിവഴി സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ **രത്നഗിരി, രാമപുരം, കുറിച്ചിത്താനം, വെള്ളിക്കുളം, വാലാച്ചിറ, നീലൂർ** എന്നീ ഇടവകകളിലെ പെൺകുട്ടികൾക്ക് വിവാഹസഹായം നൽകി.

**ഫാ. ജോസഫ് കുറ്റിയാങ്കൽ** (ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**1. അടുക്കളത്തോട്ടം മത്സരം 2022**

വിഷരഹിതപച്ചക്കറികൾ ഭക്ഷിക്കുന്നതിനും കുടുംബക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കത്തോലിക്ക കോൺഗ്രസ് നടത്തുന്ന എട്ടാമത് അടുക്കളത്തോട്ടമത്സരത്തിന്റെ രൂപതാതല വിത്തുവിതരണ ഉദ്ഘാടനം മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. അൽഫോൻസിയൻ പാസ്റ്ററൽ സെന്ററിൽ രൂപത വൈസ് പ്രസിഡന്റ് സി.എം. ജോർജിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, രാജീവ് കൊച്ചുപറമ്പിൽ, ജോൺസൺ മാത്യു, സാജു അലക്സ്, റ്റോമി കണ്ണീറ്റുമ്യാലിൽ തുടങ്ങിയവർ സംസാരിച്ച് ആറായിരത്തോളം മത്സരാർത്ഥികൾക്കുള്ള വിത്തുപാക്കറ്റുകൾ വിതരണം ചെയ്തു.

രൂപതയെ നാലു സോണുകളിലായി തിരിച്ചാണ് വിത്തുകൾ വിതരണം നടത്തുന്നത്.

**കുറവിലങ്ങാട് സോൺ**

കുറവിലങ്ങാട്, കോതനല്ലൂർ, മുട്ടുചിറ, കടുത്തുരുത്തി, ഇലഞ്ഞി ഫൊറോനകൾ ഉൾപ്പെട്ട കുറവിലങ്ങാട് സോണിലെ ഇടവകകൾക്കുവേണ്ടിയുള്ള വിത്തുവിതരണം ഇലഞ്ഞി ഫൊറോന പാരിഷ് ഹാളിൽ നടത്തി.

ഇലഞ്ഞി ഫൊറോന പ്രസിഡന്റ് ജയിംസ് കുറ്റിക്കോട്ടയിലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഇലഞ്ഞി ഫൊറോന വികാരി പെരിയ ബഹു. ഫാ. ജോസഫ് ഇടത്തംപറമ്പിൽ ഉദ്ഘാടനം ചെയ്തു. ജോസ് വട്ടുകുളം, സി.എം. ജോർജ്, ഫാ. പോൾ കുന്നുംപുറത്ത്, ബേബി ആലുങ്കൽ, ജോസഫ് തോമസ് എന്നിവർ സംസാരിച്ചു. കർഷകവേദി ചെയർമാൻ റ്റോമി കണ്ണീറ്റുമാലിൽ കൃഷി സെബിനാർ നയിച്ചു.

**പാലാ സോൺ**

പാലാ, ചേർപ്പുങ്കൽ, ഭരണങ്ങാനം, പ്രവിത്താനം, ഫൊറോനകളിലെ ഇടവകൾക്കുള്ള വിത്തുവിതരണം ഭരണങ്ങാനം പാരിഷ് ഹാളിൽ വച്ച് ഭരണങ്ങാനം ഫൊറോന പ്രസിഡന്റ് സെബാസ്റ്റ്യൻ കുന്നപ്പള്ളിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് ഫാ. തരകൻ ഡയ്സൺ ഉദ്ഘാടനം നിർവഹിച്ചു. വെരി. റവ. ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, സിന്ധു ജയ്ബ്, ജോസ് അമ്പാട്ട്, അരുൺ പോൾ, ജാൻസ് തുടങ്ങിയവർ സംസാരിച്ചു. കർഷകവേദി ചെയർമാൻ റ്റോമി കണ്ണീറ്റുമ്യാലിൽ കൃഷി സെമിനാർ നയിച്ചു.

**അരുവിത്തുറ സോൺ**

അരുവിത്തുറ, തീക്കോയി, പൂഞ്ഞാർ, കൂട്ടിക്കൽ എന്നീ ഫൊറോനകളിലെ ഇടവകകൾക്കുള്ള പച്ചക്കറിവിത്തുകൾ തീക്കോയി ഫൊറോന പ്രസിഡന്റ് ശ്രീ സാന്റോ പുല്ലാട്ടിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വിതരണം ചെയ്തു. വെരി. റവ.ഫാ. തോമസ് മേനാച്ചേരി സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് ശ്രീ ഇമ്മാനുവൽ നിധീരി വിത്തുകളുടെ വിതരണം നിർവഹിച്ചു. പയസ്സ് കവളംമാക്കൽ, സാജു അലക്സ്, ജെയ്സൺ കൊട്ടുകാപ്പള്ളി, റ്റോമി പുളിക്കൽ എന്നിവർ പ്രസംഗിച്ചു. കർഷകവേദി ചെയർമാൻ റ്റോമി കണ്ണീറ്റുമ്യാലിൽ കാർഷികസെമിനാറിൽ ക്ലാസുകൾക്കു നേതൃത്വം വഹിച്ചു. കാർഷിക ഉത്പന്നങ്ങളുടെ വിലയിടിവിൽ യോഗം ആശങ്ക രേഖപ്പെടുത്തി.

**മൂലമറ്റം സോൺ**

മൂലമറ്റം, തുടങ്ങനാട്, കടനാട്, രാമപുരം ഫൊറോനകൾ ഉൾപ്പെടുന്ന ഇടവകകൾക്കുള്ള വിത്തുവിതരണം സിബിഗിരി, മുട്ടം ടൗൺ കുരിശുപള്ളി ഹാളിൽ രൂപത സെക്രട്ടറി ഫ്രാൻസിസ് കരിമ്പാനിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഫാ. ജോൺ വാളിത്തോട്ടം ഉദ്ഘാടനം നിർവഹിച്ചു. തുടങ്ങനാട് ഫൊറോന വികാരി റവ.ഫാ. തോമസ് പുല്ലാട്ട്, ജോസ് വട്ടുകുളം, എം.എം. ജേക്കബ്, എഡ്വിൻ പാമ്പാറ, ഫാ. ജോസഫ് കുറുമുട്ടത്ത്, ജോസ് ജോസഫ് മൂലയിൽ എന്നിവർ സംസാരിച്ചു. കർഷകവേദി ചെയർമാൻ റ്റോമി കണ്ണീറ്റുമ്യാലിൽ കാർഷികസെമിനാർ നയിച്ചു.

**2. പ്രതിഷേധധർണകൾ**

കാർഷിക ഉത്പന്നങ്ങളുടെ വിലയിടിവിനെതിരേയും നിത്യോപയോഗ സാധനങ്ങളുടെ വൻവിലവർദ്ധനവിനെയും നിയന്ത്രിക്കാൻ സർക്കാരുകൾ തയ്യാറാകാത്തതിൽ പ്രതിഷേധിച്ചും വന്യജീവിശല്യങ്ങൾ നിയന്ത്രിക്കാൻ പരിശ്രമിക്കാത്തതിലും ബഫർ സോൺ വിഷയത്തിൽ കാര്യമായി ഇടപെടണം എന്നാവിശ്യപ്പെട്ടുകൊണ്ടും രൂപതാതലത്തിലും ഫൊറോന, യൂണിറ്റുതലത്തിലും ധർണകൾ നടത്തി.

**ഇലഞ്ഞി**

ഇലഞ്ഞി ടൗണിൽ നടത്തിയ പ്രതിഷേധധർണ ഗ്ലോബൽ മുൻ വൈസ് പ്രസിഡന്റ് ശ്രീ സാജു അലക്സ് ഉദ്ഘാടനം ചെയ്തു. ഫൊറോന വികാരി റവ.ഫാ. ജോസഫ് ഇടത്തുംപറമ്പിൽ, ജോസ് വട്ടുകുളം, സി.എം. ജോർജ്, ജയിംസ് കുറ്റികോട്ടയിൽ, റ്റോമി കണ്ണിറ്റുമ്യാലിൽ തുടങ്ങിയവർ സംസാരിച്ചു.

**ഭരണങ്ങാനം**

ഭരണങ്ങാനം ടൗണിൽ നടത്തിയ പ്രതിഷേധ ധർണ്ണ ശ്രീ സാജു അലക്സ് ഉദ്ഘാടനം ചെയ്തു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, സെബാസ്റ്റ്യൻ കുന്നപ്പള്ളി, ജാൻസ്, അരുൺ പോൾ തുടങ്ങിയവർ സംസാരിച്ചു.

**സിബിഗിരി – മുട്ടം**

മുട്ടം ടൗണിൽ നടത്തിയ പ്രതിഷേധധർണയിൽ റവ. ഫാ. തോമസ് പുല്ലാട്ട്, ഫാ. ജോൺ പാളിത്തോട്ടം, ജോസ് വട്ടുകുളം, ജോബിൻ പുതിയിടത്തുചാലിൽ, ബിനു വള്ളോംപുരയിടം, എം.എം. ജേക്കബ് എന്നിവർ സംസാരിച്ചു. മുൻ രൂപതാ പ്രസിഡന്റ് ശ്രീ സാജു അലക്സ് ധർണ ഉദ്ഘാടനം ചെയ്തു.

തീക്കോയി

കാർഷിക ഉത്പന്നങ്ങളുടെ വിലയിടിവിൽ സർക്കാർ അടിയന്തരമായി ഇട പെടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തീക്കോയിൽ ധർണ നടത്തി. രൂപതാ പ്രസിഡന്റ് ശ്രീ ഇമ്മാനുവൽ നിധീരി മുഖ്യപ്രഭാഷണം നടത്തി. ധർണയുടെ ഉദ്ഘാടനം സഭാവക്താവ് ശ്രീ സാജു അലക്സ് നിർവഹിച്ചു. വെരി. റവ.ഫാ. തോമസ് മേനാച്ചേരി, പയസ് കവളംമാക്കൽ, റ്റോമി പുളിക്കൽ, ജെയ്സൺ കൊട്ടു കാപ്പള്ളി, റ്റോമി കണ്ണീറ്റുമ്യാലിൽ, അഗസ്റ്റിൻ വെളിയിൽ എന്നിവർ നേതൃത്വം നൽകി.

**കുറവിലങ്ങാട്**

കുറവിലങ്ങാട് യൂണിറ്റിന്റെ നേതൃത്വത്തിൽ മികച്ച കർഷകരെ ആദരിച്ചു. പ്രസിഡന്റ് ബ്രൈസ് ലൂക്കോസ് അധ്യക്ഷത വഹിച്ചു. മികച്ച കർഷകരായി തിര ഞ്ഞെടുക്കപ്പെട്ട ശ്രീമതി മേരി തേനാശ്ശേരി, ശ്രീമതി ജാൻസി ആണ്ടാംശ്ശേരി, ശ്രീ ജിമ്മി പാറേക്കുന്നേൽ എന്നിവരെ രൂപതാ പ്രസിഡന്റ് ശ്രീ ഇമ്മാനുവൽ നിധീരി ഉപഹാരം നൽകി ആദരിച്ചു. ഫൊറോന പ്രസിഡന്റ്, ഡോ. നിധീഷ് മാത്യു ആശംസ അർപ്പിച്ചു. റബർ വിലയിടിവിൽ യോഗം ആശങ്ക രേഖപ്പെടുത്തി.

**3. ആദരാഞ്ജലി**

കോതനല്ലൂർ മുൻ ഫൊറോന പ്രസിഡന്റ് ശ്രീ എം.ജെ. ജോസഫിന്റെ അകാല നിര്യാണത്തിൽ രൂപതാകമ്മിറ്റി അനുശോചിച്ചു. റവ.ഡോ. ജോർജ് വർഗീസ് ഞാറ ക്കുന്നേൽ പ്രാർത്ഥനാശുശ്രൂഷയ്ക്കു നേതൃത്വം നൽകി. ഗ്ലോബൽ സമിതിക്കു വേണ്ടി ജനറൽ സെക്രട്ടറി ശ്രീ രാജീവ് കൊച്ചുപറമ്പിൽ ഭവനത്തിലെത്തി അനു ശോചിച്ചു.

**ശ്രീ ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**സന്നദ്ധസേന രൂപീകരണം**

ക്യാൻസറിനെ പ്രതിരോധിക്കുന്ന സമൂഹങ്ങളെ രൂപപ്പെടുത്താനുള്ള പാത യിൽ കാരിത്താസ് ഇന്ത്യയുടെ ആശാകിരണം ക്യാൻസർ സുരക്ഷായജ്ഞത്തിന്റെ ഭാഗമായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി രൂപതയിലെ സ്വയം

സഹായ അംഗങ്ങളിൽനിന്ന് സ്ത്രീപുരുഷന്മാരെ സന്നദ്ധസേനയിലേക്കു തിരഞ്ഞെടുക്കുന്നു. ക്യാൻസർ രോഗികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കാൻ സന്മനസ്സും സമയവും ഉള്ളവരെയാണ് ആവശ്യം. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പരിശീലനം നൽകാവുന്നതാണ്.

**2. ശീതകാലപച്ചക്കറിക്കൃഷിപരിശീലനം**

പാലാ രൂപതയുടെ കർഷകദശകാചരണത്തിന്റെ ഭാഗമായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി സംഘടിപ്പിച്ച ശീതകാല പച്ചക്കറിത്തൈകളുടെ വിതരണോദ്ഘാടനം ളാലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് റാണി ജോസ് അഗ്രിമ കർഷകനേഴ്സറിയിൽ നിർവഹിച്ചു.

**3. വാർഷികാഘോഷങ്ങൾ**

വിവിധ സ്വയം സഹായസംഘങ്ങൾ, സ്വാശ്രയസംഘങ്ങൾ, കർഷകദളങ്ങൾ എന്നിവയുടെ വാർഷികാഘോഷങ്ങൾ വിപുലമായി നടത്തപ്പെട്ടു. കാഞ്ഞിരമറ്റം കർഷകദള ഫെഡറേഷന്റെ വാർഷികം വികാരി റവ. ഫാ. എബ്രാഹം ഏരിമറ്റത്തിന്റെ അധ്യക്ഷതയിൽ പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ റവ.ഫാ. തോമസ് കിഴക്കേൽ ഉദ്ഘാടനം ചെയ്തു.

അന്തീനാട് സ്വാശ്രയസംഘത്തിന്റെ വാർഷികാഘോഷം വികാരി ഫാ. ജോർജ് കിഴക്കേ അരഞ്ഞാണിയുടെ അധ്യക്ഷതയിൽ പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ ഉദ്ഘാടനം ചെയ്തു.

**4. ആഴ്ചച്ചന്തകൾ ആരംഭിച്ചു.**

പി.എസ്.ഡബ്ല്യു.എസ്. ന്റെ ആഭിമുഖ്യത്തിൽ വിവിധ ഇടവകകളിൽ സ്വാശ്രയസംഘം / കർഷകദളം നേതൃത്വത്തിൽ ആഴ്ചച്ചന്തകൾ ആരംഭിച്ചു. സ്വന്തമായി കൃഷി ചെയ്ത കാർഷിക ഉത്പന്നങ്ങളും അഗ്രിമ ഉത്പന്നങ്ങളും വിപണനം നടത്തുന്നു. നിലവിലുള്ള 27 ഓപ്പൺ മാർക്കറ്റുകൾക്ക് കൂടാതെ നീലൂർ, കാക്കൊമ്പ് ഇടവകകളിൽകൂടി ആഴ്ചച്ചന്തകൾ ആരംഭിച്ചു.

**5. സന്ദർശനം നടത്തി**

ചേർപ്പുങ്കൽ ബി.വി.എം. കോളജിലെ എം.എസ്.ഡബ്ല്യു., ബി.എസ്.ഡബ്ല്യു. ഒന്നാം വർഷ വിദ്യാർത്ഥികൾ പി.എസ്.ഡബ്ല്യു.എസ്. ന്റെ കേന്ദ്ര ഓഫീസും അഗ്രിമ കർഷക മാർക്കറ്റും സന്ദർശിച്ചു. പി.എസ്.ഡബ്ല്യു.എസ്. അസി. ഡയറക്ടർ ഫാ. ജോസഫ് താഴത്തുവരിക്കയിൽ കുട്ടികൾക്ക് മുഖ്യസന്ദേശം നൽകി. പ്രോജക്ട് ഓഫീസർ മെർലി ജെയിംസ് മോട്ടിവേഷൻ ക്ലാസ് നടത്തി.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

**ഫാ. ജോസഫ് താഴത്തുവരിക്കയിൽ**
**ഫാ. ജോർജ് വടക്കേത്തൊട്ടിയിൽ**
(അസി. ഡയറക്ടേഴ്സ്)

# ഡി.സി.എം.എസ്.

**നേതൃത്വപരിശീലന ശില്പശാല**

ഡി.സി.എം.എസ്. പാലാരൂപത കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്ന രണ്ടാമത് നേതൃത്വപരിശീലന ഏകദിനശില്പശാല ഒക്ടോബർ 23 ഞായറാഴ്ച രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണിവരെ പാലാ ഷലോം പാസ്റ്ററൽ സെന്ററിൽവച്ചു നടത്തുകയുണ്ടായി. ഇവാഞ്ചലൈസേഷൻ രൂപത ഡയറക്ടറും മുൻ ഡി.സി.എം.എസ്. രൂപത ഡയറക്ടറുമായ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ രണ്ടാമത് നേതൃത്വപരിശീലന ശില്പശാല ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് ബിനോയ് ജോൺ സ്വാഗതവും രൂപത ഡയറക്ടർ റവ. ഫാ. ജോസ് വടക്കേക്കുറ്റ് ആമുഖപ്രഭാഷണം നടത്തി.

തുടർന്ന്, നേതൃത്വവും വ്യക്തിത്വവികസനവും എന്ന വിഷയത്തിൽ ശ്രീ ബെന്നി കുര്യനും, ഡി.സി.എം.എസ് സംഘടനയുടെ പ്രസക്തിയും സമുദായ ശാക്തീകരണവും എന്ന വിഷയത്തിൽ ഡി.സി.എം.എസ്. മുൻ സംസ്ഥാന പ്രസിഡന്റ് റ്റി.ജെ. എബ്രാഹവും ക്ലാസ്സെടുത്തു. രൂപത ഓർഗനൈസർ ബേബി ആന്റണി നന്ദിയർപ്പിച്ചു. ശില്പശാലയിൽ പങ്കെടുത്തവർക്കായി രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് വി. കുർബാന അർപ്പിച്ചു.

**2. സീറോമലബാർ സമുദായസമുദ്ധാരണ കർമ്മപദ്ധതി രൂപീകരണം 2022–23**

സീറോ മലബാർ സഭാംഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി 2022 ഒക്ടോബർ 26 ന് ബിഷപ് ഹൗസിൽ കൂടിയ വിവിധ സംഘടനകളുടെ മീറ്റിങ്ങിൽ ഡി.സി.എം.എസ്. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് , രൂപത പ്രസിഡന്റ് ബിനോയ് ജോൺ, ബിന്ദു ആന്റണി എന്നിവർ പങ്കെടുത്തു. സഭാംഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി കർമ്മപദ്ധതി രൂപീകരിക്കുന്നതിനുള്ള ചർച്ചയിൽ പങ്കെടുക്കുകയും ആവശ്യമായ നിർദേശങ്ങൾ അഭിപ്രായപ്പെടുകയും ചെയ്തു.

**3. ഫ്യൂച്ചർ സ്റ്റാർസ്**

ഡി.സി.എം.എസ്. പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ ദലിത് കത്തോലിക്കാ വിദ്യാർഥികൾക്കായി നടത്തിവരുന്ന (5–ാം ക്ലാസ്സ് മുതൽ 10–ാം ക്ലാസ്സുവരെ) സിവിൽ സർവ്വീസ് ട്രെയിനിംഗ് പ്രോഗ്രാമായ ഫ്യൂച്ചർ സ്റ്റാർസിന്റെ ക്ലാസ്സ് 2022 ഒക്ടോബർ 24–ാം തീയതി പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ വച്ച് നടത്തുകയുണ്ടായി. റ്റിൻജിമോൾ തോമസ്, ആർ. മഹാദേവൻ, ജിജി കെ. സെബാസ്റ്റ്യൻ എന്നിവർ കുട്ടികൾക്ക് ക്ലാസ്സെടുത്തു. ജോയി മാത്യു, ബീന സേവ്യർ, ഷീബ സി. ഒ, ഹെലൻ ജോസഫ്, സിജു തോമസ്, ബിന്ദു സെബാസ്റ്റ്യൻ, ആൽബിൻ ജോബി, ജോമോൾ ജോർജ്ജ്, ജിൻസി സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകി.

**4. കോട്ടയം ഹെഡ് പോസ്റ്റ് ഓഫീസ് പടിക്കൽ കൂട്ടധർണ**

ദളിത് ക്രൈസ്തവർക്ക് പട്ടികജാതി സംവരണം നൽകുന്നതു സംബന്ധിച്ച് കേന്ദ്രഗവൺമെന്റ് സുപ്രീം കോടതിയിൽ നൽകിയ സത്യവാങ്മൂലം പുനഃപരി

ശോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഡി.സി.എം.എസ്. സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ 2022 നവംബർ 18 വെള്ളിയാഴ്ച രാവിലെ 11 മുതൽ ഉച്ചകഴിഞ്ഞ് 2 മണിവരെ കോട്ടയം ഹെഡ് പോസ്റ്റ് ഓഫീസ് പടിക്കൽ നടന്ന കൂട്ടധർണയിൽ ഡി.സി.എം.എസ് സംസ്ഥാന ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, ഡി.സി. എം.എസ് രൂപത പ്രസിഡന്റ് ബിനോയ് ജോൺ, ഓർഗനൈസർ ബേബി പാറ യ്ക്കൽ എന്നിവരുടെ നേതൃത്വത്തിൽ 20 ഓളം ആൾക്കാർ പങ്കെടുക്കുകയുണ്ടായി.

**5. രൂപതാ കമ്മിറ്റി**

2022 നവംബർ 19-ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ പ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ആമുഖ പ്രഭാഷണം നടത്തി. വൈസ് പ്രസിഡന്റ് ഫെമിന സിബിച്ചൻ സ്വാഗതം ആശം സിച്ചു. തുടർന്ന് സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി റിപ്പോർട്ട് അവതരിപ്പിച്ചു. വിവിധ വിഷയങ്ങളെക്കുറിച്ച് ചർച്ച നടത്തുകയും നവംബർ 26 ന് എറണാകുളം പി.ഒ.സിയിൽ നടക്കുന്ന ദളിത് കത്തോലിക്കാ ദേശീയ സെമിനാറിൽ ഡി.സി. എം.എസ് രൂപത കമ്മിറ്റിയംഗങ്ങൾ എല്ലാവരും പങ്കെടുക്കുവാൻ തീരുമാനിച്ചു.

**6. ഇടവകസന്ദർശനവും യൂണിറ്റ് രൂപീകരണവും**

ഡി.സി.എം.എസ്. പാലാ രൂപത കമ്മിറ്റിയും മേഖല കമ്മിറ്റിയും സംയുക്ത മായി അരുവിത്തുറ മേഖലയിലുള്ള ചേറ്റുതോട്, മണിയൻകുളം, ചേന്നാട് എന്നീ ഇടവകകളിൽ സന്ദർശനം നടത്തുകയുണ്ടായി.

1. ചേന്നാട് - 2022 ഒക്ടോബർ 30-ാം തീയതി ഞായറാഴ്ച 8.30 ന് ചേന്നാട് ഇടവകയിൽ ബഹു. വികാരി ഫാ. അബ്രാഹം കൊളമാക്കലിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് രൂപത പ്രസിഡന്റ് ബിനോയ് ജോൺ, രൂപത ഓർഗനൈസർ ബേബി പാറയ്ക്കൽ, മേഖല പ്രസിഡന്റ് രാജു കെ.പി. എന്നിവർ യോഗത്തിൽ പങ്കെടുത്തു. ഇടവകാംഗങ്ങൾ യോഗം മറ്റൊരു ദിവസം കൂടാൻ തീരുമാനിച്ചു.

2. മണിയൻകുളം - 2022 ഒക്ടോബർ 30-ാം തീയതി ഞായറാഴ്ച രാവിലെ 9.45 ന് മണിയംകുളം സെന്റ് ജോസഫ് പള്ളിയിൽ രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് വി. കുർബാനയർപ്പിച്ചു. തുടർന്ന് 11 മണിക്ക് ഇടവക വികാരി ഫാ. അലക്സാണ്ടർ പൈകടയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ യൂണിറ്റ് ഭാരവാഹികളെ തിരഞ്ഞെടുക്കുകയും യൂണിറ്റ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് രൂപത പ്രസിഡന്റ് ബിനോയ് ജോൺ, രൂപത ഓർഗനൈസർ ബേബി പാറയ്ക്കൽ, മേഖല പ്രസിഡന്റ് രാജു കെ.പി. എന്നിവർ യോഗത്തിൽ പങ്കെടുത്തു.

3. ചേറ്റുതോട് -2022 ഒക്ടോബർ 30-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ചേറ്റുതോട് ഫാത്തിമമാതാ പള്ളിയിൽ വച്ച് ഇടവകവികാരി ഫാ. ജോസഫ് കാപ്പിലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ യൂണിറ്റ് ഭാരവാ

ഹികളെ തിരഞ്ഞെടുക്കുകയും യൂണിറ്റ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് രൂപത പ്രസിഡന്റ് ബിനോയ് ജോൺ, രൂപത ഓർഗനൈസർ ബേബി പാറയ്ക്കൽ, മേഖല പ്രസിഡന്റ് രാജു കെ.പി. എന്നിവർ യോഗത്തിൽ പങ്കെടുത്തു.

**7. പാലാരൂപത യുവജന സമ്മേളനം റാലി**

2022 നവംബർ 20-ാം ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് അരുവിത്തുറ ഫൊറോന പള്ളി പാരിഷ് ഹാളിൽ പാലാ രൂപത എസ്.എം.വൈ.എം. യുവജന സംഘടന നടത്തിയ യുവജന പൊതുസമ്മേളനത്തിലും റാലിയിലും ഡി.സി.എം.എസ്. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ എന്നിവർ പങ്കെടുത്തു.

**8. കുറിച്ചിത്താനം-** 2022 നവംബർ 20-ാം തീയതി ഞായറാഴ്ച വൈകുന്നേരം കുറിച്ചിത്താനം സെന്റ് തോമസ് പള്ളി പാരിഷ് ഹാളിൽ വച്ച് ഇടവകവികാരി ഫാ. ജോസ് നെല്ലിക്കാത്തെരുവിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ യൂണിറ്റ് ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ഡി.സി.എം.എസ്. യൂണിറ്റ് രൂപീകരിക്കുകയും ചെയ്തു. ഡി.സി.എം.എസ്. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, രൂപത പ്രസിഡന്റ് ബിനോയ് ജോൺ, സെക്രട്ടറി ബിന്ദു ആന്റണി, ഓർഗനൈസർ ബേബി പാറയ്ക്കൽ എന്നിവർ യോഗത്തിൽ പങ്കെടുത്തു സംസാരിച്ചു.

**9. ഡി.സി.എം.എസ്. രൂപത ഡയറക്ടർമാരുടെ സമ്മേളനം**

2022 നവംബർ 21-ാം തീയതി തിങ്കളാഴ്ച രാവിലെ 10.30 മുതൽ വൈകുന്നേരം 4 മണിവരെ പുനലൂർ രൂപതയുടെ പത്തനാപുരത്തം സെന്റ് സേവിയേഴ്സ് വിദ്യാനികേതനിൽ വച്ച് കെ.സി.ബി.സി. കമ്മീഷൻ വൈസ് ചെയർമാൻ ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ പിതാവിന്റെ അധ്യക്ഷതയിൽ ഡി.സി.എം.എസ് രൂപത ഡയറക്ടർമാരുടെ യോഗം ചേർന്നു. യോഗത്തിൽ ഡി.സി.എം.എസ്. സംസ്ഥാന ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സംസ്ഥാന പ്രസിഡന്റ് ശ്രീ ജെയിംസ്, വിവിധ രൂപത ഡയറക്ടർമാർ തുടങ്ങിയവർ പങ്കെടുത്തു.

**10. ദേശീയ സെമിനാർ**

കെസിബിസിഎസ്സി/എസ്ടി/ബിസി കമ്മീഷന്റെയും ഡി.സി.എം.എസ്. സംസ്ഥാന കമ്മിറ്റിയുടെയും സംയുക്തനേതൃത്വത്തിൽ 2022 നവംബർ 26-ാം തീയതി ശനിയാഴ്ച രാവിലെ 10.30 മുതൽ 3.30 വരെ, എറണാകുളം പി.ഒ.സിയിൽ വച്ച് ദേശീയ സെമിനാറും, സമാപനസമ്മേളനവും നടത്തി. ഡി.സി.എം.എസ് സംസ്ഥാന ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സ്വാഗതം ആശംസിച്ച സെമിനാർ യോഗത്തിൽ ഡി.സി.എം.എസ്. സംസ്ഥാന പ്രസിഡന്റ് ശ്രീ ജെയിംസ് ഇലവുങ്കൽ അധ്യക്ഷത വഹിച്ചു. കെ.സി.ബി.സി/എസ്സി/എസ്ടി/ബിസി കമ്മീഷൻ വൈസ് ചെയർമാൻ ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. സിബിസിഐ എസ്സി/ബിസി കമ്മീഷൻ സെക്രട്ടറി ജനറൽ റവ. ഫാ. വിജയ്കുമാർ നായിക് ദലിത് ക്രൈസ്തവസംവരണം സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസിനെപ്പറ്റി

സെമിനാറിൽ പങ്കെടുത്തവരോടു സംസാരിച്ചു. തുടർന്ന് ഈ വിഷയത്തെപ്പറ്റി ചർച്ച നടത്തി. സംസ്ഥാന അസി. ഡയറക്ടർ ഫാ. ജോസുകുട്ടി ഇടത്തിനകം ഈശ്വരപ്രാർത്ഥനയും ഡി.സി.എം.എസ്. സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ ജസ്റ്റിൻ പി. സ്റ്റീഫൻ കൃതജ്ഞതയും നടത്തി.

ഉച്ചകഴിഞ്ഞ് 2 മണിക്ക് നടന്ന സമാപനസമ്മേളനത്തിന് കെ.സി.ബി.സി എസ്‌സി/എസ്ടി/ബിസി കമ്മീഷൻ സെക്രട്ടറി ഫാ. ജോസ് വടക്കേക്കുറ്റ് സ്വാഗതം പറഞ്ഞു. കെ.സി.ബി.സി എസ്‌സി/എസ്ടി/ബിസി കമ്മീഷൻ വൈസ് ചെയർമാൻ ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ ഉദ്ഘാടനം നടത്തിയ സമാപന സമ്മേളനത്തിൽ ഡി.സി.എം.എസ്. സംസ്ഥാന പ്രസിഡന്റ് ശ്രീ ജെയിംസ് ഇലവുങ്കൽ അധ്യക്ഷത വഹിച്ചു. സമ്മേളനത്തിന് മുന്നോടിയായി കമ്മീഷൻ വൈസ് ചെയർമാൻ ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ കത്തിച്ചുകൊടുത്ത തിരി കൈയിൽ പിടിച്ച് വിവിധ സംഘടനാഭാരവാഹികൾ ഡി.സി.എം.എസ് ഭാരവാഹികളോടു ചേർന്ന് ഐക്യദാർഢ്യപ്രതിജ്ഞ ചെയ്തു. ദലിത് ക്രൈസ്തവ പ്രശ്നപരിഹാരത്തിനു കത്തോലിക്കാസഭ ദലിത് കത്തോലിക്കർക്കൊപ്പം എന്നും ഉണ്ടാകും എന്ന പ്രതിജ്ഞാവാചകം സി.ബി.സി ലെയ്റ്റി അസോസിയേഷൻ സെക്രട്ടറി അഡ്വ. വി.സി. സെബാസ്റ്റ്യൻ ചൊല്ലികൊടുത്തു. എംസിഎ ഗ്ലോബൽ ജനറൽ സെക്രട്ടറി ശ്രീ വി.സി. ജോർജ്ജുകുട്ടി, കെ.എൽ.സി.എ ജനറൽ സെക്രട്ടറി അഡ്വ. ഷെറി ജെ. തോമസ്, എ.കെ.സി.സി സംസ്ഥാന സെക്രട്ടറി ബെന്നി ആന്റണി, കെ.സി.സി. എക്സിക്യൂട്ടീവ് മെമ്പർ അഡ്വ. അഞ്ജലി സൈറസ് എന്നിവർ സംസാരിച്ചു. ഡി.സി.എം.എസ് സംസ്ഥാന സെക്രട്ടറി ശ്രീമതി ബിജി സാലസ് പ്രമേയം അവതരിപ്പിച്ചു. സംസ്ഥാന ഖജാൻജി ശ്രീ എൻ ദേവദാസ് കൃതജ്ഞതയർപ്പിച്ചു.

**11. അരുവിത്തുറ മേഖലാസന്ദർശനം**

2022 നവംബർ 27-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 ന് അരുവിത്തുറ പാരിഷ് ഹാളിൽ വച്ച് വികാരി ഫാ. അഗസ്റ്റ്യൻ പാലയ്ക്കാപ്പറമ്പിലിന്റെ അധ്യക്ഷതയിൽ കൂടിയ സഹദസുഹൃദം പദ്ധതി അനുസരിച്ചുള്ള ദലിത് കത്തോലിക്കാ കുടുംബസമ്മേളനം ഡി.സി.എം.എസ്. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ഉദ്ഘാടനം ചെയ്തു. പി.സി. ജോർജ്ജ് എം.എൽ.എ, പ്രോഗ്രാം കമ്മിറ്റി കൺവീനർ ഡോ. റെജി മേക്കാടൻ, ഡോ. ആൻസി ജോർജ്ജ് വടക്കേ ചെറയാത്ത്, ജോർജ്ജ് വടക്കേൽ, ഡി.സി.എം.എസ് മേഖല പ്രസിഡന്റ് രാജു കെ.പി, മേഖല ഓർഗനൈസർ ശ്രീ ജോയി മാത്യു എന്നിവർ സംസാരിച്ചു.

**12. ചേറ്റുതോട് യൂണിറ്റ് പൊതുയോഗം**

2022 നവംബർ 27-ാം തീയതി ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് ചേറ്റുതോട് പള്ളി പാരിഷ് ഹാളിൽ വച്ച് ഇടവകവികാരി ഫാ. ജോസഫ് കാപ്പിലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഡി.സി.എം.എസ് രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, മേഖല ഓർഗനൈസർ ശ്രീ ജോയി മാത്യു എന്നിവർ സംഘടനാപ്രവർത്തനങ്ങളെക്കുറിച്ചു സംസാരിച്ചു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെ.എൽ.എം.

**1. മീറ്റിംഗ്**

26-11-2022 ലേബർ മൂവ്മെന്റ് ഭാരവാഹികളുടെ മീറ്റിംഗ് കൂടി. വിവിധ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളെ ചേർക്കുന്നതിനെ സംബന്ധിച്ചു ചർച്ച ചെയ്തു.

**2.** പെൻഷനായവർ ലൈഫ് സർട്ടിഫിക്കറ്റ് നവംബർ 30-നു മുമ്പ് നൽകാൻ അറിയിച്ചു.

**3. ക്ഷേമപെൻഷനുകൾ**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽ തൊഴിലാളി ക്ഷേമനിധി

വിവിധ ക്ഷേമനിധികളിലേക്കുള്ള അംഗങ്ങളെ ചേർക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വിശദവിവരങ്ങൾക്ക് ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം ഓഫീസിലോ താഴെ കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക. Mob: 8304981275 (O), 9400661492 (P).

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**1. ആൽക്കഹോൾ അനോനിമസ് (AA) മീറ്റിംഗ്**

നവംബർ മാസം 6, 13, 20, 27 തീയതികളിൽ AA മീറ്റിംഗുകൾ നടന്നു. പ്രോജക്ട് ഡയറക്ടർ ശ്രീ എൻ.എം. സെബാസ്റ്റ്യൻ, റ്റീന, ലിജോ, പാപ്പച്ചൻ മുത്തോലി എന്നിവർ നേതൃത്വം നല്കി. ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. ജെയിംസ് പൊരുന്നോലിൽ എന്നിവർ ആമുഖസന്ദേശം നല്കി.

**2. പരിതസ്ഥിതി ദിനാഘോഷം**

നവംബർ 13 ഞായർ പരിതസ്ഥിതിദിനാഘോഷം നടത്തി. പാലാ രൂപത മദ്യവിമുക്തി ചികിത്സാകേന്ദ്രമായ അഡാർട്ടിന്റെ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ അഡ്വ. ജോർജുകുട്ടി കടപ്ലാക്കൽ മുഖ്യസന്ദേശം നല്കി. അഡാർട്ട് പ്രോജക്ട് ഡയറക്ടർ ശ്രീ എൻ.എം. സെബാസ്റ്റ്യൻ, ഗാന്ധിയൻ എബ്രാഹം സാർ തുടങ്ങിയവർ സന്ദേശം നല്കി. റവ. ഫാ. ജെയിംസ് പൊരുന്നോലിൽ നന്ദി പ്രകാശിപ്പിച്ചു.

**3.** നവംബർ 7 ന് അഡാർട്ടിന്റെ വികസനസാധ്യതകളെക്കുറിച്ചു പഠിക്കാനും പ്രാവർത്തികമാക്കുന്നതിനെപ്പറ്റി സംസാരിക്കാനും ചേർപ്പുങ്കൽ മാർ സ്ലീവ മെഡിസിറ്റിയിൽ കൂടിയ സമ്മേളനത്തിൽ അഡാർട്ട് ചെയർമാൻ മോൺ. ജോസഫ് കണിയോടിക്കൽ, ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, അഡാർട്ട് പ്രോജക്ട് ഡയറക്ടർ ശ്രീ. എൻ.എം. സെബാസ്റ്റ്യൻ, റവ.ഫാ ജെയിംസ് പൊരുന്നോലിൽ, റവ. അഡ്വ. ഫാ. ആൽവിൻ ഏറ്റുമാനൂർക്കാരൻ തുടങ്ങിയവർ പങ്കെടുത്തു.

**4. ബോധവത്കരണ ക്ലാസ്**

1. നവംബർ 2 ന് വെള്ളികുളം സെന്റ് സെബാസ്റ്റ്യൻസ് സ്കൂളിൽ നടന്ന ലഹരിവിരുദ്ധപരിപാടിയിൽ ബോധവത്കരണക്ലാസ്സ് അഡാർട്ട് ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ നയിച്ചു.

2. നവംബർ 12 ശനിയാഴ്ച കേന്ദ്രഗവൺമെന്റിന്റെ പരിതസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി പാലാ അൽഫോൻസ കോളേജിൽ പരിതസ്ഥിതി സംരക്ഷണപ്രദർശനവും ബോധവത്കരണക്ലാസ്സും നടത്തപ്പെട്ടു. അഡാർട്ട് ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ ആൻമരിയ, മരിയ, മധു കെ.ആർ. എന്നിവർ നേതൃത്വം നല്കി.

**2.** നവംബർ 13 ഞായറാഴ്ച കേന്ദ്ര ഗവൺമെന്റിന്റെ പരിതസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി പാലാ അഡാർട്ടിൽ പരിതസ്ഥിതി സംരക്ഷണ പ്രദർശനവും ബോധവത്കരണക്ലാസ്സും നടത്തപ്പെട്ടു. അഡാർട്ട് പ്രോജക്ട് ഡയറക്ടർ ശ്രീ എൻ.എം. സെബാസ്റ്റ്യൻ ആൻമരിയ, മരിയ, മധു കെ.ആർ. തുടങ്ങിയവർ നയിച്ചു.

**3.** നവംബർ 14 ന് ലീഗൽ സർവീസിന്റെ നേതൃത്വത്തിൽ പാലാ കോടതിയിൽ നടന്ന ലഹരി വിരുദ്ധപരിപാടിയിൽ അഡാർട്ട് പ്രോജക്ട് ഡയറക്ടർ ശ്രീ എൻ. എം. സെബാസ്റ്റ്യൻ ബോധവത്കരണക്ലാസ്സ് നയിച്ചു.

**4.** നവംബർ 22 ന് കടപ്ലാമറ്റം സെന്റ് മേരീസ് സ്കൂളിൽ നടന്ന ലഹരിവിരുദ്ധ പരിപാടിയിൽ ബോധവത്കരണക്ലാസ്സിന് അഡാർട്ട് ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ നേതൃത്വം നൽകി.

**5.** നവംബർ 11 ന് അഡാർട്ട് കേന്ദ്രത്തിൽ നടന്ന ലഹരിവിരുദ്ധബോധവത്കരണ പ്രോഗ്രാമിൽ ചേർപ്പുങ്കൽ BVM കോളേജിലെ 50 കുട്ടികൾ അവരുടെ അദ്ധ്യാപകരോടൊപ്പം പങ്കെടുത്തു. അഡാർട്ട് പ്രോജക്ട് ഡയറക്ടർ ശ്രീ എൻ.എം. സെബാസ്റ്റ്യൻ ക്ലാസ്സ് നയിച്ചു.

**6.** നവംബർ 16 മുതൽ 19 വരെ തിരുവനന്തപുരത്ത് നടന്ന ലഹരിവിരുദ്ധ പ്രവർത്തനങ്ങളെപ്പറ്റിയുള്ള ഇന്റർനാഷണൽ സെമിനാറിൽ പാലാ അഡാർട്ടിനെ പ്രതിനിധികരിച്ച് കൗൺസിലർ ലിജോ പങ്കെടുത്തു.

**7.** നവംബർ 18 ന് അഡാർട്ട് കേന്ദ്രത്തിൽ നടന്ന ലഹരിവിരുദ്ധ ബോധവത്കരണ പ്രോഗ്രാമിൽ കിടങ്ങൂർ സെന്റ് മേരീസ് സ്കൂളിലെ 45 കുട്ടികൾ അവരുടെ അദ്ധ്യാപകരോടൊപ്പം പങ്കെടുത്തു. അഡാർട്ട് പ്രോജക്ട് ഡയറക്ടർ ശ്രീ എൻ. എം. സെബാസ്റ്റ്യൻ ക്ലാസ് നയിച്ചു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)
**ഫാ. ജെയിംസ് പൊരുന്നോലിൽ** (അസി. ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**1. ലോഗോസ് ക്വിസ്**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റി സംഘടിപ്പിക്കുന്ന ലോഗോസ് ബൈബിൾ ക്വിസ് മത്സരത്തിൽ 'സി' പ്രായവിഭാഗത്തിൽ മേരിലാന്റ് ഇടവകാംഗം അൻജന റ്റോജി തെങ്ങുംപള്ളിൽ സംസ്ഥാനതലത്തിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കി. 'ഇ' പ്രായവിഭാഗത്തിൽ ഭരണങ്ങാനം ഇടവകാംഗം ബാബുപോൾ പെരിയപ്പുറം രണ്ടാംസ്ഥാനവും 'എ' പ്രായവിഭാഗത്തിൽ ഇടപ്പാടി ഇടവകാംഗം നോറ ജോബി കുടക്കച്ചിറ, 'ബി' പ്രായവിഭാഗത്തിൽ അരുവിത്തുറ ഇടവകാംഗം ലിസ് മരിയ തോമസ് പൈക്കാട്ട്, 'സി' പ്രായവിഭാഗത്തിൽ ഉള്ളനാട് ഇടവകാംഗം ഡോണ മൈക്കിൾ ഔസേപ്പറമ്പിൽ എന്നിവർ നാലാം സ്ഥാനവും നേടി.

ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ചതിന് കുറവിലങ്ങാട് ഇടവക സംസ്ഥാനതലത്തിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കി. രൂപതകളുടെ വിഭാഗത്തിൽ പാലാ രൂപത മൂന്നാംസ്ഥാനം നേടുകയുണ്ടായി. ലോഗോസ് ക്വിസ് 2022 വിജയകരമാക്കാൻ സഹായിച്ച എല്ലാവർക്കും നന്ദിയും അർപ്പിച്ചു.

**4. ലോഗോസ് ഫാമിലി ക്വിസ്**

സംസ്ഥാന തലത്തിൽ നടന്ന ലോഗോസ് ഫാമിലി ക്വിസ് മത്സരത്തിൽ കുടക്കച്ചിറ ഇടവകയിലെ സതീഷ് അഗസ്റ്റിൻ പുത്തുപ്പിള്ളിൽ ഫാമിലി മൂന്നാംസ്ഥാനം കരസ്ഥമാക്കി.

ലോഗോസ് ഫാമിലി രൂപതാതല വിജയികൾ

സതീഷ് അഗസ്റ്റിൻ പുത്തുപ്പിള്ളിൽ, ഫാമിലി കുടക്കച്ചിറ

ജോബി മാത്യു, കുടക്കച്ചിറ, ഫാമിലി ഇടപ്പാടി

ബിജുമോൻ അഗസ്റ്റിൻ വലവനാട്ടുമലയിൽ, ഫാമിലി ചക്കാമ്പുഴ

പ്രോത്സാഹനസമ്മാനം

സാജു വർഗീസ് കുറ്റിയാങ്കൽ ഫാമിലി, കുറിച്ചിത്താനം

സാജു സെബാസ്റ്റ്യൻ വെട്ടത്ത് ഫാമിലി, നീലൂർ

ജോർജുകുട്ടി അലക്സ് മണിയമ്മാക്കൽ ഫാമിലി, വാകക്കാട്

എം.സി. മാത്യു മടിക്കാങ്കൽ ഫാമിലി, കാവാലി

വിജയികൾക്ക് അഭിനന്ദനങ്ങൾ

**5. ബൈബിൾ കോഴ്സ്**

പാലാ രൂപത ബൈബിൾ അപ്പസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ അല്മായർക്കായി സംഘടിപ്പിക്കുന്ന ഏകവർഷ ബൈബിൾ കോഴ്സിന്റെ പുതിയ ബാച്ച് ആരംഭിക്കുന്നു. അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് രണ്ടാം ശനിയാഴ്ചകളിൽ നടക്കുന്ന ക്ലാസുകൾ രാവിലെ 10 മണിക്ക് ആരംഭിച്ച്

വൈകുന്നേരം 3.30 ന് അവസാനിക്കുന്നതാണ്. ബൈബിളിലെ ചരിത്രപുസ്തകങ്ങളെപ്പറ്റിയുള്ള ഈ ക്ലാസുകൾ 2023 ജനുവരി 14 ന് ആരംഭിക്കുന്ന ബൈബിൾ കോഴ്സിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ 2022 ഡിസംബർ 31 ന് മുമ്പായി ഷലോമിലുള്ള ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. വിശദവിവരങ്ങൾക്ക് : 9447145934.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ & കരിസ്മാറ്റിക്

**1. പാലാ കാത്തിഡ്രൽ ദൈവാലയത്തിൽ വെള്ളിയാഴ്ച ശുശ്രൂഷകൾ**

ബഹുമാനപ്പെട്ട ജേക്കബ് വെള്ളമരുതങ്കലച്ചന്റെ നേതൃത്വത്തിൽ എല്ലാം വെള്ളിയാഴ്ചകളിലും രാവിലെ 9.30 മുതൽ 2 വരെയും വിശുദ്ധ കുർബാന, വചനപ്രഘോഷണം, സൗഖ്യശുശ്രൂഷകൾ, ജപമാല, നന്ദി സ്തുതി ആരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെടുന്നു. നവംബർ 4 ന് റവ. ഫാ. സെബാസ്റ്റ്യൻ (ഡെന്നിസ് ) തെക്കുംചേരിക്കുന്നേൽ, 11 ന് ബ്രദർ സാജൻ നെല്ലിമറ്റത്തിൽ, 18 ന് റവ. ഫാ. സെബാസ്റ്റ്യൻ ചാമക്കാലയിൽ, 25 ന് റവ. ഫാ. തോമസ് വെട്ടുകാട്ടിൽ എന്നിവർ വചനശുശ്രുഷകൾക്കു നേതൃത്വം നൽകി.

**2. കരിസ്മാറ്റിക് സംഗമം**

പാലാ സോണൽ സേവനസമിതി ഡയറക്ടർ റവ.ഫാ. ജേക്കബ് വെള്ളമരുതങ്കലച്ചന്റെ നേതൃത്വത്തിൽ പാലാ സെന്റ് ജോസഫ് കിഴതടിയൂർ ദൈവാലയത്തിൽ വച്ച് നവംബർ 5 ആദ്യശനി 9 മണി മുതൽ 2 വരെ കരിസ്മാറ്റിക് സംഗമം നടത്തപ്പെട്ടു. ജപമാല, നന്ദി സ്തുതി ആരാധന, വിശുദ്ധ കുർബാന, ദിവ്യകാരുണ്യാരാധന, മിനിസ്ട്രികളുടെയും കൗൺസിലുകളുടെയും മീറ്റിംഗ് എന്നിങ്ങനെ ശുശ്രൂഷകൾ ക്രമികരിക്കപ്പെട്ടു. റവ. ഫാ. ജെയിംസ് (ടോണി) ചൊവ്വേലികുടിയിൽ വിശുദ്ധകുർബാന അർപ്പിച്ചു വചനസന്ദേശം നൽകി.

**3. കുരിശിന്റെ വഴി**

എല്ലാം വെള്ളിയാഴ്ചകളിലും രാത്രി 8.30 മുതൽ 9.30 വരെയും ഓൺലൈനിൽ കുരിശിന്റെ വഴി പ്രാർഥന പാലാ സോണൽ സേവന സമിതി ഡയറക്ടർ റവ.ഫാ. ജേക്കബ് വെള്ളമരുതങ്കലച്ചന്റെ നേതൃത്വത്തിൽ നടത്തപെട്ടു. അനേകം കുടുംബങ്ങൾ പങ്കെടുത്തു.

**4. രാത്രിയാരാധന**

രൂപത കരിസ്മറ്റിക് സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനിയാഴ്ചകളിൽ ഭരണങ്ങാനം സെന്റ് അൽഫോൻസാ തീർത്ഥാടന ദൈവാലയത്തിൽവച്ചു നടന്നുവരുന്ന രാത്രി ആരാധന നവംബർ 26 ശനിയാഴ്ച വൈകിട്ട് 7 മണി മുതൽ 27 ന് രാവിലെ 5 വരെ നടത്തപ്പെട്ടു. റവ.ഫാ. പോൾ വടക്കേമുറി CMI (ഡയറക്ടർ, മരിയൻ വചനതീരം ധ്യനകേന്ദ്രം) വചനശുശ്രുഷയും ആരാധനയും നയിച്ചു.

തീർത്ഥാടനകേന്ദ്രം ഡയറക്ടർ റവ. ഫാ. ജോസഫ് വള്ളോംപുരയിടം, കരിസ്മാറ്റിക് രൂപത ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതങ്കൽ, രൂപത സേവന സമിതിയംഗങ്ങൾ എന്നിവർ ശുശ്രുഷകൾക്കു നേതൃത്വം നൽകി.

**5. പാലാ രൂപത ബൈബിൾ കൺവൻഷനുവേണ്ടിയുള്ള മദ്ധ്യസ്ഥപ്രാർത്ഥന**

ഡിസംബർ 19 മുതൽ നടക്കുന്ന രൂപത ബൈബിൾ കൺവൻഷനുവേണ്ടിയുള്ള മധ്യസ്ഥപ്രാർത്ഥന പാലാ സോണൽ സേവന സമിതിയുടെ മദ്ധ്യസ്ഥ പ്രാർത്ഥന മിനിസ്ട്രിയുടെ നേതൃത്വത്തിൽ നവംബർ 1 മുതൽ 10 മണി മുതൽ 1 വരെ എല്ലാം ദിവസവും (ഞായർ, വെള്ളി ഒഴികെ) പാലാ ലീജിയൻ ഹോമിൽ നടന്നുകൊണ്ടിരിക്കുന്നു. ദിവസവും ഇരുപത്തഞ്ചോളം പേർ പങ്കെടുക്കുന്നു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ജീസസ് ഫ്രട്ടേണിറ്റി

**1. പാലാ സബ് ജയിൽ**

ജീസസ് ഫ്രെട്ടേണിറ്റിയുടെ നേതൃത്വത്തിൽ പാലാ സബ് ജയിലിൽ നവംബർ 12 ശനിയാഴ്ച സന്ദർശനം നടത്തി. റവ. ഫാ. ജെയിംസ് പൊരുന്നോലിൽ നേതൃത്വം നല്കിയ സന്ദർശനത്തിൽ കളത്തൂർ സെന്റ് മേരീസ് SMYM അംഗങ്ങൾ വിവിധ പ്രോഗ്രാമുകൾ അവതരിപ്പിച്ചു. ഫാ. ജോൺ നടുത്തടത്തിൽ, സി. ലിസ് മരിയ സി.എം.സി. യൂണിറ്റ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

**2. പ്രാർത്ഥനാസമ്മേളനം**

നവംബർ 6 ഞായറാഴ്ച ജീസസ് ഫ്രെട്ടേണിറ്റിയുടെ പ്രവർത്തനവിജയത്തിനായി അഡാർട്ടിൽ വച്ച് മദ്ധ്യസ്ഥപ്രാർത്ഥന നടന്നു. ഫാ. വിൻസെന്റ് മുങ്ങാമാക്കൽ, ബേബിച്ചൻ ഭരണങ്ങാനം, മത്തച്ചൻ മുത്തനാട്ട് നേതൃത്വം നല്കി. ഡയറക്ടർ ഫാ. വിൻസെന്റ് മുങ്ങാമാക്കൽ, ഫാ. ജെയിംസ് പൊരുന്നോലിൽ

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ**
**ഫാ. ജെയിംസ് പൊരുന്നോലിൽ**
(ഡയറക്ടേഴ്സ്)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

1. രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യ പ്രഘോഷണധ്യാനം - രാവിലെ 9 മണി മുതൽ മദ്ധ്യസ്ഥപ്രാർഥന, 10 മണി മുതൽ അനുതാപശുശ്രൂഷ, നിയോഗസമർപ്പണശുശ്രൂഷ, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽ ശുശ്രൂഷ, അഭിഷേക-കൈവയ്പു ശുശ്രൂഷകൾ എന്നിവയോടുകൂടി 3 മണിക്ക് പൂർത്തിയാകുന്ന ധ്യാനം - നവംബർ 12 ന് മൗണ്ട് നെബോയ്ക്കായി പുതുതായി വെഞ്ചരിച്ച ആബാഭവനത്തിൽവച്ചു നടത്തുകയുണ്ടായി.

2. കലർപ്പില്ലാത്ത കത്തോലിക്കാ ആത്മീയതയുടെ ആഴങ്ങളും ഔന്നത്യങ്ങളും സ്വജീവിതത്തിൽ അനുഭവിച്ചറിഞ്ഞ വേദപാരംഗതയും വിശുദ്ധയുമായ ആവിലായിലെ അമ്മത്രേസ്യാ, ആത്മാർത്ഥതയോടെ ദൈവത്തെത്തേടുന്ന ആത്മീയാന്വേഷകർക്കായി, തന്റെ ആത്മീയാനുഭവങ്ങളെ ദൈവികവെളിപാടിന്റെ വെളിച്ചത്തിലും വ്യക്തതയിലും പ്രായോഗികപരിജ്ഞാനത്തോടെ പങ്കുവച്ചുകൊണ്ട് 1577 ൽ എഴുതിയ ആഭ്യന്തരഹർമ്മ്യം എന്ന സാർവ്വത്രികവും സാർവ്വകാലീനവുമായ മൂല്യമുള്ള ആത്മീയഗ്രന്ഥത്തിലൂടെ അനാവരണംചെയ്യപ്പെട്ടിരിക്കുന്ന അനശ്വരങ്ങളായ ആത്മീയപാഠങ്ങളെ ഏതവസ്ഥയിലുള്ള ആത്മീയാന്വേഷകർക്കുമായി ലളിതമായി അവതരിപ്പിക്കുന്ന ഒരു പ്രബോധനപരമ്പര, 15 മിനിറ്റ് വീതമുള്ള സെഷനുകളായി, നവംബർ 1 മുതൽ മൗണ്ട് നെബോ യൂട്യൂബ് ചാനലിലൂടെ ആഭ്യന്തരഹർമ്മ്യ ആത്മീയത എന്ന പേരിൽ നൽകിക്കൊണ്ടിരിക്കുന്നു.

3. ഡിസംബർമുതൽ താമസിച്ചുള്ള ധ്യാനശുശ്രൂഷകൾ ആരംഭിക്കുകയാണ്. പ്രധാനമായും നാലു ദൈവരാജ്യശുശ്രൂഷകളാണ് മൗണ്ട് നെബോയിൽ പൊതുവായി ക്രമീകരിച്ചിരിക്കുന്നത്. എല്ലാ രണ്ടാം ശനിയാഴ്ചകളിലും നടത്തപ്പെടുന്ന, രാവിലെ 9 മണിക്കാരംഭിച്ച് ഉച്ചകഴിഞ്ഞ് 3 മണിക്കവസാനിക്കുന്ന, ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം (ഇതിൽ സംബന്ധിക്കുവാൻ മുൻകൂട്ടി പേരുതരേണ്ടതില്ല); എല്ലാ മാസവും നടത്തപ്പെടുന്ന ത്രിദിന ദൈവരാജ്യാവബോധധ്യാനം; ഇടവിട്ട മാസങ്ങളിൽ മാറിമാറി നടത്തപ്പെടുന്ന പഞ്ചദിന ദൈവരാജ്യാനുഭവധ്യാനവും, നവദിന - 9 ദിവസത്തെ - ദൈവരാജ്യാഭിഷേകധ്യാനവും (ദൈവരാജ്യാനുഭവധ്യാനം കൂടിയവർക്കു മാത്രമായിരിക്കും ദൈവരാജ്യാഭിഷേകധ്യാനത്തിൽ പ്രവേശനമുണ്ടായിരിക്കുക). അതിൻപ്രകാരം, അടുത്ത മൂന്നു മാസത്തെ ശുശ്രൂഷകൾ താഴെപ്പറയുംവിധമായിരിക്കും:

| | |
|---|---|
| 2022 ഡിസം 10: | ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം |
| 2022 ഡിസം 26– ജനു 1: | പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം |
| 2023 ജനു 5–8: | ത്രിദിന ദൈവരാജ്യാവബോധധ്യാനം |
| 2023 ജനു 14: | ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം |
| 2023 ജനു 20–30: | നവദിന ദൈവരാജ്യാനുഭവധ്യാനം |
| 2023 ഫെബ്രു 11: | ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം |
| 2023 ഫെബ്രു 14–20: | പഞ്ചദിന ദൈവരാജ്യാഭിഷേകധ്യാനം |

ബുക്കിംഗിന്: 9847472522

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

## ഫ്രാൻസിസ്കൻ അല്മായ സഭ

ഫ്രാൻസിസ്കൻ അല്മായ സഭയുടെ പാലാ രൂപതയിൽ പ്രവർത്തിക്കുന്ന എല്ലാ യൂണിറ്റുകളിലും മാസം തോറുമുള്ള പ്രാർത്ഥനാസമ്മേളനങ്ങളും മീറ്റിങ്ങുകളും കൃത്യമായി നടന്നുവരുന്നു. മൂന്നു വർഷത്തിലൊരിക്കൽ നടക്കുന്ന യൂണിറ്റ് ഭാരവാഹികളുടെ തിരഞ്ഞെടുപ്പും സമയബന്ധിതമായി ബഹു. വികാരി

യച്ചന്മാരുടെ സാന്നിധ്യത്തിൽ ഫ്രാൻസിസ്കൻ ചൈതന്യത്തോടെ നടക്കുന്നു. അടുത്ത ഒരു മാസത്തിനുള്ളിൽ രൂപതയിലെ എല്ലാ യൂണിറ്റുകളിലും പുതിയ സമിതികൾ നിലവിൽ വരുന്നതാണ്.

**എടത്വ തീർത്ഥാടനം**

ഫ്രാൻസിസ്കൻ അല്മായ സഭയുടെ കേരളത്തിലെ സ്ഥാപകനും കേരള അസ്സീസി എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 114-ാമത് ചരമവാർഷികദിനമായ നവംബർ 1 ന് ദൈവദാസന്റെ കബറിടം സ്ഥിതിചെയ്യുന്ന എടത്വ സെന്റ് ജോർജ് ദേവാലയത്തിങ്കലേക്ക് രൂപതയിലെ യൂണിറ്റുകളിൽനിന്ന് അല്മായ സഭാംഗങ്ങൾ തീർത്ഥാടനം നടത്തി. ചരമവാർഷികദിനാചരണത്തോടനുബന്ധിച്ച് ദേവാലയത്തിൽ വച്ചു നടന്ന വി. കുർബാനയിലും കബറിടത്തിങ്കൽ നടന്ന ഒപ്പീസിലും തുടർന്നുള്ള നേർച്ചസദ്യയിലും മൂന്നാം സഭാംഗങ്ങൾ ആദ്യന്തം സജീവമായി പങ്കെടുത്തു.

ഏവർക്കും വിശുദ്ധ ഫ്രാൻസീസ് അസ്സീസിയുടെ ധന്യനാമത്തിൽ സമാധാനവും സൗഭാഗ്യവും ആശംസിക്കുന്നു.

**റവ.ഫാ. ആന്റണി വെച്ചൂർ OFM Cap.** (ഡയറക്ടർ)

## ദീപിക ഫ്രണ്ട്സ് ക്ലബ്

**മീറ്റിംഗുകൾ**

24-11-2022 - രൂപത, ഫൊറോന ഭാരവാഹികളുടെ മീറ്റിംഗ് കൂടി

**ദീപികപത്ര പ്രചരണം**

വിളക്കുമാടം ഇടവകയിൽ ഡി.എഫ്.സി. വർക്ക് നടത്തി.

പൈക ഇടവകയിൽ ഡി.എഫ്.സി. വർക്ക് നടത്തി.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

## ഇൻഫാം

**ദേശീയസമ്മേളനം താമരശ്ശേരിയിൽ**

നവംബർ 14 തിങ്കളാഴ്ച താമരശ്ശേരി ബിഷപ്സ് ഹൗസിൽ മാർ റെമേജിയൂസ് ഇഞ്ചനാനി പിതാവിന്റെ അധ്യക്ഷതയിൽ കൂടിയ ദേശീയ സമ്മേളനത്തിൽ പാലായിൽനിന്ന് ഫാ. ജോസഫ് ചെറുകരക്കുന്നേൽ, മാത്യു മാമ്പറമ്പിൽ, ബേബി പന്തപ്പള്ളിൽ, സണ്ണി അരഞ്ഞാണി പുത്തൻപുര എന്നിവർ പങ്കെടുത്തു. റബർ വിലത്തകർച്ച, കാട്ടുമൃഗശല്യം, ബഫർ സോൺ, വിഴിഞ്ഞം സമരം, ഇൻഫാം ശാക്തീകരണം എന്നീ വിഷയങ്ങളെക്കുറിച്ചു ചർച്ച ചെയ്തു. ഇൻഫാം കൊടുത്ത ഹർജികൾ ഫലം കണ്ടതിൽ ഫാ. മാത്യു കാവനാടിമലയിലിനെ യോഗം അനുമോദിച്ചു.

കാർഷിക പ്രശ്നങ്ങളിൽ ഇൻഫാം ശക്തമായി പ്രതിഷേധം തുടങ്ങുവാൻ യോഗം തീരുമാനിച്ചു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)

# ബൈബിൾ കൺവെൻഷൻ

**1. Volenteers Committee**

നവംബർ 22 ന് ഷലോം പാസ്റ്ററൽ സെന്ററിൽ ചേർന്ന് വോളന്റീർസ് ഒരുക്കധ്യാനം, സിസ്റ്റേഴ്സ് ഒരുക്കധ്യാനം, ഡിസംബർ 1ന് ആരംഭിക്കേണ്ട ജെറിക്കോ പ്രാർത്ഥന എന്നിവയുടെ തീരുമാനങ്ങൾ എടുത്തു

2. നവംബർ 12 ന് പാലാ സെന്റ് തോമസ് കോളജിൽ വച്ചു ശുശ്രൂഷകരുടെ ഒരുക്കധ്യാനം നടത്തി മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനം ചെയ്തു. ഫാ. നോബിൾ തോട്ടത്തിൽ (Sehion team) ധ്യാനം നയിച്ചു.

3. നവംബർ 26 ന് പാലാ അൽഫോൻസാ കോളേജിൽ വച്ചു ബഹു. സിസ്റ്റേഴ്സിന്റെ ധ്യാനം നടന്നു. മുഖ്യ വികാരി ജനറൽ മോൺ. ജോസഫ് തടത്തിൽ ഉദ്ഘാടനം ചെയ്തു. ഫാ. നോബിൾ തോട്ടത്തിൽ ധ്യാനം നയിച്ചു.

**4. കൺവൻഷൻ മൊബിലൈസേഷൻ**

നവംബർ 1 മുതൽ രൂപതയിലെ എല്ലാ ഫൊറോനകളിലും ഇടവകകൾ, മഠങ്ങൾ, സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സന്ദർശനം ആരംഭിച്ചു. പെരി. ബഹു. സെബാസ്റ്റ്യാൻ വേത്താനത്ത് സന്ദർശനത്തിനു നേതൃത്വം നൽകുന്നു.

**5. മദ്ധ്യസ്ഥപ്രാർത്ഥന**

കൺവെൻഷന്റെ വിജയത്തിനുവേണ്ടിയുള്ള മദ്ധ്യസ്ഥപ്രാർത്ഥന നവംബർ 1 മുതൽ പാലാ ലീജിയൻ ഹോമിൽ വച്ചു നടന്നുകൊണ്ടിരിക്കുന്നു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (കൺവീനർ)






## സി. ഗിലാനി വെള്ളിമൂഴയിൽ എസ്.എച്ച്.

മുണ്ടാങ്കൽ ഇടവകയിൽ വെള്ളിമൂഴയിൽ കുടുംബത്തിൽ പരേതരായ തോമസ് – കാതറിൻ ദമ്പതികളുടെ ഏഴു മക്കളിൽ മൂന്നാമത്തെ പുത്രിയായി 1930 മാർച്ച് 13–ാം തീയതി സി. ഗിലാനി ജനിച്ചു. മാമ്മോദീസായിൽ ലഭിച്ച പേര് അന്നക്കുട്ടി എന്നായിരുന്നു. സാമാന്യവിദ്യഭ്യാസത്തിനുശേഷം രാമപുരം തിരുഹൃദയമഠത്തിൽ അർത്ഥിനിയായി ചേർന്നു. 1955 മെയ് 22 ന് ആദ്യവ്രതവും 1958 മെയ് 22 ന് നിത്യവ്രതവും അനുഷ്ഠിച്ച് ഈശോയുടെ തിരുഹൃദയത്തിന്റെ സ്വന്തമായി. റ്റി.റ്റി.സി. പഠനത്തിനുശേഷം അറക്കുളം, മൂലമറ്റം, മേലുകാവുമറ്റം, നീലൂർ, നരിയങ്ങാനം എന്നീ സ്കൂളുകളിൽ അധ്യാപികയായും ഇടമറുക് സ്കൂളിൽ പ്രധാനാധ്യാപികയായും സ്തുത്യർഹമാംവിധം സേവനമനുഷ്ഠിച്ചു.

1985 ൽ സ്കൂളിൽനിന്നു വിരമിച്ചശേഷം പാലായിലെ വിശ്വാസ പരിശീലന ഓഫീസിൽ കെ.സി.ബി.സി., സി.എം.എൽ, വൊക്കേഷൻ ബ്യൂറോ തുടങ്ങിയ സംഘടനകളുടെ മേൽനോട്ടം നിർവഹിച്ച ഗിലാനിയമ്മ ബഹു. ഡയറക്ടറച്ചന്മാരോടും സഹപ്രവർത്തകരോടും ഏറെ സ്നേഹാദരവുകളോടെ വർത്തിച്ചു. ആഴമായ ആത്മീയതയിൽ വേരൂന്നിയ ജീവിതം, ആരവങ്ങളോ ആർഭാടങ്ങളോ ഇല്ലാത്ത ജീവിതശൈലി, ലളിതവും വിനയാന്വിതവുമായ പെരുമാറ്റം, ശാന്തവും അദ്ധ്വാനപൂർണവുമായ ജീവിതം, സദാ പ്രസന്നവദനത്തോടും നിഷ്കളങ്കഹൃദയത്തോടുമുള്ള ഇടപെടൽ ഇതൊക്കെയായിരുന്നു ഗിലാനിയമ്മയുടെ സവിശേഷതകൾ. അധികാരികളുടെ തീരുമാനങ്ങൾ ദൈവഹിതമായി സ്വീകരിച്ച് സദാ ദൈവതിരുമനസ്സ് നിറവേറ്റുന്നതിൽ ഉത്സുകയായിരുന്നു ഗിലാനിയമ്മ. താൻ ആയി

രുന്ന ഇടവകകളിൽ വിശ്വാസപരിശീലനരംഗത്ത് തീക്ഷ്ണതാപൂർവം പ്രവർത്തിച്ചത് അനേകം ദൈവവിളികൾക്കു നിദാനമായി. അറക്കുളം, മൂലമറ്റം, മേലുകാവുമറ്റം, നീലൂർ, നരിയങ്ങാനം, വെള്ളിയാമറ്റം, ഇടമറുക്, ചേറ്റുതോട്, പാലാ, സാന്തോം, പൂവരണി, രാമപുരം എന്നീ ഇടവകകളായിരുന്ന ഗിലാനിയമ്മയുടെ അനുഗ്രഹീതസാന്നിധ്യത്തിൽ ധന്യമായത്.

രാമപുരം ഭവനാംഗമായിരിക്കേ മരണത്തിനു രണ്ടാഴ്ചമുമ്പ് ഗിലാനിയമ്മയ്ക്ക് ക്ഷീണവും ഭക്ഷണം കഴിക്കാൻ ബുദ്ധിമുട്ടും അനുഭവപ്പെട്ടിരുന്നു. മരണത്തിന്റെ തലേന്ന് ശ്വാസംമുട്ടൽ അനുഭവപ്പെട്ടതിനെത്തുടർന്ന് പ്രാഥമികശുശ്രൂഷകളും രോഗീലേപനവും നല്കി. തുടർന്ന് പ്രവിത്താനം ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു. നവംബർ നാലാം തീയതി വൈകിട്ട് 7 മണിക്ക് എല്ലാവർക്കുംവേണ്ടി പ്രാർഥിച്ചും അനുഗ്രഹിച്ചും നിമിഷങ്ങൾ നീക്കവേ പെട്ടെന്ന് ദിവ്യനാഥന്റെ പക്കലേക്ക് അമ്മ യാത്രയായി. ആറാം തീയതി ഉച്ചകഴിഞ്ഞ് 1.30 ന് വി. കുർബാനയോടെ മൃതസംസ്കാരശുശ്രുകകൾ രാമപുരം മഠം ചാപ്പലിൽ ആരംഭിച്ചു. വടവാതൂർ സെന്റ് തോമസ് അപ്പോസ്തലേറ്റിക് സെമിനാരി പ്രൊഫസർ, റവ.ഫാ. ഡോമിനിക് വെച്ചൂരിന്റെ മുഖ്യകാർമികത്വത്തിൽ മൃതദേഹം രാമപുരം ഫൊറോനപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.



## സി. ആൻസി തട്ടാംപറമ്പിൽ ഡി.എസ്.റ്റി

"ദൈവത്തോടു ചേർന്നു നില്ക്കുന്നതാണ് എന്റെ ആനന്ദം. ദൈവമായ കർത്താവിനെ ഞാൻ അഭയം പ്രാപിച്ചിരിക്കുന്നു" (സങ്കീ. 73:28) എന്ന സങ്കീർത്തക വചനം തന്റെ ജീവിതത്തിൽ അന്വർത്ഥമാക്കിയ സി. ആൻസി തട്ടാംപറമ്പിൽ പാലാ രൂപതയിലെ അരുവിത്തുറ ഇടവകയിൽ ദേവസ്യ-റോസ ദമ്പതികളുടെ 9 മക്കളിൽ നാലാമത്തെ മകളായി 1941 ഫെബ്രുവരി 18 ന് ജനിച്ചു. തട്ടാംപറമ്പിൽ കുടുംബത്തിന്മേൽ ദൈവകൃപ സമൃദ്ധമായതിന്റെ അടയാളമായിരുന്നു 9 മക്കളിൽ 6 പേരും സമർപ്പണജീവിതത്തിലൂടെ ദൈവിക ശുശ്രൂഷകരായിത്തീർന്നത്. തിടനാട്, അരുവിത്തുറ എന്നിവിടങ്ങളിൽനിന്ന് പ്രാഥമിക പഠനം പൂർത്തിയാക്കിയ സി. ആൻസി തന്റെ ജീവിതദൗത്യം തിരിച്ചറിഞ്ഞ് ഡി. എസ്.റ്റിയുടെ പ്രഥമബാച്ചിൽ അർഥിനിയായി ചേർന്നു. 1971 ജൂലൈ 5 ന് ആദ്യവ്രതവാഗ്ദാനവും 1981 ജൂൺ 22 ന് നിത്യവ്രതവാഗ്ദാനവും നടത്തി.

ദൈവം നല്കിയ ജീവിതത്തെ ദൈവത്തിന്റെ പദ്ധതികളോടു ചേർത്ത് മാർത്തോമ്മാശ്ലീഹാ പകർന്നുതന്നെ സുവിശേഷത്തിന്റെ ചൈതന്യം സന്ന്യാസത്തിന്റെ വ്രതബദ്ധമായ ജീവിതത്തോടു ചേർത്തു വച്ച്, ജീവിതത്തെ അസാധാരണ ചൈതന്യമുള്ളതാക്കി മാറ്റിയ വ്യക്തി യായിരുന്നു സി. ആൻസി. ഡി.എസ്.റ്റിയുടെ ഭവനങ്ങളായ അരുവിത്തു റ, ഒലിപ്പാറ, പാലമ്പ്ര, മേഘാലയ, പാലാ, വളാഞ്ചേരി, ഭരണങ്ങാനം, കുറ വിലങ്ങാട് എന്നിവിടങ്ങളിലായിരുന്ന നാളുകളിൽ സ്നേഹശുശ്രൂഷ ചെയ്ത് ദൈവകൃപയോടു ചേർന്നുനിന്നു. സഭയുടെ ജനറൽ കൗൺസി ലർ, വിവിധ ഭവനങ്ങളിലെ സുപ്പീരിയർ, വൊക്കേഷൻ ബ്യൂറോ അംഗം, വിദ്യാഭ്യാസസ്ഥാപനങ്ങളിലെ ഓഫീസ് സ്റ്റാഫ്, പ്രസ് മാനേജർ എന്നീ നിലകളിലെല്ലാം ശുശ്രൂഷ ചെയ്തു ഡി.എസ്.റ്റിയുടെ വളർച്ചയെ ബല പ്പെടുത്തി. തന്റെ സേവനരംഗങ്ങളിലൂടെ ആത്മീയതയുടെ കരുത്തുപ കർന്ന് ഏറെ കർമ്മോത്സുകതയോടെ അധ്വാനിച്ച സി. ആൻസി താൻ ആയിരുന്ന ഇടങ്ങളിലെല്ലാം തന്റെ സ്നേഹസേവനങ്ങളാൽ ഏവർക്കും സംലഭ്യയായിരുന്നു. ആഴമായ വിശ്വാസവും പ്രാർത്ഥനാചൈതന്യവും തികഞ്ഞ സഭാസ്നേഹവും തന്റെ ജീവിതത്തിന്റെ മുഖമുദ്രയാക്കിയിരുന്ന സി. ആൻസി ദൈവം അനുവദിച്ചുനൽകിയ സഹനങ്ങളെ പരാതികളി ല്ലാതെ സ്വീകരിച്ചു. 51 വർഷം സമർപ്പിതജീവിതം അതിന്റെ ആഴത്തിലും അർത്ഥത്തിലും ജീവിച്ച സി. ആൻസി സ്വർഗീയനാഥന്റെ വിളിക്ക് പ്രത്യു ത്തരമരുളി. പരിപൂർണ ഒരുക്കത്തോടെ തന്റെ 81-ാമത്തെ വയസ്സിൽ 2022 ഒക്ടോബർ 21 ന് സ്വർഗീയസന്നിധിയിൽ ഇടം കണ്ടെത്തി. തന്റെ സുകൃ തജീവിതംകൊണ്ട് എന്നും ദൈവത്തെ പ്രസാദിപ്പിച്ചിരുന്ന സി. ആൻസി തട്ടാംപറമ്പിലിനെ ദൈവം നിത്യതയുടെ കിരീടമണിയിക്കട്ടെയെന്നു പ്രാർത്ഥിക്കാം.



## സി. ബസീല

സൈന്യങ്ങളുടെ കർത്താവേ, അങ്ങയുടെ വാസസ്ഥലം എത്ര മനോഹരം. എന്റെ ആത്മാവ് കർത്താവിന്റെ അങ്കണത്തിലെ ത്താൻ വാഞ്ഛിച്ചു തളരുന്നു. (സങ്കീ. 84:12)

മുട്ടുചിറ റൂഹാദക്കുദീശാ ഫൊറോനപള്ളി ഇട വക കാരിക്കാക്കുഴി മത്തായി-ത്രേസ്യാ എന്നീ മാതാ പിതാക്കളുടെ ആറുമക്കളിൽ ഇളയമകളായി 1933 ജനുവരി 16 ന് സി.ബസീല ജനിച്ചു. മാമ്മോദീസായിൽ ഏലി എന്നു പേര് സ്വീകരിച്ചു.

1954 ൽ സെന്റ് ആഗ്നസ് ഹൈസ്കൂളിൽനിന്ന് എസ്.എസ്.എൽ. സി. പാസ്സായശേഷം മുട്ടുചിറ കർമ്മലമഠത്തിൽ ചേർന്നു. 1955 ഏപ്രിൽ

11 ന് സഭാവസ്ത്രം സ്വീകരിച്ചു. 1956 ഏപ്രിൽ 12 ന് ആദ്യവ്രതവും 1960 മെയ് 23 ന് നിത്യവ്രതവും അനുഷ്ഠിച്ച് ഈശോയുടെ സ്വന്തമായി.

മുത്തോലി സെന്റ് ജോസഫ് ട്രെയിനിംഗ് സ്കൂളിൽനിന്ന് 1957 ൽ റ്റി.റ്റി.സി. പാസ്സായി. തുടർന്ന് കടപ്ലാമറ്റം, മല്ലികശ്ശേരി, മുത്തോലി, പ്ലാശനാൽ, ഇലഞ്ഞി, മുട്ടുചിറ, മുണ്ടാങ്കൽ, മണ്ണാറപ്പാറ സ്കൂളുകളിൽ അധ്യാപികയായി നിസ്തുലസേവനം അനുഷ്ഠിച്ചു. 1988 ൽ സ്കൂൾ ജോലിയിൽനിന്നു വിരമിച്ചു. പിന്നീടുള്ള വർഷങ്ങളിൽ 3 വർഷം മുണ്ടാങ്കൽ മഠത്തിൽ ജീവിച്ചതൊഴിച്ചാൽ ബാക്കി വർഷങ്ങൾ മുട്ടുചിറ മഠത്തിലായിരുന്നു. 2006 ൽ വ്രതവാഗ്ദാനത്തിന്റെ സുവർണജൂബിലി ആഘോഷിച്ചു. തിരുസ്സഭയോടും കോൺഗ്രിഗേഷനോടും നൂറുശതമാനം കൂറും വിശ്വസ്തതയും പുലർത്തി ജീവിച്ച അമ്മ ഏവർക്കും ഒരു മാതൃകയായിരുന്നു. വിശുദ്ധ കുർബാനയോടും പരിശുദ്ധ അമ്മയോടും ദൈവവചനത്തോടും ഏറെ സ്നേഹം ഉണ്ടായിരുന്ന അമ്മ അധികസമയവും ചാപ്പലിലും ജപമാലയിലും ദൈവവചനവായനയിലും എഴുത്തിലും ജീവിതം ചെലവഴിച്ചു.

ഒരു വീഴ്ചയെത്തുടർന്ന് മുട്ടുചിറ ഹോളി ഗോസ്റ്റ് ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കപ്പെട്ട അമ്മ ഹൃദയസംബന്ധമായ രോഗത്തെത്തുടർന്ന് ക്ഷീണിതയായി. ഹോസ്പിറ്റൽ ഡയറക്ടർ അലക്സ് പണ്ടാരക്കാപ്പിൽ അച്ചനിൽനിന്നു രോഗീലേപനം സ്വീകരിച്ചു. 2022 നവംബർ 11 ന് പുലർച്ചെ 4.30 ന് സമൂഹാംഗങ്ങളുടെയും കുടുംബാംഗങ്ങളുടെയും പ്രാർത്ഥനാമദ്ധ്യേ ഈശോ എന്ന തിരുനാമം ഉരുവിട്ടുകൊണ്ട് അമ്മയുടെ പാവനാത്മാവ് സ്വർഗത്തിലേക്കു യാത്രയായി. പിറ്റേദിവസം 12.30 ന് ബഹുമാനപ്പെട്ട വലിയവീട്ടിൽ തോമ്മാച്ചൻ അർപ്പിച്ച പരി. ബലിയോടെ മൃതസംസ്കാരശുശ്രൂഷകൾ മഠം ചാപ്പലിൽ ആരംഭിച്ചു. 2.30 ന് പാലാ രൂപതാ പ്രോട്ടോ സിഞ്ചല്ലൂസ് മോൺ. ജോസഫ് തടത്തിലച്ചന്റെ പ്രധാന കാർമികത്വത്തിൽ മൃതദേഹം മുട്ടുചിറ ഫൊറോനപള്ളി സിമിത്തേരിയിൽ സംസ്കരിച്ചു.




## NOVEMBER 2022

| | | |
|---|---|---|
| 01 | 9.30 am | മാനന്തവാടി രൂപതയിൽ നവാഭിഷിക്തനായ അഭിവന്ദ്യ മാർ അലക്സ് താരാമംഗലം പിതാവിന്റെ മെത്രാഭിഷേകകർമ്മങ്ങളിൽ പങ്കെടുത്തു. |
| 02. | 4.30 pm | കയ്യൂർ ഇടവകയിൽ ഹോം പാലാ പ്രോജക്റ്റിന്റെ ഭാഗമായി പണികഴിപ്പിച്ച ഭവനത്തിന്റെ വെഞ്ചിരിപ്പു കർമ്മം നിർവഹിച്ചു. |
| 03 | 4.30 pm | നവീകരിച്ച ബിഷപ് വയലിൽ ലൈബ്രറിയുടെ വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു |
| | 5.30 pm | AKCC യുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന അടുക്കളത്തോട്ടമത്സരത്തിനുള്ള വിത്തുകളുടെ വിതരണോദ്ഘാടനം നിർവഹിച്ചു |
| 04 | 9.30 am | ഭരണങ്ങാനം സെന്റ് അൽഫോൻസാ സ്പിരിച്വാലിറ്റി സെന്ററിൽ വച്ചു നടന്ന നാഷണൽ സെമിനാർ ഉദ്ഘാടനം ചെയ്തു. |
| | 3.00 pm | മാർ സ്ലീവാ മെഡിസിറ്റിയിൽ വച്ചു നടന്ന PDMETൽ സംബന്ധിച്ചു |
| | 6.30 pm | പാലാ അൽഫോൻസാ കോളേജ് അങ്കണത്തിൽ വച്ചു നടന്ന പാലാ കമ്മ്യൂണിക്കേഷന്റെ പുതിയ സാമൂഹികനാടകം 'അകം പുറം' ഉദ്ഘാടനം ചെയ്തു. |
| 05 | 10.00 am | പൈങ്കുളം ഇടവകയിൽ ഒഴുകയിൽ ശ്രീ ഒ.റ്റി. സെബാസ്റ്റ്യന്റെ മൃതസംസ്കാരശുശ്രൂഷകൾക്കു മുഖ്യകർമികത്വം വഹിച്ചു. |
| | 12.15 pm | പാലാ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ ഹോം ഡേ ആഘോഷത്തിൽ പങ്കെടുത്തു. |

| | | |
|---|---|---|
| | 4.30 pm | കുറവിലങ്ങാട് ഇടവകയിൽ സേവ്യർ ഖാൻ വട്ടായിൽ അച്ചന്റെ നേതൃത്വത്തിൽ ആരംഭിച്ച വചനഹാളിന്റെ വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു. |
| 06 | 7.45 am | എടാട് ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി. |
| 7 -11 | | ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളേജ് അങ്കണത്തിൽ വച്ച് നടന്ന സി.ബി.സി.ഐ. മീറ്റിംഗിൽ പങ്കെടുത്തു. |
| 12 | 4.30 pm | നെല്ലിയാനി ഇടവകയിൽ ഇടയനടുത്ത സന്ദർശനം ആരംഭിച്ചു. ഭവനസന്ദർശനം നടത്തി, പ്രതിനിധി യോഗത്തിൽ പങ്കെടുത്തു. |
| | 8.30 pm | രാമപുരം ഫൊറോനയിൽ മുണ്ടയ്ക്കൽ തെക്കനാട്ട് ശ്രീമതി ഏലമ്മ സക്കറിയാസിന്റെ ഭൗതികദേഹത്തി നരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 9.30 pm | ഉരുളികുന്നം ഇടവകയിൽ അഭിവന്ദ്യ മാർ ജോസഫ് സ്രാമ്പിക്കൽ പിതാവിന്റെ മാതാവ് ശ്രീമതി ഏലിക്കുട്ടി മാത്യുവിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 13 | 7.45 am | നെല്ലിയാനി ഇടവകയിൽ ഇടവകസന്ദർശനം നടത്തി, വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി, പൊതുയോഗത്തിൽ സംബന്ധിച്ചു |
| | 2.30 pm | ഉരുളികുന്നം ഇടവകയിൽ അഭിവന്ദ്യ മാർ ജോസഫ് സ്രാമ്പിക്കൽ പിതാവിന്റെ മാതാവ് ശ്രീമതി ഏലിക്കുട്ടി മാത്യുവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവന ത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 14 | 2.00 pm | മാർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികത്തോടനുബന്ധിച്ച് നടത്തിയ വൈദികർക്കായുള്ള മൈലാപ്പൂർ തീർത്ഥാടനത്തിന്റെ രണ്ടാം ബാച്ചിൽ പങ്കെടുത്തു. |
| 16 | 4.00 pm | ബിഷപ്സ് ഹൗസിൽ സ്റ്റീൽ ഇന്ത്യയുടെ മാനേജിങ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു. |
| 17 | 11.30 am | പ്രവിത്താനം ഫൊറോനയിൽ വിവാഹം ആശീർവ ദിച്ചു. |

| | | |
|---|---|---|
| | 9.00 pm | സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് ട്രസ്റ്റ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു |
| 18 | 9.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു |
| | 3.00 pm | ബിഷപ്സ് ഹൗസിൽ എ.ഡി.സി.പി. എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ പങ്കെടുത്തു. |
| 19 | 10.30 am | പാലക്കാട്ടുമല ഇടവകയിൽ സ്നേഹഗിരി പ്രൊവിൻഷ്യൽ ഹൗസിൽ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. |
| | 6.30 pm | പാലാ സെന്റ് തോമസ് കോളേജ് ക്രിസ്തുരാജ ഹോസ്റ്റൽ ഹോം ഡേ ആഘോഷങ്ങൾ ഉദ്ഘാടനം നിർവഹിച്ചു. |
| 20 | 6.45 am | അരുവിത്തുറ ഫൊറോനയിൽ വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. സഹദ പ്രൊജക്റ്റ് ഉദ്ഘാടനം ചെയ്തു. |
| | 2.15 pm | അരുവിത്തുറ ഫൊറോനയിൽ എസ്.എം.വൈ.എം. രൂപതാ യുവജനദിനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. |
| | 4.30 pm | കുരുവിനാൽ ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| 21 | 6.45 am | പാലാ കത്തീഡ്രലിൽ പാലാ രൂപതയുടെ പ്രഥമ മെത്രാൻ അഭിവന്ദ്യ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ 36-ാം ചരമവാർഷികത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചുസന്ദേശം നൽകി. |
| | 10.00 am | ചേർപ്പുങ്കൽ ഫൊറോനയിൽ ഡി.എസ്.റ്റി. സന്ന്യാസിനീസമൂഹത്തിന്റെ പുതിയ സന്ന്യാസഭവനത്തിന്റെ ശിലാസ്ഥാപനം നടത്തി. |
| | 3.00 pm | ബിഷപ്സ് ഹൗസിൽ അധ്യാപകരുടെ മീറ്റിങ്ങിൽ പങ്കെടുത്തു. |
| | 7.00 pm | ബിഷപ്സ് ഹൗസിൽ ഈ വർഷം പൗരോഹിത്യത്തിന്റെ സുവർണജൂബിലിയും രജതജൂബിലിയും ആഘോഷിക്കുന്നവരുടെ കൂടിച്ചേരലിൽ ആശംസകൾ അർപ്പിച്ചു. |
| 22 | 6.00 am | ബിഷപ്സ് ഹൗസിൽ ഈ വർഷം പൗരോഹിത്യത്തിന്റെ സുവർണജൂബിലിയും രജതജൂബിലിയും ആഘോഷിക്കുന്നവരുടെ കൂടിച്ചേരലിൽ വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. |

| | | |
|---|---|---|
| | 9.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 4.00 pm | പാലാ ലുമെൻ സ്റ്റഡി സെന്ററിൽ മീറ്റിംഗിൽ പങ്കെടുത്തു. |
| | 5.00 pm | പാലാ സെന്റ് തോമസ് കോളേജ് ഗ്രൗണ്ടിൽ നാല്പതാമത് രൂപതാ ബൈബിൾ കൺവെൻഷനൊരുക്കമായി കാൽനാട്ടുകർമ്മപ്രാർത്ഥനയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 6.00 pm | സീറോ മലബാർ രൂപതകളുടെ ചാൻസിലർമാരുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. |
| 23 | 9.00 am | പാലാ ബി.എഡ്. കോളേജിൽ പുതിയ റിസർച്ച് സെന്റർ ഉദ്ഘാടനം ചെയ്തു. |
| | 3.00 pm | ബിഷപ്സ് ഹൗസിൽ വച്ചു നടന്ന മീഡിയ സെല്ലിന്റെ മീറ്റിംഗിൽ പങ്കെടുത്തു. |
| | 6.00 pm | മൂലമറ്റം ഫൊറോനയിൽ തക്കല രൂപതയുടെ ആഭിമുഖ്യത്തിൽ നിർമിച്ച സ്നേഹവില്ലയുടെ വെഞ്ചിരിപ്പു കർമ്മം നിർവഹിച്ചു. |
| 24 | 9.00 am | വടവാതൂർ സെമിനാരിയിൽ കമ്മീഷൻ വിസിറ്റ് നടത്തി |
| 25 | 9.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു |
| | 2.30 pm | പാലാ ളാലം പഴയ പള്ളി ഇടവയിൽ പാലാ രൂപത കുടുംബക്കൂട്ടായ്മ രജത ജൂബിലിയാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. |
| | 5.00 pm | നമ്പ്യാകുളം ഇടവകയിൽ ഇടവകദിനത്തോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| 26 | 10.00 am | മേലുകാവുമറ്റം ഇടവകയിൽ ഹോം പ്രൊജക്റ്റ് പാലായുടെ ഭാഗമായി പണികഴിപ്പിച്ച രണ്ടു ഭവനങ്ങളുടെ വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു. ഇടവകയുടെ പാരിഷ് ഹാൾ വെഞ്ചിരിച്ചു സന്ദേശം നൽകി. |
| | 12.00 noon | ഭരണങ്ങാനം ഫൊറോനയിൽ വിവാഹം ആശീർവദിച്ചു. |
| | 3.30 pm | ചെമ്പിളാവ് ഇടവകയിൽ പെരുമാനൂർ ബഹു. ആന്റണി MST അച്ചന്റെ പിതാവ് ശ്രീ പി. ജെ. ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷകൾക്കു ഭവനത്തിലെ കർമ്മത്തിൽ പങ്കെടുത്തു. |

| | | |
|---|---|---|
| 27 | 8.30 am | മറ്റക്കര ഇടവകയിൽ പുതുതായി നിർമ്മിച്ച വൈദിക മന്ദിരത്തിന്റെ വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു. |
| | 12.45 pm | മുളക്കുളം ഇടവകയിൽ പെരിയപ്പുറത്ത് അടക്കാമുക്കിൽ ശ്രീ അബ്രഹാം വർക്കിയുടെ ഭൗതിക ദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 2.15 pm | ചേറ്റുതോട് ഇടവകയിൽ കലയത്തിനാക്കുഴിയിൽ ശ്രീമതി ത്രേസ്യാമ്മ എബ്രഹത്തിന്റെ ഭൗതിക ദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 5.30 pm | മുത്തോലി ഇടവകയിൽ പുതുതായി നിർമ്മിച്ച പാരീഷ് ഹാൾ വെഞ്ചിരിച്ചു. |
| 28 | 10.00 am | ഏഴാച്ചേരി ഇടവകയിൽ ഹോം പ്രോജക്ട് പാലായുടെ ആഭിമുഖ്യത്തിൽ പണിതീർത്ത ഭവനത്തിന്റെ വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു. |
| 29 | 6.00 am | ബിഷപ്സ് ഹൗസിൽ, 2021-2022 വർഷം പൗരോഹിത്യം സ്വീകരിച്ച വൈദികരോടൊത്ത് വിശുദ്ധ കുർബാനയർപ്പിച്ചു. |
| | 10.00 am | പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടന്ന പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 4.30 pm | വയല ഇടവകയിൽ ഹോം പ്രൊജക്റ്റ് പാലായുടെ ഭാഗമായി പണികഴിപ്പിച്ച രണ്ടു ഭവനങ്ങളുടെ വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു. ഇടവകയിൽ പുതുതായി ആരംഭിക്കുന്ന ഡ്രയർ യൂണിറ്റിന്റെ ഉദ്ഘാടനം നിർവഹിച്ചു. |
| | 7.15 pm | ചങ്ങനാശ്ശേരി അതിരൂപത കടുവാക്കുളം ഇടവകയിൽ അഭിവന്ദ്യ ജെയിംസ് അത്തിക്കുളം പിതാവിന്റെ മാതാവ് അന്നമ്മ പൗലോസിന്റെ ഭൗതികദേഹത്തിനരുകിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 30 | 10.00 am | ളാലം പഴയപള്ളി ഇടവകയിൽ വടക്കുന്നേൽ ശ്രീമതി ചിന്നമ്മ കുര്യന്റെ മൃതസംസ്കാരശുശ്രൂഷകൾക്കു ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 11.30 am | ജയഗിരി ഇടവകയിൽ വഴുതനപ്പള്ളിയിൽ ശ്രീ വി. കെ. തോമസിന്റെ ഭൗതികദേഹത്തിനരുകിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 4.30 pm | മണ്ണാറപ്പാറ ഇടവകയിൽ ജൂബിലിയാഘോഷങ്ങളുടെ ഭാഗമായി വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. |



# ഇടയനടുത്ത സന്ദർശനത്തിൽനിന്ന്...





പൗരോഹിത്യത്തിന്റെ സുവർണജൂബിലിയും രജതജൂബിലിയും ആഘോഷിക്കുന്ന
ബഹുമാനപ്പെട്ട വൈദികർ അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം.



2021– 22 ൽ പൗരോഹിത്യം സ്വീകരിച്ച വൈദികർ
അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം.





മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950–ാം വാർഷികത്തിന്റെ
ഭാഗമായി അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ നേതൃത്വത്തിൽ
വൈദികർ മൈലാപ്പൂർ തീർത്ഥാടനം നടത്തി.





2022
DECEMBER

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN




*Printed at St. Thomas Press, Palai and Published by Fr. Thomas Pezhumkattil*